● വാർഷിക വരിസംഖ്യ: ₹ 80

# മലബാർ വിഷൻ

താമരശ്ശേരി രൂപതാ മുഖപത്രം

● 2022 ● നവംബർ-ഡിസംബർ ● പുസ്തകം: 05 ● ലക്കം: 06 ● RNI Regn No: KERMAL/2017/73545



# അപകട വലയിൽ

**രാസലഹരിയുടെ ഉപയോഗം മൂലം നേരിടുന്ന ശാരീരിക, മാനസിക പ്രശ്നങ്ങൾക്കു പുറമേ കുടുംബസമാധാന തകർച്ചയും കൂടി കണക്കാക്കുമ്പോൾ കേരളം നേരിടുന്നത് ഗുരുതര പ്രതിസന്ധിയാണ്. അന്ത്യന്തം ആശങ്കാജനകമായ ഈ അവസ്ഥയുടെ നേർകാഴ്ചകളിലേക്ക്, അവയിൽ നിന്ന് വിമോചനം നേടാനുള്ള മാർഗങ്ങളിലേക്ക് വിദഗ്ധ സഹായത്തോടെ മലബാർ വിഷൻ തയ്യാറാക്കുന്ന പ്രത്യേക പതിപ്പ്**

സംസ്ഥാനത്തെ രാസലഹരി ഉപയോഗത്തിൽ വൻവർധന. മാരക രാസലഹരിമരുന്നുകളായ എംഡിഎംഎ, മെതാഫിറ്റമിൻ, ഹെറോയിൻ, ബ്രൗൺ ഷുഗർ, ഒപ്പിയം തുടങ്ങിയവയുടെയെല്ലാം ഉപയോഗം വർധിച്ചതായി മലബാർ വിഷന് എക്സൈസ് ക്രൈം റെക്കോർഡ്സ് ബ്യൂറോ വിവരാവകാശ നിയമപ്രകാരം നൽകിയ കണക്കുകൾ വ്യക്തമാക്കുന്നു.

2021ൽ സംസ്ഥാനത്ത് ആകെ പിടികൂടിയ എംഡിഎംഎ 6.13 കിലോ, 2022ൽ ജനുവരി മുതൽ സെപ്റ്റംബർ വരെ മാത്രം പിടികൂടിയത് 6.49 കിലോ. 2021ൽ 88.81 ഗ്രാം മെതാഫിറ്റമിൻ പിടികൂടിയപ്പോൾ, 2022ൽ സെപ്റ്റംബർ വരെ പിടികൂടിയത് 2.178 കിലോ. ഇക്കാലയളവിൽ പിടികൂടിയ ഹാഷിഷ് ഓയിലിന്റെയും ഹാഷിഷിന്റെയും അളവ് 16 കിലോയിൽ നിന്ന് 33.251 കിലോയായി; വർധന ഇരട്ടിയിലേറെ. ഇക്കാലത്തു പിടികൂടിയ എൽഎസ്ഡിയുടെ അളവ് 3.657 ഗ്രാമിൽ നിന്ന് 33.604 ഗ്രാം ആയി ഉയർന്നു. ഒപ്പിയത്തിന്റെ അളവ് 0.87 ഗ്രാമിൽ നിന്ന് 76 ഗ്രാം ആയി. 2021ൽ നൈട്രോസെപ്പാമിന്റെ 1,684 ടാബ്ലെറ്റ് പിടികൂടിയപ്പോൾ, 2022ൽ സെപ്റ്റംബർ വരെ പിടികൂടിയത് അരക്കിലോയോളം നൈട്രോസെപ്പാം, ഒപ്പം 100 ടാബ്‌ലെറ്റുകളും. 2021ൽ ആകെ 18.19 ഗ്രാം ഹെറോയിൻ പിടികൂടിയപ്പോൾ, 2022 സെപ്റ്റംബർ വരെ പിടികൂടിയത് 129.71 ഗ്രം. ഇതിനു പുറമേ മാജിക് മഷ്റൂം, സ്പാമോ പ്രോക്സിവോൺ പ്ലസ്, ആംഫിറ്റാമിൻ തുടങ്ങിയവയും പിടികൂടിയിട്ടുണ്ട്.

2021ൽ കേരളത്തിലെ വിവിധ ഡിവിഷനുകളിലായി 3,922 നർകോട്ടിക് കേസുകൾ രജിസ്റ്റർ ചെയ്തപ്പോൾ, 2022ൽ സെപ്റ്റംബർ വരെ കേസുകളുടെ എണ്ണം 4,121 ആയി വർധിച്ചു. നർകോട്ടിക് ഡ്രഗ്സ് ആൻഡ് സൈക്കോട്രോപിക് സബ്സ്റ്റൻസസ് ആക്ട് (എൻഡിപിഎസ്) പ്രകാരം 2017 മുതൽ 2022 സെപ്റ്റംബർ വരെ സംസ്ഥാന തലത്തിൽ 33,183 പേർ അറസ്റ്റിലായിട്ടുണ്ട്. 2022 ഓഗസ്റ്റ് മുതൽ സെപ്റ്റംബർ വരെ 1361 പുരുഷന്മാരും 19 സ്ത്രീകളും എൻഡിപിഎസ് കേസുകളിൽ പ്രതികളായി. ഇക്കാലയളവിൽ 18 വയസ്സിൽ താഴെയുള്ള 9 ആൺകുട്ടികളും ഉൾപ്പെട്ടിട്ടുണ്ട്.

2021ലെയും 2022ലെയും കണക്കുകൾ താരതമ്യം ചെയ്യുമ്പോൾ പിടികൂടുന്ന കഞ്ചാവിന്റെയും ചരസിന്റെയും എണ്ണത്തിൽ താരതമ്യേന വലിയ വർധനവില്ലെന്നാണ് വ്യക്തമാകുന്നത്. 2021ൽ 5632.6 കിലോ കഞ്ചാവ് പിടികൂടിയപ്പോൾ 2022ൽ സെപ്റ്റംബർ വരെ 3207.386 കിലോ പിടിച്ചെടുത്തു. 2021ൽ 172.55 ഗ്രാം ചരസ് പിടികൂടിയപ്പോൾ 2022ൽ സെപ്റ്റംബർ വരെ 77.519 ഗ്രാം പിടികൂടി. എന്നാൽ റിപ്പോർട്ടു ചെയ്യപ്പെടുന്ന കേസുകളിൽ രാസലഹരിയുടെ ഉപയോഗം വൻതോതിൽ വർധിക്കുന്നു എന്നത് കേരളത്തെ ആശങ്കപ്പെടുത്തുന്നതാണ്.

രജിസ്റ്റർ ചെയ്യപ്പെടാതെ പോകുന്ന കേസുകൾ ഇതിലും എത്രയോ അധികമാണെന്നു കണക്കാക്കിയാൽ കേരളത്തെ വരിഞ്ഞു മുറുക്കിയിരിക്കുന്ന ലഹരിമാഫിയയുടെ കെണികൾ വ്യക്തമാകും. രാസലഹരിയുടെ ഒരു ഗ്രാം പോലും ദൂരവ്യാപക പ്രത്യാഘാതം ഉണ്ടാക്കുമ്പോൾ, കേരളത്തിലെ കുട്ടികളും യുവതലമുറയും നേരിടുന്ന പ്രതിസന്ധി വ്യക്തമാകും. രാസലഹരികൾക്ക് ഒരു ഗ്രാമിനു ആയിരത്തിലേറെ രൂപ ഈടാക്കുന്ന ലഹരിമാഫിയ മാസംതോറും കേരളത്തിൽ നിന്നു കടത്തുന്നതു കോടികൾ. രാസലഹരിയുടെ ഉപയോഗം മൂലം നേരിടുന്ന ശാരീരിക, മാനസിക പ്രശ്നങ്ങൾക്കു ചിലവാകുന്ന തുകയും കുടുംബസമാധാന തകർച്ചയും കൂടി കണക്കാക്കുമ്പോൾ കേരളം നേരിടുന്ന ഗുരുതര പ്രതിസന്ധിയാണു തെളിയുന്നത്. അന്ത്യന്തം ആശങ്കാജനകമായ ഈ അവസ്ഥയുടെ നേർകാഴ്ചകളിലേക്ക്, അവയിൽ നിന്ന് വിമോചനം നേടാനുള്ള മാർഗങ്ങളിലേക്ക് വിദഗ്ധരുടെ സഹായത്തോടെ മലബാർ വിഷൻ തയ്യാറാക്കുന്ന പ്രത്യേക പതിപ്പ്.

പേജ് 3:
ആവശ്യം കരുതലും കാവലും
പേജ് 4:
ലഹരിയുടെ കളി തലച്ചോറിൽ
പേജ് 5:
കെണിയുടെ കുരുക്കുകൾ
പേജ് 14:
ഒപ്പം നടക്കണം, തിരുത്തണം

## എഡിറ്റോറിയൽ

● പുസ്തകം: 5 ● ലക്കം: 6

# 'നർക്കോട്ടിക്സ് ഈസ് എ ഡേർട്ടി ബിസിനസ് '

സംസ്ക്കാര സമ്പന്നതയിലും വിദ്യാഭ്യാസ നിലവാരത്തിലും എന്നും ഒരുപടി മുന്നിൽ നിൽക്കുന്ന കേരളം ഇന്ന് ലഹരി മരുന്നുകളുടെ ഉപയോഗത്തിലും മറ്റു സംസ്ഥാനങ്ങളുമായി മത്സരിക്കുകയാണ്. വിവിധ മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്യുന്ന കണക്കുകൾ പ്രകാരം ദിവസവും കോടിക്കണക്കിന് രൂപയുടെ ലഹരി മരുന്ന് കേരളത്തിൽ വിതരണം ചെയ്യപ്പെടുന്നുണ്ട്. ഒരു ദിവസം ശരാശരി 77 കേസുകൾ സംസ്ഥാനത്തുടനീളം രജിസ്റ്റർ ചെയ്യുന്നുണ്ടെന്നാണ് ലഭ്യമാകുന്ന വിവരം. എംഡിഎംഎ, ഹാഷിഷ് ഓയിൽ പോലുള്ള അതീവ ഗുരുതരമായ മയക്കുമരുന്നുകളാണ് വിപണനം നടത്തുന്നതിൽ ഏറെയും. ഈ വർഷം ഒക്ടോബർ വരെ രജിസ്റ്റർ ചെയ്തിട്ടുള്ളത് മുൻ വർഷങ്ങളുടേതിനേക്കാൾ ഇരട്ടി കേസുകളാണ് എന്നത് നിസാരമായി കാണാവുന്ന സംഗതിയല്ല.

സ്കൂൾ കുട്ടികൾ ഉൾപ്പെടെയാണ് ലഹരി മാഫിയിൽ ഉൾപ്പെട്ടിരിക്കുന്നത്. ഈ വർഷം ഇത് വരെയും സ്കൂൾ പരിസരത്തു വില്പന നടത്തിയതിനു പിടിയിലായത് 1200 ൽ അധികം ആളുകളാണ് എന്നത് സാഹചര്യത്തിന്റെ ഗൗരവം വർധിപ്പിക്കുകയാണ്. വിദ്യാലയങ്ങളിൽ പിടിക്കപ്പെടുന്ന മയക്കുമരുന്നു കേസുകളിൽ പലതും കുട്ടികളുടെ ഭാവിയെ കരുതിയും രക്ഷിതാക്കളുടെ മാനഹാനി ഭയന്നും വിദ്യാലയങ്ങളുടെ സൽപേരിനെ ബാധിക്കുമെന്ന ഭീതിയിലുമൊക്കെ മറച്ചുവയ്ക്കപ്പെടുകയാണ്. പുറത്തുവരുന്ന കേസുകൾ വളരെ കുറവാണെന്നാണ് ഈ മേഖലയിൽ ജോലി ചെയ്യുന്ന ഉദ്യോഗസ്ഥർ നൽകുന്ന രഹസ്യ വിവരം. കൂടാതെ കൗമാരക്കാരായ പെൺകുട്ടികൾക്കിടയിൽ ലഹരിയുടെ ഉപയോഗം വർധിച്ചു വരുന്നു എന്നതും ഭീതിജനകമാണ്.

ലഹരി ഉപയോഗത്തെ സ്വാഭാവികവത്കരിക്കുന്ന സിനിമകളും താരങ്ങളും ഒരു പരിധിവരെ സമൂഹത്തിന് വലിയ അപകടമാണ്. അത്തരം സിനിമകളെയും വ്യക്തികളെയും പ്രോത്സാഹിപ്പിക്കുന്ന പ്രവണത നാം പാടേ ഉപേക്ഷിക്കേണ്ടതാണ്. ആരോഗ്യപരമായ ഒരു തലമുറയുടെ നിലനിൽപ്പിനെ തന്നെ ബാധിച്ചേക്കാവുന്ന ഈ ദുരവസ്ഥയിൽ നിന്ന് നമ്മുടെ യുവാക്കളെയും വിദ്യാർത്ഥികളെയും കരകയറ്റിയേ മതിയാകൂ. വീരപരിവേഷത്തിനും ധനാഗമമാർഗ്ഗത്തിനുമായി ലഹരിയെ ഹരമാക്കുന്ന കൗമാരത്തോട് ഒരു വാക്ക്: നർക്കോട്ടിക്സ് ഈസ് എ ഡേർട്ടി ബിസിനസ്.

# ദൈവം ഭൂമിയെ ചുംബിച്ചപ്പോൾ



## ഇടയശബ്ദം

മാർ റെമീജിയോസ് ഇഞ്ചനാനിയിൽ

തിരുപ്പിറവിയുടെ ഓർമ്മ ഒരിക്കൽ കൂടി നമ്മുടെ പടിവാതിൽക്കൽ എത്തിയിരിക്കുകയാണ്. ജീവിതത്തിന്റെ നൊമ്പരങ്ങളുടേയും തകർച്ചകളുടേയും വിഷമതകളിൽ നിന്നും തിരക്കുകളുടേയും വിരസതകളുടേയും അസ്വസ്ഥതകളിൽ നിന്നും ആത്മാവിന്റെ തേരിലേറി ബേത്‌ലഹേമിലെ കാലിത്തൊഴുത്തുവരെ യാത്ര ചെയ്യേണ്ട അവസരമാണിത്. അപ്പോൾ അനുഗ്രഹങ്ങളുടെ നിറവായിരിക്കും നമ്മുടെ ജീവിതങ്ങളിലേക്ക് പെയ്തിറങ്ങുന്നത്.

സകല ജനത്തിനും വേണ്ടിയുള്ള വലിയ സന്തോഷത്തിന്റെ സദ്വാർത്തയാണ് ബെത്‌ലേഹേമിൽ പിറന്നത്; വിണ്ണിലെ ദൈവം മണ്ണിനെ ചുംബിച്ച നിമിഷം. 'നമുക്ക് ബേത്‌ലഹേംവരെ പോകാം;' മാലാഖമാരുടെ ദിവ്യദൂതിന് ചെവി കൊടുത്ത ഇടയന്മാരുടെ ദൃഢമായ തീരുമാനം അവർക്ക് അനുഗ്രഹമായി മാറുകയായിരുന്നു. മലഞ്ചെരുവിൽ രാത്രിയുടെ തണുപ്പും ഉറക്കത്തിന്റെ സുഖവും മാറ്റിവെച്ച് അവർ യാത്രയാകുന്നു. അതൊരന്വേഷണമാണ്; കാലിത്തൊഴുത്തിന്റെ പുണ്യം തേടിയുള്ള യാത്ര. പുൽതൊട്ടിലിൽ കിടക്കുന്ന ഉണ്ണീശോയുടെ ദീപ്തമായ മുഖശോഭയുടെ മുന്നിൽ ശിരസ്സ് നമിച്ചപ്പോൾ അവർക്ക് കൈ വന്നത്, ഭൂമിയിൽ സുമനസ്സുകൾക്ക് ദൈവം സമ്മാനിക്കുന്ന സമാധാനമാണ്. 'അത്യുന്നതങ്ങളിൽ ദൈവത്തിന് മഹത്വം, ഭൂമിയിൽ ദൈവകൃപ ലഭിച്ചവർക്ക് സമാധാനം!' മാലാഖമാർ ക്രിസ്തുവിന്റെ ജനനത്തിൽ ആലപിച്ച ഗീതമിതാണ്. ലോകം കേട്ടിട്ടുള്ളതിൽ വച്ച് ഏറ്റവും മനോഹരമായ ആശംസയും ഇതാണ്. ഇത് തന്നെയാണ് ക്രിസ്തുവിന്റെ ജനനം നമുക്ക് സമ്മാനിക്കുന്ന ആശംസ. സകല ജനത്തിനും വേണ്ടിയുള്ള സന്തോഷത്തിന്റെ സദ്വാർത്തയുമായായാണ് ക്രിസ്തു ഭൂമിയിൽ ജനിച്ചത്. അവന്റെ ജനനത്തിൽ സ്വർഗ്ഗവും ഭൂമിയും കരം കോർത്തു.

ചരിത്രത്തിലെ ഏറ്റവും സുന്ദരദിനമായ ക്രിസ്തുമസിനു വേണ്ടി ഒരുങ്ങുമ്പോൾ കാലങ്ങളായി പങ്കുവയ്ക്കുന്ന ഒരു ക്രിസ്തുമസ് ആശംസയുണ്ട്. 'ഇരുപത്തിയഞ്ച് ദിവസം വ്രതം നോറ്റ് ക്രിസ്തുവിന്റെ ജനനത്തിന് വേണ്ടി ഒരുങ്ങിയിട്ട് , ഇരുപത്തിയഞ്ചാമത്തെ ദിവസം ക്രിസ്തുവിനെ നഷ്ടമാക്കരുത്. ക്രിസ്തുവിനെ 'മിസ്' ചെയ്യുന്നതാകരുത് ക്രിസ്തുമസ്. ആഘോഷങ്ങളിലും ആർഭാടങ്ങളിലും സംഭവിക്കുന്ന മഹാവിപത്ത് ഇത് തന്നെയാണ്. ഡിസംബർ 25 ന് വിരുന്ന് വരുന്ന ആഘോഷം മാത്രമായിരിക്കരുത് ക്രിസ്തുമസ്. മറിച്ച്, എല്ലാ ദിവസവും പല തവണ വിരുന്ന് വരുന്ന ദൈവാനുഭവമാക്കി ക്രിസ്തുമസിനെ മാറ്റാൻ സാധിക്കണം.

ഇടയമനസ്സുകളുടെ നിഷ്കളങ്കതയും ആർജവത്വവും കൈമുതലായുള്ളവർക്ക് ലഭിച്ച അനുഗ്രഹമാണ് ക്രിസ്മസ്. കാലിത്തൊഴുത്തിൽ പിറന്ന രാജാധിരാജനെ കണ്ടെത്തുവാൻ ഇടയൻമാർക്ക് കഴിഞ്ഞു. ആ ദിവ്യാനുഭവം അവരുടെ ജീവിതങ്ങളെ കൃപാപൂരിതമാക്കി. ഇരുപത്തിയഞ്ച് നോമ്പിന്റെ ദിവസങ്ങൾ ഈ പുണ്യത്തിലേക്കുള്ള ചുവട് വയ്പാണ്. 25 ദിനങ്ങൾ പ്രാർത്ഥനയിലൂടെയും പരിത്യാഗത്തിലൂടെയും പുണ്യകർമ്മങ്ങളിലൂടെയും നാം കടന്നുപോകുമ്പോൾ ഇരുപത്തിയഞ്ചാം ദിവസം പ്രതീക്ഷയുടെ നക്ഷത്രവിളക്കായി ഉണ്ണീശോ നമ്മുടെ മുന്നിലുണ്ട്. ക്രിസ്മസ് ഒരുക്ക ദിനങ്ങൾ ആഗതമാകുമ്പോൾ മാലാഖമാർ നമ്മോട് പറയുന്നു, ഉണരുക കാലിത്തൊഴുത്തിലെ അത്ഭുതം ദർശിക്കാൻ വരിക. ജീവിതത്തിന്റെ അന്ധകാരതലങ്ങളിൽ നിന്നും പ്രകാശത്തിലേക്കുള്ള യാത്രയാരംഭിക്കുക. അതിനുള്ള ഒരുക്കവും ആത്മാർത്ഥതമായ പുണ്യജീവിതവും നമുക്കെല്ലാവർക്കും അനുഗ്രഹമായി മാറും. ബെത്‌ലേഹിമിലെ പുൽക്കൂട്ടിൽ ഭൂജാതാനായ ഉണ്ണിയീശോയേകുന്ന അനുഗ്രഹങ്ങൾ ഏവർക്കും ആശംസിക്കുന്നു.

# അരാജകത്വത്തിന്റെ ഉന്മാദ വഴികൾ



## അകം പുറം

കെ. എഫ്. ജോർജ്



ഇന്നത്തെ മൊബൈലിന്റെ സ്ഥാനത്ത് പണ്ട് പുരുഷന്മാരുടെ കൈകളിൽ സിഗരറ്റോ, ബീഡിയോ ആയിരുന്നു. ബ്ലാക്ക് ആന്റ് വൈറ്റ് സിനിമകളിൽ കൈയ്യിൽ എരിയുന്ന സിഗരറ്റോ, ബീഡിയോ ഇല്ലാതെ നായകനെ കാണുക വിരളം. വില്ലനാണെങ്കിൽ പകരം പുകയുന്ന ചുരുട്ടോ, പൈപ്പോ ആയിരിക്കും.

പുകയ്ക്കാത്തവർ നല്ല മുറുക്കുകാരായിരുന്നു. കാരണവന്മാരും കാർന്നോത്തിമാരും മുറുക്കിൽ ഒപ്പത്തിനൊപ്പം നിന്നു. അതിന്റെ സാക്ഷ്യപത്രമാണ് വീടുകളിൽ ഉണ്ടായിരുന്ന മുറുക്കാൻ ചെല്ലം.

അന്ന് സിഗരറ്റ് പുകച്ചുകൊണ്ട് ക്ലാസ് എടുക്കുന്ന കോളജ് അധ്യാപകരും ഉണ്ടായിരുന്നു. അതൊന്നും ദുർമാതൃകയോ അച്ചടക്ക ലംഘനമോ ആയി കരുതാതിരുന്നത് ഇന്ന് ഓർക്കുമ്പോൾ അത്ഭുതകരമായി തോന്നുന്നു.

സ്പോഞ്ച് പോലുള്ള ശ്വാസകോശം പിഴിഞ്ഞ് സിഗരറ്റ് കറ ഗ്ലാസിൽ ശേഖരിക്കുന്ന സിനിമാ തിയറ്ററിലെ പരസ്യവും പുകയില കൂട്ടി മുറുക്കി കവിളിൽ കാൻസർ പുണ്ണ് ബാധിച്ച ചിത്രവുമെല്ലാം പ്രചരിപ്പിച്ചപ്പോൾ പുകവലി കുറഞ്ഞു. പുരുഷ ലക്ഷണമായി കരുതിയിരുന്ന പുകവലി അതോടെ അവലക്ഷണമായി തരംതാണു.

ആരോഗ്യത്തിന് ഹാനികരമെന്ന് ലേബൽ ഒട്ടിച്ചു വരുന്ന മദ്യം സേവിക്കാൻ പശ്ചാത്തല സൗകര്യം ഒരുക്കണമെന്ന ബദ്ധപ്പാട് ഉണ്ടെങ്കിൽ രാസലഹരി കൈകാര്യം ചെയ്യാൻ വളരെ എളുപ്പം. അതിനാൽ അവനാണിപ്പോൾ അരങ്ങ് തകർക്കുന്നത്.

അതിദ്രുതം പരിണാമങ്ങൾക്ക് വിധേയമായിക്കൊണ്ടിരിക്കുന്ന സാമൂഹിക-സാമ്പത്തിക സാഹചര്യങ്ങളും അരാജകത്വവും അക്രമവും വളർത്തുന്ന രാഷ്ട്രീയ അന്തരീക്ഷവുമാണ് കേരളത്തിൽ മയക്കു മരുന്ന് അതിവേഗം പടരാൻ ഇടം നൽകുന്നത്. ലോകത്തിൽ എവിടേയുമുള്ള ഉപഭോഗ വസ്തുക്കൾക്കൊപ്പം മാരക ലഹരികളും എളുപ്പം ലഭിക്കുന്നു.

രാഷ്ട്രീയ അതിപ്രസരത്തിനൊപ്പം അഴിമതിയും പെരുകുന്നു. കാർഷിക – വ്യവസായ മേഖലകളിലെ തകർച്ചയും തൊഴിലില്ലായ്മയുമെല്ലാം ചേരുമ്പോൾ സമൂഹത്തിന്റെ ഗുണനിലവാരം തകരുന്നു. അക്രമങ്ങൾ നിത്യസംഭവങ്ങളാകുമ്പോൾ ജനങ്ങളുടെ ശുഭാപ്തി വിശ്വാസം കെട്ടുപോകുന്നു. ലഹരിയിൽ വെളിവുകെടുമ്പോൾ കൊലപാതകങ്ങളും പെരുകും.

മനുഷ്യനെ സാമൂഹിക ജീവിയായി പരുവപ്പെടുത്തിയിരുന്ന കുടുംബക്കളരികളുടെ സ്ഥാനം ചുറ്റുപാടുകളും മറ്റു കൂട്ടായ്മകളും ഏറ്റെടുത്തു. ആർക്കും ആരെയും ശരിക്കും മനസിലാക്കാൻ സാധിക്കാത്ത ഈ അവസ്ഥയിൽ ഓരോരുത്തരും ഒറ്റയ്ക്ക് എങ്ങനെയെക്കെയോ വളരുന്നു, തളരുന്നു, തകരുന്നു. ഈ ഒറ്റയാൻ പൊറുതികളിൽ ഉന്മാദ വഴികളൊരുക്കി രാസലഹരികൾ കാത്തിരിക്കുന്നു.

ഉത്സവങ്ങളും പെരുന്നാളുകളും വിവാഹ വിരുന്നുകളും കൂട്ടായ്മയുടെ, സഹകരണത്തിന്റെ ഹർഷവേദികളായിരുന്നു. പോയ കാലത്തിന് തിരിച്ചു വരവില്ലല്ലോ. പക്ഷെ, ആ കാലത്തിന്റെ ചില ഗുണവശങ്ങൾ ശ്രമിച്ചാൽ കൈ എത്തിപ്പിടിക്കാവുന്നതേയുള്ളു.

ലോകത്ത് ഗുണമേന്മയുള്ള ജീവിതം പുലരുന്ന രാജ്യങ്ങളായി കണക്കാക്കുന്നത് ഫിൻലൻഡ്, ഡെന്മാർക്ക്, നോർവേ തുടങ്ങിയ രാജ്യങ്ങളാണ്. അവിടെ പൗരന്മാർ സന്തോഷവും സമാധാനവും അനുഭവിക്കുന്നു. അല്ലലില്ലാതെ സാമൂഹിക ജീവിതം ആസ്വദിക്കുന്നു. എറിത്രിയ, സോമാലിയ തുടങ്ങിയ ആഫ്രിക്കൻ രാജ്യങ്ങളാണ് മോശം നാടുകളായി ഗണിക്കപ്പെടുന്നത്. അമേരിക്ക ഗുണമേന്മയുടെ കാര്യത്തിൽ താഴേക്കു പോയെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്.

സമ്പത്തും സൗകര്യവും കൂടിയതുകൊണ്ട് ആനന്ദം ഉണ്ടാകണമെന്നില്ല. സാമൂഹിക ജീവിയായ മനുഷ്യൻ സമൂഹ ജീവിതം തിരിച്ചു പിടിക്കുമ്പോൾ മാത്രമേ തളരുമ്പോൾ താങ്ങാൻ ആളുകൾ ഉണ്ടാവൂ.

# ആവശ്യം കരുതലും കാവലും

**വർധിച്ചു വരുന്ന ലഹരി മരുന്നുകളുടെ ഉപയോഗത്തെക്കുറിച്ചും എക്സൈസ് വകുപ്പിന്റെ പ്രതിരോധ പ്രവർത്തനങ്ങളെക്കുറിച്ചും കോഴിക്കോട് എക്സൈസ് ഡെപ്യൂട്ടി കമ്മീഷണർ അബു ഏബ്രഹാമുമായി മലബാർ വിഷൻ ഡയറക്ടർ ഫാ. മനോജ് കൊല്ലംപറമ്പിൽ നടത്തിയ അഭിമുഖം**

● *ലഹരി മരുന്നുകളുടെ ഉപയോഗം വൻതോതിൽ വർധിച്ചു വരുന്നതായാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. എന്താണ് ഇതിന് കാരണം?*

● ലഹരി മരുന്നുകളുടെ ഉപയോഗം വർധിച്ചു വരുന്നുണ്ട്. അതിന് പ്രധാന കാരണം മദ്യത്തെ അപേക്ഷിച്ച് ലഹരി മരുന്നുകൾ കൈകാര്യം ചെയ്യാനും കൈമാറ്റം ചെയ്യാനും എളുപ്പമാണെന്നുള്ളതാണ്. മദ്യവും മറ്റും കൂടുതൽ അളവിൽ വേണ്ടി വരുമ്പോൾ ലഹരി മരുന്നുകൾ വളരെ കുറച്ച് അളവിൽ മതി. ഇക്കാരണം കൊണ്ടാണ് ലഹരി മരുന്നുകളുടെ ഉപയോഗം വർധിക്കുന്നത്.

● *രാസലഹരികൾ വ്യാപകമാകാൻ ഇടയാക്കിയ സാഹചര്യം എന്താണ്?*

● രാസലഹരിയാണ് ഇപ്പോഴത്തെ ട്രെന്റ്. കുറച്ച് അളവ് മതിയെന്നതും കൈകാര്യം ചെയ്യാനുള്ള സൗകര്യവുമായിരിക്കാം രാസലഹരിയെ പോപ്പുലറാക്കിയത്. രാസലഹരികളുടെ അഡിക്ഷൻ പ്രവണതയും കൂടുതലാണ്.

● *സ്കൂൾ കുട്ടികളെ ലക്ഷ്യമിട്ടുകൊണ്ട് ലഹരി മാഫിയ പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുന്നതായി സോഷ്യൽ മീഡിയകളിൽ വാർത്തകൾ പ്രചരിക്കുന്നുണ്ട്. അതിൽ വാസ്തവമുണ്ടോ?*

● അത്തരം പ്രചാരണങ്ങൾ സാമൂഹിക മാധ്യമങ്ങളിൽ നടക്കുന്നുണ്ട്. പക്ഷെ, അത്തരം സംഭവങ്ങൾ ശ്രദ്ധയിൽപെട്ടിട്ടില്ല. എങ്കിലും സ്കൂൾ കുട്ടികൾ ലഹരിക്ക് അടിമയാകാതിരിക്കാൻ എല്ലാ സ്കൂളുകളിലും ലഹരിയുടെ ദൂഷ്യവശങ്ങൾ മനസിലാക്കിക്കൊടുക്കുന്ന തരത്തിൽ ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നുണ്ട്.

● *ഒരു കുട്ടി അല്ലെങ്കിൽ ഒരു വ്യക്തി ലഹരി മരുന്ന് ഉപയോഗിക്കുന്നതായി അധ്യാപകരുടെയോ രക്ഷിതാക്കളുടെയോ ശ്രദ്ധയിൽപ്പെടുന്നു. അത്തരം ഒരു സാഹചര്യത്തിൽ അധ്യാപകരും രക്ഷിതാക്കളും എന്തെല്ലാം നടപടികളാണ് സ്വീകരിക്കേണ്ടത്?*

● അങ്ങനെയൊരു സംഭവം ആരുടെയെങ്കിലും ശ്രദ്ധയിൽപെട്ടാൽ വളരെ ഗൗരവമായി അതിനെ കാണണം. ആ വിവരം എക്സൈസ് വകുപ്പിനെ അറിയിക്കണം. വിമുക്തിയുടെ ഡി അഡിക്ഷൻ സെന്ററുകളിൽ കൗൺസലിങ് സൗകര്യമുണ്ട്. സെന്ററുകളിൽ വരേണ്ട ആവശ്യമില്ല. വീടുകളിലോ സ്കൂളുകളിലോ വന്ന് കൗൺസലിങ് നൽകും. എല്ലാ ജില്ലകളിലും വിമുക്തി ഡി അഡിക്ഷൻ സെന്ററുകൾ പ്രവർത്തിക്കുന്നുണ്ട്.

● *കുട്ടികൾ എന്തെല്ലാം ലക്ഷണങ്ങൾ കാണിക്കുമ്പോഴാണ് മാതാപിതാക്കളും രക്ഷിതാക്കളും കുട്ടികളെ കൂടുതലായി നിരീക്ഷിക്കേണ്ടത്?*

**എക്സൈസ് വകുപ്പിന്റെ ഓർത്തിരിക്കേണ്ട നമ്പറുകൾ**

*ടോൾ ഫ്രീ നമ്പർ: 14405*
*നേർക്കൂട്ടം: 9447178000*
*കൺട്രോൾ റൂം: 9061178000*
*കൺട്രോൾ റൂം (കോഴിക്കോട്): 04952372927*
*ഡി അഡിക്ഷൻ സെന്റർ: 6238600257*
*കൗൺസലിങ് സെന്റർ (കോഴിക്കോട്): 9188468494*



**എക്സൈസ് ഡപ്യൂട്ടി കമ്മീഷണർ അബു ഏബ്രഹാമുമായി നടത്തിയ അഭിമുഖത്തിൽ നിന്ന്**

● കുട്ടികൾ സാധാരണയായി പ്രവർത്തിച്ചു വന്ന രീതിയിൽ അസാധാരണമായ മാറ്റങ്ങൾ വന്നു തുടങ്ങിയാൽ ശ്രദ്ധിക്കണം. ശ്രദ്ധക്കുറവ്, അമിതമായ ദേഷ്യം, പഠനത്തിൽ താൽപര്യക്കുറവ് തുടങ്ങിയ ലക്ഷണങ്ങൾ കണ്ടാൽ അവരെ നിരീക്ഷിക്കണം. അവരെ കുറ്റപ്പെടുത്തുകയല്ല വേണ്ടത്. അവരെ ചേർത്ത് നിർത്തണം. നിങ്ങൾ കൂടുതൽ ശ്രദ്ധ നൽകുന്നുണ്ടെന്ന് അവർക്ക് തോന്നണം. കൂടുതൽ സ്നേഹം നൽകി, ബോധവൽക്കണം നൽകി അവരെ മടക്കിക്കൊണ്ടു വരണം. ദിവസവും കുട്ടികളുമായി സംസാരിക്കാൻ മാതാപിതാക്കൾ ശ്രദ്ധിക്കണം. എത്ര തിരക്കുകളുണ്ടെങ്കിലും കുറച്ച് സമയം കുട്ടികളോടൊപ്പം ചെലവഴിക്കണം. കുട്ടികൾക്കു വേണ്ട അംഗീകാരവും സ്നേഹവും നൽകുന്നുണ്ടെന്ന് അവരെ ബോധ്യപ്പെടുത്താൻ മാതാപിതാക്കൾക്ക് കഴിയണം. പുറത്തു നിന്ന് ലഭിക്കുന്നതിനെക്കാൾ കൂടുതൽ സ്നേഹം അപ്പനും അമ്മയും നൽകുന്നുണ്ടെന്ന് കുട്ടികൾ തിരിച്ചറിഞ്ഞാൽ അവർ മോശം കൂട്ടുകെട്ടുകളിലേക്ക് പോകില്ല.

● *ലഹരി വിപത്തിനെ നേരിടാൻ നിലവിലെ നിയമങ്ങൾ എത്രത്തോളം പര്യാപ്തമാണ്? നിയമങ്ങളിൽ കാലാനുസൃതമായ മാറ്റങ്ങൾ വരുത്തേണ്ടത് ആവശ്യമല്ലേ?*

● എൻഡിപിസി ആക്ട് ഫലപ്രദമായി നടപ്പിലാക്കിയാൽ ലഹരി വിപത്തിനെ സമൂഹത്തിൽ നിന്ന് ഇല്ലാതാക്കാൻ സാധിക്കും. നിയമത്തിലെ കാലാനുസൃതമായ മാറ്റങ്ങളെക്കുറിച്ച് തീരുമാനമെടുക്കേണ്ടത് സർക്കാരുകളാണ്.

● രാസലഹരികൾ കേരളത്തിൽ ഉൽപ്പാദിപ്പിക്കപ്പെടുന്നുണ്ടോ? എവിടെ നിന്നെല്ലാമാണ് കേരളത്തിലേക്ക് ഇത്തരം ലഹരി വസ്തുക്കൾ എത്തുന്നത്?

● കേരളത്തിൽ രാസലഹരികൾ ഉൽപ്പാദിപ്പിക്കുന്നതായി വിവരങ്ങളില്ല. പിടിക്കപ്പെടുന്ന കേസുകളിൽ നിന്നും ലഭിക്കുന്ന വിവരം ബാംഗ്ലൂർ, മുംബൈ, ഡൽഹി എന്നിവിടങ്ങളിൽ നിന്നുമാണ് ഇവ ശേഖരിക്കുന്നത് എന്നതാണ്.

● *ലഹരി മരുന്ന് ഉപയോഗമോ വിതരണമോ ശ്രദ്ധയിൽപ്പെട്ടാൽ ഐഡന്റിറ്റി വെളിപ്പെടുത്താതെ വിവരങ്ങൾ എക്സൈസ് വകുപ്പിന് കൈമാറാൻ സാധിക്കുമോ?*

● അത്തരം വിവരങ്ങൾ അറിയുന്നവർക്ക് തങ്ങളുടെ ഐഡന്റിറ്റി വെളിപ്പെടുത്താതെ തന്നെ വിവരങ്ങൾ കൈമാറാം. ആ വിവരം പരിശോധിച്ച് നടപടി സ്വീകരിക്കും. വിവരം നൽകാൻ വിളിക്കുന്ന ആളുടെ പേരോ, സ്ഥലമോ ഒന്നും പറയേണ്ടതില്ല. ഡിവിഷണൽ ഓഫീസിലെ കൺട്രോൾ റൂമിലേക്കോ, ജില്ലാ ഓഫീസിലേക്കോ, അടുത്തുള്ള എക്സൈസ് ഓഫീസുകളിലേക്കോ വിവരം നൽകാം.

● *എക്സൈസ് വകുപ്പിന്റെ വിമുക്തി പദ്ധതിയിലൂടെ ലഹരിക്കെതിരായി എന്തെല്ലാമാണ് ചെയ്യാൻ കഴിഞ്ഞത്? വിമുക്തി വിഭാവനം ചെയ്യുന്നത് എന്തെല്ലാമാണ്?*

● കേരളത്തിലെ എല്ലാ സ്കൂളുകളിലും കോളജുകളിലും ലഹരി വിരുദ്ധ ബോധവൽക്കരണത്തിനായി വിമുക്തി ക്ലബുകൾ രൂപീകരിച്ചിട്ടുണ്ട്. ഏല്ലാ പഞ്ചായത്തുകളിലും വാർഡ് അടിസ്ഥാനത്തിൽ വിവിധ വിഭാഗങ്ങളിലുള്ളവരെ ഉൾപ്പെടുത്തിക്കൊണ്ട് ജനജാഗ്രതാ സമിതികൾ രൂപീകരിച്ചിട്ടുണ്ട്. യഥാർത്ഥ ലഹരി ജീവിതം തന്നെയാണെന്ന സന്ദേശം കുട്ടികളിലും യുവജനങ്ങളിലും പകർന്നു നൽകുകയാണ് വിമുക്തിയിലൂടെ ലക്ഷ്യമിടുന്നത്. കലാ കായിക രംഗങ്ങളിലേക്ക് യുവതലമുറയെ ആകർഷിക്കുന്നതിനായി കലാ കായിക മത്സരങ്ങളും ചർച്ചകളും വിമുക്തിയിലൂടെ സംഘടിപ്പിക്കുന്നുണ്ട്.

***ഇന്റർവ്യൂവിന്റെ വീഡിയോ കാണാൻ ക്യൂആർ കോഡ് സ്കാൻ ചെയ്ത് വേവ്സ് മീഡിയ ചാനൽ സന്ദർശിക്കുക***



# ലഹരിയുടെ കളി തലച്ചോറിൽ

## ലഹരി മരുന്നുകൾ ശരീരത്തിൽ പ്രവർത്തിക്കുന്ന രീതിയെ മനസിലാക്കാം



**ഡോ. വർഷ വിദ്യാധരൻ**
(അസി. പ്രൊഫസർ
സൈക്യാട്രി,
ഗവ. മെഡിക്കൽ കോളജ്,
കോഴിക്കോട്)

ലഹരി മരുന്നുകളുടെ പ്രവർത്തനം പ്രധാനമായും നടക്കുന്നത് തലച്ചോറിലാണ്. വെൻട്രൽ ടെഗ്മെന്റൽ ഏരിയ, സെറിബ്രൽ കോർപെക്സ്, ലിംബിക്ക്ഭാഗങ്ങൾ, റിവാർഡ് സർക്ക്യൂട്ട് എന്നിവിടങ്ങളിൽ ലഹരി മരുന്നുകൾ പ്രവർത്തിക്കുന്നു. അവിടെ നടക്കേണ്ട സ്വാഭാവിക രാസപ്രവർത്തനങ്ങളിൽ ലഹരി മരുന്നുകൾ വ്യത്യാസം വരുത്തുന്നു. ഇത് ശരീരത്തെയും മനസിനെയും പ്രതികൂലമായി ബാധിക്കുന്നു.

എൽ.എസ്.ഡി എന്ന ചുരുക്കപ്പേരിൽ അറിയപ്പെടുന്ന ലഹരി വസ്തുവാണ് ലൈസർജിക് ആസിഡ് ഡൈഈതൈലമൈഡ്. എൽഎസ്ഡിയുടെ വകഭേദമാണ് 'സ്റ്റാമ്പ്' എന്ന പേരിൽ സുലഭമായിക്കൊണ്ടിരിക്കുന്ന ലഹരി മരുന്ന്. 'സ്റ്റാമ്പ്' ശരീരത്തിലെത്തിയാൽ ഒരു മണിക്കൂറിനുള്ളിൽ പ്രവർത്തിച്ചു തുടങ്ങും. രണ്ടു മുതൽ നാലു മണിക്കൂർ വരെ പീക്ക് ആക്ഷനുണ്ടാകും. ചിലപ്പോഴത് എട്ട് മുതൽ 12 മണിക്കൂർ വരെ നീണ്ടുനിൽക്കുകയും ചെയ്യാം.

കൃഷ്ണമണിക്ക് വലിപ്പം വയ്ക്കുകയും മസിലുകൾക്ക് ടെൻഷൻ കൂടുകയും മോട്ടോർ പേശി സംബന്ധമായ പ്രശ്നങ്ങൾ വരുകയും ചെയ്യും. നടക്കാൻ ബുദ്ധിമുട്ടുതോന്നും. ഇടയ്ക്കിടെ ഹൃദയമിടിപ്പ് കൂടും. ശ്വാസോച്ഛ്വാസ നിരക്കിലും രക്തസമ്മർദ്ദ നിലയിലും വ്യത്യാസങ്ങൾ വരും. ഓക്കാനിക്കാൻ തോന്നൽ, ഭക്ഷണത്തിനോട് വിരക്തി എന്നിവയും കാണപ്പെടും. ചിലർക്ക് വായിൽ തുപ്പലിന്റെ അളവ് കൂടും, വിയർക്കും. കാഴ്ചയ്ക്കും ബുദ്ധിമുട്ടുണ്ടാകാം. ഇവയുടെ ഉപയോഗംമൂലം ഹൃദയത്തിലും തലച്ചോറിലുമുണ്ടാകുന്ന പ്രശ്നങ്ങൾ മരണത്തിലേക്കും നയിച്ചേക്കാം.

നിറങ്ങൾ കൂടുതൽ കടുപ്പമുള്ളതായും, റസ്പോൺസുകൾ കൂടുതൽ സ്ട്രോങ്ങായും തോന്നും. ഗന്ധം, രുചി തുടങ്ങിയവ കൂടുതൽ അനുഭവവേദ്യമാകും. ബോഡി ഇമേജുകളിൽ വ്യത്യാസം തോന്നും. സമയം സ്ഥലം എന്നിവ കൃത്യമാവില്ല, ഫീലിങ്സ് കൂടുതൽ ആയിരിക്കും, ചിലരോട് നിസ്സംഗമായി പ്രതികരിക്കും, ചിലരോട് സെൻസെറ്റീവായും പെരുമാറും. ഓർമ്മകൾ പലതരത്തിലാകാം. ചിലർക്ക് ഗുഡ് ട്രിപ്പ് എന്ന അവസ്ഥയായിരിക്കും ചിലർക്ക് ബാഡ് ട്രിപ്പെന്ന മോശം അവസ്ഥയും. ഞാൻ ആരാണ് എന്ന് പോലും മനസിലാക്കാൻ പറ്റാത്ത അവസ്ഥ (depersonalisation), വിഷാദാവസ്ഥ, ഉത്ക്കണ്ഠ, സംഭ്രമം, ഫ്ളാഷ് ബാക്കുകൾ, മൂഡ് സംബന്ധമായ അവസ്ഥകൾ, സൈക്കോട്ടിക്ക് അവസ്ഥകൾ, ഡെലീരിയം എന്ന അവസ്ഥ, സമയവും സ്ഥലവും തിരിച്ചറിയാനാവാത്ത അവസ്ഥ ഈ പറഞ്ഞ ലക്ഷണങ്ങൾ എൽഎസ്ഡിക്ക് ഉണ്ടാവാറുണ്ട്.



എംഡിഎംഎ സ്റ്റിമുലൻ റിലേറ്റഡ് വിഭാഗത്തിൽപ്പെട്ട ഒരു മരുന്നാണ്. എംഡിഎംഎയ്ക്ക് സാധാരണഗതിയിൽ മോളി, എൽഎസ്ഡി എന്നിങ്ങനെ പലതരം പേരുകളുണ്ട്. 100 മുതൽ 150 മില്ലിഗ്രാം വരെ ഉപയോഗിച്ചാൽ ശരീരത്തിൽ പലതരം വ്യത്യാസങ്ങൾ ഉണ്ടാക്കും. അലർജി സംബന്ധമായ പ്രശ്നങ്ങൾ കാരണം ചിലർക്ക് ഇത് ഒട്ടും പറ്റാത്ത അവസ്ഥയുണ്ട്. എന്നാൽ ചിലരിൽ ഇത് ഉപയോഗിച്ചാൽ ഉന്മാദാവസ്ഥ ഉണ്ടാകും. 4 മുതൽ 8 മണിക്കൂർ വരെ ഇത് ശരീരത്തിൽ പ്രശ്നങ്ങളുണ്ടാക്കാം. വായിലൂടെ കഴിക്കാം, മൂക്കിലൂടെ വലിക്കാം, ഇഞ്ചക്ഷൻ ചെയ്യാം. ഇവർക്ക് പെട്ടെന്ന് ടോളറൻസ് വരും ആദ്യം ഉപയോഗിച്ച് ഡോസ് പിന്നീട് ഉപയോഗിക്കാൻ പറ്റില്ല. ഇത് സ്ഥിരമായി ഉപയോഗിക്കുന്നവർക്ക് മൂഡ് മെച്ചപ്പെടുന്നു, ക്രിയേറ്റീവിറ്റി വർധിക്കുന്നു, ആത്മവിശ്വാസം കൂടുന്നു അങ്ങനെ പലതും പറഞ്ഞിട്ടാണ് ഇവർ സ്ഥിരമായി ഇത് ഉപയോഗിക്കുന്നത്. കൂടാതെ ക്ലബ് ഡ്രഗുകൾ, എക്റ്റസി, റോഹിഫിനോൾ അങ്ങനെ പലതരത്തിലുള്ള രാസലഹരി കഴിച്ചുകഴിഞ്ഞാലും എൽ എസ്ഡിക്ക് പറഞ്ഞ പോലുള്ള ലക്ഷണങ്ങൾ തന്നെയാണ് ഇതിലും കണ്ടു വരുന്നത്.

പലപ്പോഴും ഇത് ഉപയോഗിക്കുന്നവരിൽ അപസ്മാരവും കൂടാതെ ന്യൂറോ സൈക്കോളജിക്കലായിട്ടുള്ള പ്രശ്നങ്ങളും കാണാറുണ്ട്. ഏകാഗ്രത, പഠനം, ഓർമ്മ ഇതിനെയൊക്കെ ബാധിക്കുന്ന പ്രശ്നങ്ങൾ വരാറുണ്ട്. വയലൻസ്, ആക്സിഡന്റൽ ഡാമേജുകൾ, സെക്ഷ്വൽ ഇഷ്യൂസ് ഇതൊക്കെയും കാണാറുണ്ട്.

മദ്യം, പുകവലി എന്നീ ആസക്തികളാണെങ്കിൽ അത് കുറയ്ക്കാനുള്ള മരുന്നുകൾ (ആന്റി ക്രെയ്ഡിങ് മോളിക്യൂൾസ്) വിപണിയിൽ ലഭ്യമാണ്. അതേസമയം എൽഎസ്ഡിക്കും എംഡിഎംഎയ്ക്കും അങ്ങനെയില്ല. സ്വഭാവ പെരുമാറ്റ ലക്ഷണങ്ങൾ നോക്കിയിട്ടുള്ള ചികിത്സയാണ് ചെയ്യുന്നത്. അതുകൊണ്ടു തന്നെ അധ്യാപകരോ, മാതാപിതാക്കളോ, സുഹൃത്തുക്കളോ ഒരു വ്യക്തിയിൽ കണ്ടു വരുന്ന സ്വഭാവ പെരുമാറ്റ വ്യതിയാനങ്ങളെ സൂക്ഷ്മതയോടെ നിരീക്ഷിക്കുകയും സമയബന്ധിതമായി ഫലപ്രദമായ ചികിത്സ ലഭ്യമാക്കുകയും വേണം. മരുന്നുകൾ കൊണ്ടുള്ള ചികിത്സ രോഗലക്ഷണങ്ങൾക്ക് അനുയോജ്യമായ രീതിയിലാണ് സ്വീകരിക്കുന്നത്. കൂടാതെ സൈക്കോ തെറാപ്പി, സൈക്കോ സോഷ്യൽ തെറാപ്പി, ബിഹേവിയർ തെറാപ്പി, സ്കിൽഡ് ട്രെയ്ഡിങ്, റിലാക്സ് വരാതിരിക്കാനുള്ള ട്രെയ്നിങ് ഇതിനോടു താദാത്മ്യപ്പെടാനുള്ള ട്രെയ്നിങ് അങ്ങനെ പലതരത്തിലുള്ള ട്രെയ്നിങ്ങുകൾ നൽകാറുണ്ട്. കൂടാതെ ഫാമിലി സപ്പോർട്ട് മോട്ടിവേഷൻ തെറാപ്പി, മറ്റു പ്രശ്നങ്ങൾ കണ്ടുപിടിച്ച് അതിനുള്ള ചികിത്സയും ഇതിന്റെ കൂടെ ചെയ്തുവരുന്നു. പെരുമാറ്റ വ്യതിയാനങ്ങളെ തിരിച്ചറിയുക എന്നതാണ് ഏറ്റവും പ്രധാനമായ കാര്യം.







# ചുറ്റും കെണിയുടെ കുരുക്കുകൾ

**രാസലഹരിയുടെ ഉപയോഗത്തെക്കുറിച്ചും അതിന്റെ ദൂഷ്യവശങ്ങളെക്കുറിച്ചും കൂത്തുപറമ്പ് എക്സൈസ് ഇൻസ്പെക്ടർ കെ. ഷാജി വിശദീകരിക്കുന്നു**

### മുൻവർഷങ്ങളെ അപേക്ഷിച്ചു ലഹരി ഉപയോഗം കൂടുന്നു

● കോവിഡ് കാലത്തെ അടച്ചിരിപ്പിനു ശേഷം വന്യമായ സ്വാതന്ത്ര്യം തേടി കുട്ടികളും കൗമാരക്കാരും പുറപ്പെടുന്ന കാഴ്ചയാണു ചുറ്റും കാണുന്നത്. ഇതിൽ പലതും ലഹരിയിലേക്കുള്ള വാതിൽ തുറക്കുന്നു. പുതിയ കൂട്ടുകെട്ടുകളും ഹരംപിടിപ്പിക്കുന്ന കഥകളും സമപ്രായക്കാരായ കൂട്ടുകാരുടെ സാമീപ്യവും ലഹരി ഉപയോഗം കുഴപ്പമില്ലെന്ന ചിന്തയിലേക്ക് എത്തിക്കുന്നു. ക്രമേണ ഇതൊരു ചെറു ലഹരി സംഘമായി മാറുന്നു.

● കോവിഡിനെ തുടർന്നു മൊബൈൽ ഫോൺ ഉപയോഗം വ്യാപകമായതു ലഹരി ഉപയോഗം വർധിക്കാൻ ഒരു കാരണമാണ്. ലഹരി മാഫിയ ഇരകളെ പലപ്പോഴും കണ്ടെത്തുന്നത് സമൂഹമാധ്യമങ്ങളിലൂടെയാണ്. സ്മാർട് ഫോൺ മിക്ക കുട്ടികളുടെയും കൈയിൽ എത്തിയതോടെ ഇരകളെ കണ്ടെത്താൻ എളുപ്പമായി. സമൂഹമാധ്യമങ്ങളിൽ ഉൾപ്പെടെ കൗമാരക്കാർ അവരുടെ വിവരങ്ങൾ പങ്കുവയ്ക്കുന്നത് ലഹരി മാഫിയ സംഘങ്ങളുടെ പണി എളുപ്പമാക്കുന്നു.

● രാസലഹരി വസ്തുക്കൾ ഒളിപ്പിച്ചു കടത്താൻ എളുപ്പമാണ്. എൽഎസ്ഡി, സ്റ്റാംപ് എന്നിവയൊക്കെ കുട്ടികൾക്ക് എളുപ്പത്തിൽ ആരും കാണാതെ സൂക്ഷിക്കാൻ കഴിയും.

● ശിഥിലമായ കുടുംബ ബന്ധങ്ങളും കുടുംബത്തിലെ വഴക്കും കുട്ടികളും മാതാപിതാക്കളും തമ്മിലുള്ള ബന്ധത്തിലെ ആഴമില്ലായ്മയും കുട്ടികളെ ലഹരിയുടെ വഴിയിലേക്ക് എത്തിക്കുന്നു.

● പല കാരണങ്ങളാൽ രക്ഷിതാക്കളിലൊരാളുടെ മാത്രം സംരക്ഷണയിൽ വളരുന്ന കുട്ടികൾ ലഹരി വഴിയിലേക്ക് എത്തിപ്പെടാനുള്ള സാധ്യതയേറെയാണ്. രക്ഷിതാക്കളിലൊരാൾ മറ്റൊരു സംസ്ഥാനത്തോ രാജ്യത്തോ ജോലി ചെയ്യുന്നത് ഉൾപ്പെടെയുള്ള കാരണങ്ങളാൽ മാതാപിതാക്കളിലൊരാൾ കുട്ടിയുടെ സംരക്ഷണം ഏറ്റെടുക്കേണ്ടി വരുന്നു. വീട്ടുകാര്യങ്ങളും മറ്റും കഴിഞ്ഞു കുട്ടികളുടെ കൂട്ടുകെട്ട്, ഫോൺ ഉപയോഗം ഉൾപ്പെടെയുള്ള പല കാര്യങ്ങളും ഒരു രക്ഷിതാവിനു മാത്രം ശ്രദ്ധിക്കാൻ കഴിഞ്ഞെന്നു വരില്ല.

● കുടുംബത്തിലെ അടുത്ത ബന്ധുക്കളിൽ ചിലർ കൗമാരക്കാരെ ലഹരി ഉപയോഗത്തിലേക്കു നയിക്കുന്നുണ്ട്. കൗമാരക്കാരും ഈ ബന്ധുക്കളും തമ്മിലുള്ള പ്രായവ്യത്യാസം പലപ്പോഴും ഏതാനും വയസ്സ് മാത്രമായിരിക്കും. ഉറ്റബന്ധുവാണെന്നതും പുറത്താരും അറിയില്ലെന്നതും ലഹരി ഉപയോഗത്തിലേക്കു കൗമാരക്കാരെ നയിക്കുന്നു. ലഹരി വസ്തു എളുപ്പം കിട്ടുമെന്നതും പ്രേരണയാകുന്നു. അടുത്തിടെ ശ്രദ്ധയിൽപ്പെട്ട കേസിൽ ഉൾപ്പെട്ട ഒരു കുട്ടി ആദ്യം ലഹരി ഉപയോഗിച്ചത് അമ്മയുടെ ഇളയ സഹോദരനിൽ നിന്നാണ്.

● ലഹരി ഉപയോഗിക്കുന്ന സമപ്രായക്കാരുടെ ആളാകലും ഇത് ഉപയോഗിക്കാത്ത സഹപാഠികളുടെ കളിയാക്കലും പലപ്പോഴും ഇത് ഉപയോഗിക്കാൻ കുട്ടികളെ പ്രേരിപ്പിക്കുന്നു.

● ദൃശ്യ മാധ്യമങ്ങളിലും സിനിമകളിലും ലഹരി ഉപയോഗിക്കുന്നവരെ വീരന്മാരായി അവതരിപ്പിക്കുന്നതും കൗമാരക്കാരുടെയും കുട്ടികളുടെയും ഇടയിൽ താരങ്ങളായി നിൽക്കുന്നവർ സ്ക്രീനിൽ ലഹരി ഉപയോഗിക്കുന്നതും ലഹരി ഉപയോഗത്തിൽ കുഴപ്പമില്ല എന്ന ധാരണയിലേക്കു വിദ്യാർഥികളെ എത്തിക്കുന്നു.



കെ. ഷാജി (എക്സൈസ് ഇൻസ്പെക്ടർ, കുത്തുപറമ്പ്)

> **ദൃശ്യ മാധ്യമങ്ങളിലും സിനിമകളിലും ലഹരി ഉപയോഗിക്കുന്നവരെ വീരന്മാരായി അവതരിപ്പിക്കുന്നതും കൗമാരക്കാരുടെയും കുട്ടികളുടെയും ഇടയിൽ താരങ്ങളായി നിൽക്കുന്നവർ സ്ക്രീനിൽ ലഹരി ഉപയോഗിക്കുന്നതും ലഹരി ഉപയോഗത്തിൽ കുഴപ്പമില്ല എന്ന ധാരണയിലേക്കു വിദ്യാർഥികളെ എത്തിക്കുന്നു**

### ലഹരി ഉപയോഗം എങ്ങനെ തിരിച്ചറിയാം

● ലഹരി ഉപയോഗിക്കുന്നവരുടെ ശരീരത്തിൽ നിന്നു പ്രത്യേക ഗന്ധം അനുഭവപ്പെടും. ഇവർ നമ്മുടെ സമീപത്തു കൂടെ പോയാലോ അവരുടെ അടുത്തിരുന്നാലോ നമുക്ക് ഇത് അനുഭവപ്പെടും. ഇവരുടെ മുറി, ബാത്ത് റൂം, ബെഡ് റൂം എന്നിവിടങ്ങളിലൊക്കെ ഈ ഗന്ധമുണ്ടാകും. ലഹരി ഉപയോഗിക്കുന്നവർ ക്ലാസ് കഴിഞ്ഞോ പുറത്തുപോയി തിരികെ വരുമ്പോഴോ ഈ ഗന്ധം അനുഭവവേദ്യമാകും. ലഹരി ഉപയോഗിക്കുന്നവരുടെ ഉടുപ്പിന്റെ പോക്കറ്റിൽ, ഉടുപ്പിന്റെ കൈമടക്കിലൊക്കെ ഈ ഗന്ധമുണ്ടാകാൻ സാധ്യതയുണ്ട്.

● ഇവരുടെ വസ്ത്രധാരണം പലപ്പോഴും വൃത്തിയിലുള്ളതായിരിക്കില്ല.

● ലഹരി ഉപയോഗിക്കുന്നവരുടേത് മിക്കപ്പോഴും ഉറക്കച്ചടവുള്ള കണ്ണുകളായിരിക്കും. ഊർജസ്വലത നഷ്ടപ്പെട്ടവരെപ്പോലെയായിരിക്കും. ഇവർ ഏറെ സമയം ഒറ്റയ്ക്കു ബാത്ത്റൂമിൽ ചെലവഴിക്കും. പഠനത്തിനല്ലാതെ ഏറെ സമയം ഒറ്റയ്ക്കു മുറിയിൽ ചെലവഴിക്കും.

● പെരുമാറ്റത്തിലെ വ്യത്യാസം, ചിലപ്പോൾ പെട്ടെന്ന് ദേഷ്യപ്പെടുന്നത് ഉൾപ്പെടെയുള്ള ഭാവഭേദങ്ങൾ ലഹരി ഉപയോഗിക്കുന്നവരിൽ കാണാം.

● മക്കളുടെ ശരീരത്തിൽ നിന്നു അസ്വാഭാവികമായ ഗന്ധം, പെരുമാറ്റത്തിലെ വ്യത്യാസങ്ങൾ എന്നിവ പെട്ടെന്നു തിരിച്ചറിയാനാകുന്നത് അമ്മമാർക്കാണ്. പിന്നീട് ഇതു മനസ്സിലാക്കുക അധ്യാപകരാണ്. തുടക്കത്തിലേ ഇതു കണ്ടെത്തിയാൽ ലഹരിക്കുരുക്കിൽ നിന്നു കുട്ടിയെ പിന്തിരിപ്പിക്കാനാകും.

### ലഹരി ഉപയോഗത്തിലൂടെ മറ്റു കുറ്റകൃത്യങ്ങളിലേക്ക്

● ലഹരി ഉപയോഗിക്കുന്നവരിൽ പലരും അവരുടെ കൂട്ടുകാർക്കും സഹപാഠികൾക്കും ഇതു കൈമാറുന്നു. ആദ്യം വെറുതെ നൽകുന്നതു പിന്നീടു പണം വാങ്ങിയുള്ള ഇടപാടുകളിലേക്കു മാറുന്നു. ഇതു പിടികൂടുന്നതോടെ ഗുരുതര നിയമലംഘനങ്ങൾക്കാണു കേസ് എടുക്കുന്നത്.

● ലഹരി ഉപയോഗിക്കുന്ന ആൺകുട്ടികളിൽ പലരും അവരുടെ പെൺസുഹൃത്തുക്കൾക്കും ഇതു നൽകുന്നു. ക്രമേണ ഈ ബന്ധം അരുതായ്മകളിലേക്കു മാറുന്നതോടെ കേസിന്റെ സ്വഭാവം തന്നെ മാറുന്നു. അടുത്തിടെ ലഹരിമരുന്നു കേസിൽ പിടിയിലായ കൗമാരക്കാരന്റെ ഫോണിൽ നിന്ന് ലഹരി ഉപയോഗിക്കുന്ന പെൺകുട്ടികളുടെ നമ്പർ ലഭിച്ചിരുന്നു.

● ലഹരിക്കു വേണ്ടി പണം കണ്ടെത്താൻ ആദ്യം ചെറിയ മോഷണങ്ങളാണു നടത്തുക. തുടക്കത്തിൽ മാല പൊട്ടിച്ചും പിടിച്ചു പറിച്ചും പണം കണ്ടെത്തുന്നവർ പിന്നീടു ബൈക്ക് മോഷണം തുടങ്ങിയ കുറ്റകൃത്യങ്ങളിലേക്കു കടക്കും. മോഷണത്തിനായി ശാരീരിക ആക്രമണം നടത്താൻ വരെ പിന്നെ മടിക്കില്ല. കൂടുതൽ പണം കണ്ടെത്താൻ എന്തു ചെയ്യാനും വരെ തയാറാകും.

● ലഹരി ഉപയോഗം തീവ്രമാകുമ്പോൾ ചിലർ സ്വഭാവൈകൃതങ്ങൾ പ്രകടിപ്പിക്കുന്ന സംഭവങ്ങളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് ഇത്തരക്കാർക്ക് അമ്മ പെങ്ങന്മാരെ പോലും തിരിച്ചറിയാൻ പറ്റാതായി മാറും. മുതിർന്ന സ്ത്രീകളെ പോലും മറ്റൊരു തരത്തിലാകും ഇവർ കാണുന്നത്. പ്രായമായ സ്ത്രീകളെ ആക്രമിക്കാൻ പോലും ഇവർ മുതിരും.

### ആൺ–പെൺ വേർതിരിവില്ലാതെ ലഹരി ഉപയോഗം കൂടുന്നു

● ലഹരിക്ക് അടിപ്പെടുന്നതിൽ ആൺ–പെൺ വേർതിരിവില്ല. സമീപകാലത്ത് കണ്ണൂരിൽ 2 കിലോ എംഡിഎംഎയുമായി പിടികൂടിയ സംഭവത്തിൽ ലഹരിമരുന്നിന്റെ പാഴ്സൽ കൈപ്പറ്റാൻ എത്തിയത് പെൺകുട്ടിയായിരുന്നു.

● 2 കിലോയുടെ അടുത്ത് എംഡിഎംഎയുമായി എറണാകുളത്ത് പിടിയിലായവരിലും പെൺകുട്ടികളുമുണ്ടായിരുന്നു. എക്സൈസ് സ്റ്റേറ്റ് എൻഫോഴ്സ്മെന്റ് പിടികൂടിയ ഒട്ടേറെ ലഹരിമരുന്നു കേസിൽ പെൺകുട്ടികളും ഉൾപ്പെട്ടിരുന്നു.

● നീയിതൊന്നു ടേസ്റ്റ് ചെയ്തു നോക്ക്. ഇപ്പോഴല്ലെങ്കിൽ പിന്നെ എപ്പോഴാ... എന്നൊക്കെയുള്ള കൂട്ടുകാരുടെ നിസ്സാരമായ ചൂണ്ടകളിൽ കൊളുത്തിയാണു പലരും ആദ്യമായി ലഹരി നുണയുന്നത്. പഠനകാലത്തും മറ്റും ഹോസ്റ്റലുകളിലോ സമപ്രായക്കാർ മാത്രമുള്ള മറ്റിടങ്ങളിലോ താമസിക്കേണ്ടി വരുമ്പോഴാണ് ഈ കെണികൾ സൗഹൃദ ഭാവത്തിൽ വരുന്നത്. ചില രാസലഹരികളാക്കെ ഒറ്റത്തവണ രുചിക്കുന്നതോടെ അതു കിട്ടാതെ മുന്നോട്ടു പോകാനാകാതെ വരും. ലഹരി രുചിക്കാൻ നൽകുന്നവർ ലഹരിമാഫിയയിലെ കണ്ണികളാണെന്നു പിന്നീടാണ് ഇരകൾ തിരിച്ചറിയുക. ഇരകളാക്കപ്പെടുന്ന പെൺകുട്ടികളെ ബ്ലാക്ക്മെയിൽ ചെയ്യുന്ന സംഭവങ്ങളും നടന്നിട്ടുണ്ട്.

● പ്രണയകാലത്തു കമിതാക്കളിലൊരാൾ ലഹരിക്ക് അടിപ്പെട്ടയാളാണെങ്കിൽ ഒപ്പമുള്ളയാൾക്കും ലഹരി നൽകുന്ന സംഭവങ്ങളും ഏറെയാണ്. പെൺകുട്ടികൾക്കൊക്കെ പലപ്പോഴും അവരറിയാതെ ജ്യൂസിൽ കലർത്തിയാകും ഇതു നൽകുന്നത്. പിന്നീട്, ലഹരിയില്ലാതെ കഴിയാനാകാത്ത നിലയാകും.

### വിദ്യാഭ്യാസ നിലവാരവും ലഹരിയും

● ലഹരി ഉപയോഗവും വിദ്യാഭ്യാസ യോഗ്യതയുമായി യാതൊരു ബന്ധവുമില്ല. ഉയർന്ന വിദ്യാഭ്യാസ യോഗ്യതയുള്ളവർ പോലും ലഹരിക്ക് അടിപ്പെടുന്നതു കാണുന്നുണ്ട്. ലഹരിക്ക് അടിപ്പെടുന്നവരിൽ സ്കൂൾ കുട്ടികൾ മുതൽ പ്രഫഷനലുകൾ വരെയുണ്ട്. സാഹചര്യങ്ങളാണു പലപ്പോഴും ലഹരിയുടെ വലയിലേക്ക് എത്തിക്കുന്നത്. പിന്നീട്, ഇത് ഒഴിവാക്കാനാകാതെ വരും. സ്കൂൾ കുട്ടികളിൽ പലരും ആദ്യം ഉപയോഗിച്ചതു പുകയില ഉൽപന്നങ്ങളാണ്. ഇതാണ് ആദ്യ ഘട്ടം. ഇത് ഉപയോഗിച്ചു ശീലമായ കുട്ടികൾക്ക് വീര്യം കൂടിയ ലഹരി നൽകും. സ്കൂൾ ക്യാംപസുകളിൽ തന്നെ പലരും കഞ്ചാവ് വലിക്കുന്നു– ഇതു രണ്ടാം ഘട്ടമായി കാണാം. ഈ ലഹരിക്കും തീവ്രത പോരെന്നു തോന്നുമ്പോഴാണു രാസലഹരിയിലേക്ക് എത്തുന്നത്.


## ഉപകാരസ്മരണ



ഏലിയാമ്മ, ചെമ്പനോട

# "തിരുത്താൻ അവസരം കൊടുത്തു, മിടുക്കനായി അവൻ തിരിച്ചു വന്നു"



ചഷ്മ ചന്ദ്രൻ
(സൈക്കോ സോഷ്യൽ സ്കൂൾ കൗൺസിലർ)

വെള്ളിയാഴ്ച്ച നേരത്തെ ബെല്ലടിച്ചു. ഒരു കുട്ടിയോട് സംസാരിച്ചുകൊണ്ടുനിൽക്കുമ്പോഴാണ് ഹയർ സെക്കൻഡറി പ്രിൻസിപ്പൽ ഫോൺ വിളിക്കുന്നത്. പെട്ടെന്ന് ഓഫീസിലേക്ക് എത്താനായിരുന്നു നിർദ്ദേശം. അവിടെ എത്തിയപ്പോൾ കണ്ടത് കുട്ടികൾ കൂട്ടമായി നിൽക്കുന്നതാണ്. ചുറ്റും അധ്യാപകരുമുണ്ട്. നോക്കിയപ്പോൾ ഒരാൺകുട്ടി ബോധരഹിതനായി കിടക്കുന്നു. അവന്റെ കൈമുറിഞ്ഞ് ചോരവരുന്നുണ്ടായിരുന്നു. ക്ലാസിൽ അവൻ വളരെ അക്രമാസക്തമായി പെരുമാറിയെന്നും, ക്ലാസിലെ ജനൽ ചില്ല് കൈകൊണ്ട് തകർത്തെന്നും, ബോധരഹിതനായെന്നും ഇത് കണ്ട് നിന്ന ക്ലാസ് ടീച്ചർക്കും, മറ്റ് കുട്ടികൾക്കും ഷോക്കായെന്നും പ്രിൻസിപ്പൽ പറഞ്ഞു. അപ്പോഴേക്കും പോലീസ് ജീപ്പെത്തി. അവർ അവനെ ഒരു പ്രൈവറ്റ് ഹോസ്പിറ്റലിലേക്ക് കൊണ്ടുപോയി. ക്ലാസ് ടീച്ചർ കുട്ടിയുടെ രക്ഷിതാവിന്റെ നമ്പർ എനിക്ക് അയച്ചുതന്നു. അവന്റെ മാതാവാണ് ഫോൺ എടുത്തത്. വിവരങ്ങൾ മുഴുവൻ പറഞ്ഞില്ല. ഭയപ്പെടുത്താത്ത രീതിയിൽ അവരെ ഹോസ്പിറ്റലിലേക്ക് എത്തിച്ചു. മാതാവും അവരുടെ സഹോദരിയും കാര്യങ്ങൾ അന്വേഷിച്ചു. നടന്നതെല്ലാം ഞാൻ വിശദമായി പറഞ്ഞു. ഡോക്ടർ ഞങ്ങളെ വിളിപ്പിച്ചു അവനെ ഡി–അഡിക്ഷൻ സെന്ററിൽ അഡ്മിറ്റ് ചെയ്യാൻ നിർദേശിച്ചു. ഇതുകൂടെ കേട്ടപ്പോഴേക്കും അവന്റെ മാതാവ് ആകെ തളർന്നുപോയിരുന്നു.

പിതാവ് മീൻ കച്ചവടം നടത്തിയാണ് ആ കുടുംബം പോറ്റുന്നതെന്നും, ഹൃദയശസ്ത്രക്രിയ കഴിഞ്ഞ ആളാണെന്നും, ഇവന് താഴെ രണ്ട് സഹോദരിമാരാണെന്നും ഈ വിവരം അറിഞ്ഞാൽ അവരൊന്നും ജീവിച്ചിരിക്കില്ലായെന്നും, ഈ മകനെ കുറിച്ചുള്ള പ്രതീക്ഷകൾ വളരെ വലുതാണെന്നും പറഞ്ഞുകൊണ്ട് അവർ പൊട്ടിക്കരഞ്ഞു. ഒരു കുടുംബത്തിന്റെ നിസ്സഹായാവസ്ഥ.

ആ ഹോസ്പിറ്റലിൽ കിടത്തി ചികിത്സിക്കാനുള്ള സാമ്പത്തിക ഭദ്രത ആ കുടുംബത്തിന് ഇല്ലായിരുന്നു. കോഴിക്കോട് ബീച്ചാശുപത്രിയിൽ പ്രവർത്തിക്കുന്ന വിമുക്തിയിലേക്ക് അവനെ മാറ്റാൻ അവിടെ ജോലിചെയ്യുന്ന ഒരു സുഹൃത്തിന്റെ സഹായത്താൽ എനിക്ക് സാധിച്ചു.പിറ്റേദിവസം ഞാൻ കാണാൻ ചെന്നപ്പോൾ അവൻ സെല്ലിനുള്ളിലാണ്. അക്രമാസക്തനായതിനാലാണ് അവിടെ താമസിപ്പിച്ചിരിക്കുന്നതെന്ന് ഡോക്ടർ പറഞ്ഞു.

പിതാവും മാതാവും പുറത്തിരിക്കുന്നുണ്ടായിരുന്നു. രണ്ടുപേരും മാനസികമായി തകർന്ന അവസ്ഥയിലായിരുന്നു. പെൺമക്കളുടെ ഭാവിയെക്കുറിച്ചുള്ള ആവലാതികൾ, ബന്ധുക്കളുടെ കുറ്റപ്പെടുത്തലുകൾ, എല്ലാറ്റിനുമുപരിയായി തങ്ങൾ ജീവനേക്കാൾ സ്നേഹിച്ച മകനിൽ നിന്നുണ്ടായ അനുഭവം അവരെ അക്ഷരാർത്ഥത്തിൽ തകർത്തിരുന്നു.

രണ്ടാഴ്ച്ചക്കുശേഷം ചികിത്സകഴിഞ്ഞ് അവർ വീട്ടിലേക്ക് തിരിച്ചുപോയി. മരുന്നുകൾ തുടരാനായിരുന്നു ഡോക്ടറുടെ നിർദേശം. ഈ സംഭവത്തിനുശേഷം പിതാവ് മീൻകച്ചവടം ചെയ്തിട്ടില്ല. അനിയത്തി കുട്ടികൾ സ്കൂളിൽ പോയിട്ടില്ല. ബന്ധുക്കളുടെ സഹായത്താലാണ് ആ വീട് കഴിഞ്ഞുപോയിരുന്നത്. പഴയ ജീവിതത്തിലേക്ക് തിരിച്ചുവരാൻ അവരോട് ആവശ്യപ്പെടുമായിരുന്നെങ്കിലും അത് ഉടനെ സാധ്യമാകില്ലെന്ന് എനിക്കും ബോധ്യമുണ്ടായിരുന്നു.

"അവന് സ്കൂളിൽ വരാൻ പറ്റ്വോ ടീച്ചറേ?" ഒരു കുടുംബത്തിന്റെ ഉയിർത്തെഴുന്നേൽപ്പ് ആ ചോദ്യത്തിൽ എനിക്ക് കേൾക്കാമായിരുന്നു. ഈ വിഷയവുമായി ബന്ധപ്പെട്ട് പിടിഎ എക്സിക്യൂട്ടീവ് മീറ്റിങ് സ്കൂളിൽ വിളിച്ചു ചേർത്തു. ആ കുട്ടിയെ തുടർന്ന് സ്കൂളിൽ പ്രവേശിപ്പിക്കേണ്ടതില്ലെന്നായിരുന്നു ഭൂരിപക്ഷ തീരുമാനം. കുട്ടിയുടെ വശം മാത്രം കണ്ട് തീരുമാനം എടുക്കരുതെന്നും, കുട്ടിയുടെ കുടുംബം അഭിമുഖീകരിക്കുന്ന മാനസിക പ്രയാസങ്ങൾ കണക്കിലെടുക്കണമെന്നും, തെറ്റു മനസിലാക്കാൻ അവസരം കൊടുത്താൽ ഒരു വ്യക്തിയല്ല, ഒരു കുടുംബമാണ് രക്ഷപ്പെടുകയെന്നും ഞാൻ പറഞ്ഞു. കുറച്ചു നേരത്തേക്ക് യോഗം നിശ്ശബ്ദമായി. "ഒരു ചാൻസ് കൊടുക്കാം"– നിശ്ശബ്ദത ഭേദിച്ചുകൊണ്ട് ഒരു രക്ഷിതാവ് പറഞ്ഞു. തുടർന്ന് വീണ്ടും ചർച്ച. ഒടുക്കം പ്രിൻസിപ്പാളിന്റെ സമ്മതവും വന്നു. (ആ അമ്മ മനസ്സ് എന്നെ പിന്തുണച്ചു). അന്ന് മീറ്റിങ് കഴിഞ്ഞ് എല്ലാവരും ഇറങ്ങിപ്പോയതിനുശേഷമാണ് ഞാനാമുറിവിട്ടിറങ്ങിയത്. നടുക്കടലിൽ പെട്ടുപോയ ഒരു കുടുംബത്തെ കരയോടടുപ്പിച്ച സംതൃപ്തിയായിരുന്നു മനസ്സ് മുഴുവൻ.

ആ വർഷത്തെ ഹയർ സെക്കൻഡറി പരീക്ഷാ റിസൾട്ട് വന്നപ്പോൾ ജയിച്ച65 ശതമാനം വിദ്യാർത്ഥികളിൽ ഒരാൾ അവനായിരുന്നു എന്നത് ഇന്നും സന്തോഷത്തോടെ ഓർക്കുന്നു.

# "ഇന്ന് അയൽപക്കത്തെ കുട്ടി നാളെ നിങ്ങളുടെ കുട്ടി"



നിഖിൻ ചന്ദ് സി.
(പ്രൊജക്ട് മാനേജർ,
OISCA - IDU
സുരക്ഷാ പ്രൊജക്ട്,
കേരള സംസ്ഥാന എയ്ഡ്സ് കൺട്രോൾ സൊസൈറ്റി)

പല രക്ഷിതാക്കളും തങ്ങളുടെ മകൻ അല്ലെങ്കിൽ മകൾ ലഹരിക്ക് അടിമപ്പെട്ടിട്ടുണ്ടെന്ന് അറിയുന്നത് അവസാന സ്റ്റേജിലാണ്. അപ്പോഴേക്കും അവരുടെ സ്വഭാവത്തിലും പെരുമാറ്റത്തിലും പ്രകടമായ വ്യത്യാസങ്ങൾ വന്നിരിക്കും.

21 വയസുള്ള ചെറുപ്പക്കാരൻ അവന്റെ മാതാപിതാക്കളോടൊപ്പം കൗൺസിലിങ്ങിന് വന്നു. അവന്റെ റൂമിൽ നിന്നും ബീഡിക്കുറ്റിയും സിഗരറ്റ് കുറ്റിയും കിട്ടി. അവൻ പുകവലി ശീലം തുടങ്ങിയെന്നതായിരുന്നു രക്ഷിതാക്കളുടെ പരാതി. പുകവലി മാത്രമേ ഉള്ളുവെന്നും മറ്റു ലഹരികളൊന്നും അവൻ ഉപയോഗിക്കുന്നില്ലെന്നും മാതാപിതാക്കൾ പറഞ്ഞു. പക്ഷെ, ആ ചെറുപ്പക്കാരൻ പറഞ്ഞത് താൻ പത്താം ക്ലാസു മുതൽ പുകവലി തുടങ്ങിയെന്നാണ്. സമപ്രായക്കാരായ കൂട്ടുകാരുടെ കൂടെ ആദ്യം രസത്തിന് തുടങ്ങി, പിന്നെ ആ ശീലം സ്ഥിരമായി. എൻജിനീയറിങ് പഠനകാലത്തെ ഹോസ്റ്റൽ ജീവിതം കഞ്ചാവ് പോലുള്ള ലഹരികൾ ഉപയോഗിക്കുന്നതിലേക്ക് അവനെ എത്തിച്ചു. അതോടെ രണ്ടിൽ കൂടുതൽ ലഹരി മരുന്ന് ഉപയോഗിക്കുന്ന ആളായി അവൻ മാറി. തുടർന്നാണ് അവന്റെ സ്വഭാവത്തിൽ മാറ്റമുണ്ടാകാൻ തുടങ്ങിയത്. ഇക്കാര്യങ്ങളെല്ലാം ഞാൻ മാതാപിതാക്കളോടു പറഞ്ഞു. 'അങ്ങനെയല്ല സാർ അവൻ ഒരിക്കലും അങ്ങനെ ചെയ്യില്ല, അവൻ ചിലപ്പോൾ കളവ് പറയുകയായിരിക്കും' എന്നൊക്കെയായിരുന്നു മാതാപിതാക്കളുടെ പ്രതികരണം.

തന്റെ മകൻ ലഹരിക്ക് അടിമയാണെന്ന് മറ്റൊരാൾ പറയുമ്പോൾ ഏതൊരു മാതാപിതാക്കൾക്കും ആദ്യം അത് അംഗീകരിക്കാൻ കഴിയില്ല. കാരണം അങ്ങനെയാണ് ഓരോ കുട്ടികളെയും മാതാപിതാക്കൾ വളർത്തുന്നത്. മാതാപിതാക്കളുടെ വിശ്വാസത്തെ തകർത്താണ് ഇന്ന് കുട്ടികൾ ലഹരിക്ക് അടിമകളായി മോശം പ്രവണതകളിലേക്ക് വീഴുന്നത്.

മാതാപിതാക്കളും മക്കളും തമ്മിലുള്ള കമ്മ്യൂണിക്കേഷൻ ഗ്യാപ്പ് വലിയൊരു വിഷയമാണ്. മാതാപിതാക്കളും കുട്ടികളും എല്ലാകാര്യങ്ങളും പരസ്പരം കൈമാറണം. എന്തു കാര്യമായാലും തുറന്നു പറയാനുള്ള സ്വാതന്ത്ര്യം മാതാപിതാക്കൾ വീട്ടിൽ ഉറപ്പു വരുത്തണം. മാതാപിതാക്കൾ കുട്ടികളോടു എല്ലാ കാര്യങ്ങളും ചോദിച്ചറിയണം. കുറച്ചു നേരമെങ്കിലും അവരോടൊപ്പം സമയം ചിലവഴിക്കണം. അവരുടെ കൂട്ടുകാർ ആരൊക്കെയാണ്, അവർ ഏതെല്ലാം കൂട്ടുകെട്ടുകളിൽ പോകുന്നു എന്നതും ശ്രദ്ധിക്കണം. ഒരു കണ്ണ് എപ്പോഴും കുട്ടിയുടെ മേൽ ഉണ്ടാവണം. എന്നാൽ ഒരു കാര്യം ശ്രദ്ധിക്കണം ഒന്നും അവരിൽ അടിച്ചേൽപ്പിക്കാൻ ശ്രമിക്കരുത്. കമ്മ്യൂണിക്കേഷൻ ഗ്യാപ്പ് കുടുംബങ്ങളിൽ ഉണ്ടായാൽ കുട്ടികളെ മനസിലാക്കാൻ നമുക്ക് സാധിക്കില്ല. ഇത്തരത്തിലുള്ള പല പ്രശ്നങ്ങളിലേക്കും വരുമ്പോഴാണ് നമ്മുടെ കുട്ടിയെ ശ്രദ്ധിക്കാൻ പറ്റിയില്ലല്ലോ എന്നു നാം മനസിലാക്കുന്നത്.

ശാസ്ത്രീയമായ ചികിത്സാരീതിയിലൂടെ നല്ലൊരു ജീവിതത്തിലേക്ക് ലഹരിക്ക് അടിമപ്പെട്ടവരെ തിരിച്ചുകൊണ്ടുവരാൻ പറ്റും. ഡോക്ടർ, കൗൺസിലർ, സൈക്കോളജിസ്റ്റ് എന്നിവരുടെ സേവനങ്ങളോടൊപ്പം മാതാപിതാക്കളുടെ പിന്തുണയും ലഹരിക്ക് അടിമപ്പെട്ട വ്യക്തിയുടെ വിമുക്തനാകാനുള്ള ആഗ്രഹവും കൂടിച്ചേരുമ്പോൾ മാത്രമേ അത് സാധിച്ചെടുക്കാൻ സാധിക്കു.

ലഹരിയുടെ അടിമത്തത്തിൽ നിന്നും രക്ഷപ്പെട്ട വ്യക്തി മുമ്പ് ലഹരി ഉപയോഗിച്ചിരുന്ന ഇടം പിന്നെയും കാണുമ്പോൾ അല്ലെങ്കിൽ അത്തരം കൂട്ടുകെട്ടുകളിൽ വീണ്ടുമെത്തുമ്പോൾ കഴിഞ്ഞകാലം ഓർമവരുകയും ആസക്തി ഉണരുകയും വീണ്ടും ലഹരിക്കുരുക്കിൽ പെടുകയും ചെയ്യാനുള്ള സാധ്യത ഏറെയാണ്. ചികിത്സയിലൂടെ ലഹരിയിൽ നിന്ന് മോചിതനായ വ്യക്തി പഴയകാല സാഹചര്യങ്ങളിലേക്ക് എത്താതെ നോക്കണം. അവരെ പുതിയ സാഹചര്യങ്ങളിലേക്ക് പറിച്ചു നടുകയാണ് വേണ്ടത്. പുതിയ സാഹചര്യങ്ങൾ ഒരുക്കുന്നതോടൊപ്പം മറ്റൊരാളുടെ സൂപ്പർവിഷനിലുമായിരിക്കും വിമോചിതനായ വ്യക്തി.

സമൂഹം വിചാരിച്ചാൽ മാറ്റിയെടുക്കാൻ പറ്റുന്ന ഒന്നാണ് ലഹരിക്കെണി. എന്റെ കുട്ടി അങ്ങനെ ചെയ്യില്ല, അങ്ങനെ പോകില്ല എന്നൊന്നും ആരും ചിന്തിക്കരുത് ഏത് കാലത്തും ലഹരി കടന്നുവരാം, ഏതൊരു വീട്ടിലേക്കും ലഹരി കോളിങ് ബെല്ലില്ലാതെ കടന്നുവരാം. ലഹരിക്ക് അടിമയായ ഒരാൾ തിരികെ ജീവിതത്തിലേക്ക് കടന്നുവന്ന അനുഭവം സ്കൂളുകളിൽ കുട്ടികൾക്ക് പങ്കുവച്ച് കൊടുക്കുന്നതു നല്ലതാണ്. ഇനിവരുന്ന നാളുകൾ ലഹരിയില്ലാത്ത നാളുകളായി മാറണം അതിനായി ശ്രമിക്കണം. ശ്രമിച്ചാൽ നടക്കാത്ത കാര്യമൊന്നുമില്ല. കൂട്ടായ പ്രവർത്തനങ്ങളിലൂടെ ലഹരിക്ക് എതിരെ പോരാടുക, പരിശ്രമിക്കുക പ്രാർത്ഥിക്കുക.

## ഉപകാരസ്മരണ



**വി. യൂദാശ്ലീഹായോടുള്ള നൊവേന**

മിശിഹായുടെ സ്നേഹിതനും വിശ്വസ്ത ദാസനുമായ വിശുദ്ധ യൂദാശ്ലീഹായെ ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കണമേ. യാതൊരു സഹായവവും ഫലസിദ്ധിയുമില്ലാതെ വരുന്ന സന്ദർഭത്തിലും ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേക്ക് വിശേഷ വിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കണമേ. ഞങ്ങളുടെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യ (ആവശ്യം പറയുക) അങ്ങേ സഹായം ഞങ്ങളപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ലീഹായെ, അങ്ങയുടെ ഈ അനുഗ്രഹത്തെ സദാ ഞങ്ങൾ ഓർക്കുമെന്നും, അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞങ്ങൾ വാഗ്ദാനം ചെയ്യുന്നു.

ലിസി ബെന്നി– നെല്ലിപൊയിൽ

## ഉപകാരസ്മരണ



ലൂസി തൈയ്ക്കൽ–കൂടരഞ്ഞി

## ഉപകാരസ്മരണ



തോമസ് – കൂടരഞ്ഞി

## ഉപകാരസ്മരണ



ജിമ്മിച്ചൻ–പുഷ്പഗിരി

# ഒരുമിച്ച് പ്രാർത്ഥിക്കണം, സംസാരിക്കണം

**മക്കൾ ബുദ്ധിമുട്ടുകൾ അനുഭവിക്കാൻ പാടില്ലെന്ന് കരുതുന്നത് തെറ്റാണ്. കഷ്ടപ്പാടുകളും ഇല്ലായ്മകളും അറിഞ്ഞു വേണം മക്കൾ വളർന്നു വരാൻ. ഭവനങ്ങളിൽ കൂട്ടായ്മയുടെ ഊഷ്മളതയുണ്ടെങ്കിൽ മക്കൾ വീടിന് വെളിയിലെ ലഹരി തേടിയിറങ്ങില്ല**



സിസ്റ്റർ ജിനു MSJ
(ഫാമിലി & യൂത്ത് കൗൺസിലർ)

നാലു വർഷം മുമ്പ് ഒരു അമ്മയും മകനും എന്നെ കാണാനെത്തി. മുൻകൂട്ടി അപ്പോയ്ന്റ്മെന്റ് എടുക്കാതെ രാവിലെ എട്ടു മണിക്കാണ് അവർ മഠത്തിലെത്തിയത്. അമ്മ കരഞ്ഞുകൊണ്ട് നിൽക്കുകയാണ്. അവർക്ക് നല്ല വിദ്യാഭ്യാസമുണ്ടെന്ന് ഒറ്റനോട്ടത്തിൽ മനസിലാക്കാം. പക്ഷെ, മകൻ വളരെ ദേഷ്യപ്പെട്ടുകൊണ്ടാണ് നിൽക്കുന്നത്. അവൻ വളരെ അസ്വസ്ഥനാണ്. മുഖത്തും ദേഹത്തുമൊക്കെ മുറിവും ചതവുമുണ്ട്. ഒരു കാൽ പ്ലാസ്റ്റർ ഇട്ടിരിക്കുന്നു. ഒരു കൈ കഴുത്തിൽ തൂക്കിയാണ് ഇട്ടിരിക്കുന്നത്. അവർക്ക് എന്റെ ഒരു കത്തായിരുന്നു ആവശ്യം. മകൻ പഠിക്കുന്ന സ്കൂളിലെ പ്രിൻസിപ്പാളിനും സ്ഥലം എസ്ഐയ്ക്കും കൊടുക്കാൻ മകന്റെ സ്വഭാവ സർട്ടിഫിക്കറ്റ് ഞാൻ തയ്യാറാക്കികൊടുക്കണം എന്നതായിരുന്നു അവരുടെ ആവശ്യം. എന്താണ് പ്രശ്നം എന്ന് അവർ അപ്പോഴും പറഞ്ഞിരുന്നില്ല. അമ്മ സർക്കാർ ഉദ്യോഗസ്ഥയാണെന്ന് പറഞ്ഞ് പരിചയപ്പെടുത്തി. ഞാൻ അവരെ അകത്തേക്ക് ക്ഷണിച്ചു. അമ്മയുമായി ഒറ്റയ്ക്ക് സംസാരിച്ചു.

അമ്മ പറഞ്ഞു തുടങ്ങി: എനിക്ക് രണ്ട് മക്കളാണ്. ഭർത്താവ് ഗൾഫിലാണ്. പത്താം ക്ലാസ് വരെ മൂത്തമകൻ എല്ലാം കൃത്യമായി ചെയ്യുമായിരുന്നു. വളരെ പക്വതയും പാകതയോടെയുമാണ് ഓരോ കാര്യവും ചെയ്തിരുന്നത്. പത്താം ക്ലാസ് നല്ല മാർക്കോടെ ജയിച്ചു. പ്ലസ്ടുവിന് ഒരു പ്രമുഖ സ്കൂളിൽ ചേർത്തു. ക്ലാസ് തുടങ്ങി കുറച്ചു ദിവസങ്ങൾക്ക് ശേഷം അവൻ എന്നോട് പറഞ്ഞു, 'ക്ലാസ് കഴിഞ്ഞ് ഗ്രൗണ്ടിൽ ഇരുന്ന് വർത്തമാനം പറയാൻ കൂട്ടുകാർ നിർബന്ധിക്കുന്നു'. ഞാൻ അത് സമ്മതിച്ചു. അന്നൊരു വെള്ളിയാഴ്ച ഉച്ചഭക്ഷണം കഴിഞ്ഞ് ജോലിക്ക് കയറാൻ തുടങ്ങുമ്പോഴാണ് ഫോണിലേക്ക് ഒരു കോൾ വരുന്നത്. ഒരു പൊലീസുകാരനാണ് വിളിച്ചത്. എത്രയും വേഗം അവർ പറയുന്ന സ്ഥലത്തേക്ക് വരണം എന്നായിരുന്നു ആവശ്യം. എന്റെ മകൻ വലിയൊരു അപകടത്തിൽ പെട്ടെന്ന് പൊലീസുകാരൻ പറഞ്ഞു. ഭയന്നുപോയ ഞാൻ അവിടേക്ക് പുറപ്പെട്ടു. വലിയൊരു ആൾക്കൂട്ടം അവിടെ ഉണ്ടായിരുന്നു. അവരെ വകഞ്ഞുമാറ്റി മുന്നോട്ടെത്തിയപ്പോൾ കണ്ടത് മർദ്ദിച്ച് അവശനാക്കി ഒരു പോസ്റ്റിൽ കെട്ടിയിട്ടിരിക്കുന്ന എന്റെ മകനെയാണ്. അത് കണ്ടതും ഞാൻ തലകറങ്ങി വീണു. കണ്ണീരോടെ ആ അമ്മ അന്നത്തെ സംഭവം വിവരിച്ചു.

ഞാൻ മകനുമായി സംസാരിച്ചു. ആദ്യമൊന്നും അവൻ എന്റെ ചോദ്യങ്ങളെ ഗൗനിച്ചില്ല. പിന്നീട് പയ്യെ പയ്യെ അവൻ സംസാരിച്ചു തുടങ്ങി. നന്നായി പഠിക്കുന്ന കുട്ടികളായിരുന്നു അവന്റെ കൂട്ടുകാർ. പക്ഷെ, അവർ അവനെ എപ്പോഴും പുസ്തകപ്പുഴുവെന്ന് പറഞ്ഞ് കളിയാക്കുമായിരുന്നു. അടിച്ച് പൊളിച്ച് നടക്കാൻ അവർ നിർബന്ധിച്ചു. വൈകുന്നേരങ്ങളിൽ അവരോടൊപ്പം ഗ്രൗണ്ടിൽ സമയം ചെലവഴിക്കാൻ അവൻ നിർബന്ധിതനായി. അവർ ഗ്രൗണ്ടിൽ സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ കുറച്ചു മാറി ബൈക്കുകളിൽ ചിലർ വരും. അവന്റെ കൂട്ടുകാരിൽ ഒന്നോ രണ്ടോ പേർ അവരോട് സംസാരിച്ച് തിരിച്ചു വരും. ഒരു ദിവസം ബൈക്കിലെത്തിയവരോട് സംസാരിച്ച് തിരികെ വന്നവരുടെ കൈയിൽ ഒരു പൊതി ഉണ്ടായിരുന്നു. അവർ അവനോട് വാ തുറക്കാൻ പറഞ്ഞു. അവൻ സമ്മതിച്ചില്ല. കൂട്ടുകാർ നിർബന്ധിച്ച് അവനെ അത് കഴിപ്പിച്ചു. പിന്നീട് 15 മിനിറ്റോളം ഏതോ അനുഭൂതിയിലായിരുന്നു അവൻ. ആകാശം തിളങ്ങുന്നതായും നക്ഷത്രങ്ങൾ തന്റെ അടുത്തേക്ക് വരുന്നതായും അവന് തോന്നി. അതോടൊപ്പം തലകറക്കവും കാല് നിലത്ത് ഉറപ്പിക്കാൻ കഴിയാത്ത അവസ്ഥയുമുണ്ടായി. ആ സമയത്തെ അനുഭൂതി വീണ്ടും വീണ്ടും കിട്ടണമെന്ന് അവന് തോന്നി. അതിനായി കൂട്ടുകാരെ കൂടുതൽ ആശ്രയിക്കാൻ തുടങ്ങി. കുറച്ച് മാസങ്ങൾക്ക് ശേഷം പണം ആവശ്യപ്പെട്ടു തുടങ്ങി. അമ്മ അറിയാതെ അവൻ അമ്മയുടെ പേഴ്സിൽ നിന്ന് പണം മോഷ്ടിക്കാൻ തുടങ്ങി. അത് പിന്നീട് അമ്മയുടെ സ്വർണ കാപ്പ് മോഷ്ടിക്കുന്നതിൽ വരെ എത്തി. സ്വർണം കളവ് പോയത് പ്രശ്നമായതോടെ വീട്ടിലെ മോഷണം അവസാനിപ്പിച്ചു. ഈ അവസ്ഥയിലും അവൻ പഠനത്തിൽ പിന്നാക്കം പോയില്ല. പണമില്ലാതെ ലഹരി കിട്ടില്ലെന്നായതോടെ സുഹൃത്തുക്കളുടെ നിർദ്ദേശാനുസരണം അവൻ പുറത്തു നിന്ന് മോഷണം ആരംഭിച്ചു. ആ വെള്ളിയാഴ്ച കച്ചവടക്കാർ കട പാതി ചാരി പുറത്തേക്ക് പോയ തക്കം നോക്കി അവൻ കടകൾ കയറിയിറങ്ങി പണം മോഷ്ടിച്ചു. അത് ഒരു കച്ചവടക്കാരന്റെ ശ്രദ്ധയിൽ പെട്ടു. അവനെ പിടിച്ച് അവർ കൈകാര്യം ചെയ്ത് പോസ്റ്റിൽ കെട്ടിയിട്ടു. ആ ഒരു ദൃശ്യത്തിലേക്കാണ് അമ്മ വന്നിറങ്ങുന്നത്.

പിന്നീട് പല ദിവസങ്ങളിലായി നിരവധി തവണ അവനുമായി സംസാരിച്ചു. അങ്ങനെയിരിക്കെ ഒരു സംസാരത്തിനിടെ തന്റെ കസിൻ സിസ്റ്റർ കൂടി താൻ കാരണം ലഹരി കെണിയിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന് അവൻ പറഞ്ഞു. അവളെക്കൂടി രക്ഷിക്കണമെന്ന് പറഞ്ഞ് അവൻ കരഞ്ഞു. നിരന്തരമായ കൗൺസിലിങ്ങിലൂടെയാണ് ഇരുവരും ലഹരിക്കെണിയിൽ നിന്ന് രക്ഷപ്പെട്ടത്.

ലഹരിക്ക് അടിമപ്പെട്ടയാളെ തിരികെ ജീവിതത്തിലേക്ക് കൊണ്ടുവരുവാൻ ചുറ്റുമുള്ളവരുടെ പിന്തുണയും പ്രോത്സാഹനവും കൂടിയേ കഴിയൂ. കുടുംബത്തിൽ കൂട്ടായ്മയുടെ ഊഷ്മളതയുണ്ടെങ്കിൽ വീടിന് വെളിയിലെ ലഹരി തേടി മക്കളിറങ്ങില്ല.

## മാതാപിതാക്കളറിയാൻ



മകനോ, മകളോ ലഹരി ഉപയോഗിക്കുന്നുണ്ടെന്ന് ബോധ്യപ്പെട്ടാൽ വളരെ ശ്രദ്ധയോടെ വേണം അത് കൈകാര്യം ചെയ്യാൻ. പൊട്ടിത്തെറിക്കുകയും മർദ്ദിക്കുകയും ശകാരിക്കുകയും ശപിക്കുകയുമൊന്നുമല്ല വേണ്ടത്. ഇതൊരു അവസാനമല്ലെന്ന് ആദ്യമേ തിരിച്ചറിയണം. അവരെ ചേർത്ത് നിർത്തണം. കൂടുതൽ സ്നേഹിക്കണം. ചിലപ്പോൾ നിരവധി തവണ കൗൺസലിങ് നൽകേണ്ടതായി വരും. അപ്പോഴെല്ലാം ക്ഷമയോടെ അവരുടെ ഒപ്പം നിൽക്കണം. ലഹരി ഉപയോഗിക്കാൻ ഇടയായ സുഹൃദ് വലയങ്ങളിൽ നിന്നും അത്തരം സാഹചര്യങ്ങളിൽ നിന്നും അവരെ മാറ്റി നിർത്തുവാനായി കുടുംബം ഒന്നിച്ച് യാത്ര പോകുകയോ ധ്യാനം കൂടുകയോ ചെയ്യാം. കുടുംബവുമായി ഊഷ്മളമായൊരടുപ്പം അവരിൽ ജനിപ്പിക്കാൻ സാധിക്കണം. പതിയെ അവരെ ലഹരിയുടെ ചങ്ങലയിൽ നിന്ന് വിച്ഛേദിക്കാൻ കഴിയും.



വീട്ടിൽ എല്ലാവരും ഒന്നിച്ച് കുരിശു വര കഴിഞ്ഞ് അരമണിക്കൂർ പരസ്പരം സംസാരിക്കാൻ ചെലവഴിക്കണം. അന്നേ ദിവസത്തെ കഷ്ടപ്പാടുകളും സന്തോഷങ്ങളും പിരിമുറുക്കങ്ങളും രസകരമായ സംഭവങ്ങളുമെല്ലാം മാതാപിതാക്കളും മക്കളും പരസ്പരം പങ്കുവയ്ക്കണം. പണമുണ്ടാക്കാനുള്ള കഷ്ടപ്പാടുകൾ കുട്ടികളും ജീവിത പങ്കാളിയും അറിയണം. പലപ്പോഴും അത് അറിയിക്കാതിരിക്കുന്നതാണ് കുടുംബങ്ങൾ തകരാൻ കാരണം. ഭർത്താവിന്റെ കഷ്ടപ്പാടുകൾ ഭാര്യയും ഭാര്യയുടെ കഷ്ടപ്പാടുകൾ ഭർത്താവും മനസിലാക്കണം. തങ്ങൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ മക്കൾ അനുഭവിക്കാൻ പാടില്ലെന്ന് കരുതുന്നത് തെറ്റാണ് കഷ്ടപ്പാടുകളും ഇല്ലായ്മകളും അറിഞ്ഞു വേണം മക്കൾ വളർന്നു വരുവാൻ.




കുടുംബത്തിൽ പ്രായമായ മാതാപിതാക്കളുടെ സാന്നിധ്യം കുട്ടികളിൽ ഗുണപരമായ മാറ്റങ്ങൾ ഉണ്ടാക്കുന്നതായി കാണാറുണ്ട്. പ്രായമായ മാതാപിതാക്കളുടെയൊപ്പം സമയം ചെലവഴിക്കാൻ മക്കളെ അനുവദിക്കണം. അതിനുള്ള അവസരമൊരുക്കണം.






## 2018 ജനുവരി മുതൽ 2022 സെപ്റ്റംബർ വരെ എൻഡിപിഎസ് ആക്ട് പ്രകാരം പിടിച്ചെടുത്ത വിവിധ ലഹരി പദാർത്ഥങ്ങളുടെ വർഷം തിരിച്ചുള്ള കണക്കിന്റ രേഖാചിത്രം




*വിവരാവകാശ നിയമപ്രകാരം എക്സൈസ് ക്രൈം റിക്കോർഡ്സ് ബ്യൂറോ മലബാർ വിഷന് ലഭ്യമാക്കിയ വിവരങ്ങളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയത്*

# ഇഴ മുറിയരുത് കുടുംബ ബന്ധങ്ങൾ

ലഹരിക്കെതിരെ വ്യാപക പ്രചാരണ പരിപാടികളാണു കഴിഞ്ഞ ഒക്ടോബർ 2 മുതൽ നവംബർ 1 വരെ സംസ്ഥാന സർക്കാരിന്റെ നേതൃത്വത്തിൽ കേരളത്തിൽ വ്യാപകമായി സംഘടിപ്പിച്ചത്. ലഹരിവിരുദ്ധ ക്യാംപെയ്നായ യോദ്ധാവ് പോലുള്ള ഉദ്യമങ്ങൾ ശ്ലാഘനീയമാണെങ്കിലും കുറഞ്ഞ കാലത്തേക്കുള്ള ബോധവൽക്കരണ പ്രവർത്തനങ്ങൾ എത്രത്തോളം ഫലം ചെയ്യുമെന്ന ആശങ്കയുണ്ട്. സ്കൂൾ പാഠ്യപദ്ധതിയിൽ ലഹരിയുടെ ദൂഷ്യഫലങ്ങളെക്കുറിച്ചും അതിന്റെ ഉപയോഗം വരുത്തുന്ന ശാരീരിക, മാനസിക പ്രശ്നങ്ങളെക്കുറിച്ചും കുട്ടികളെ മനസ്സിലാക്കി കൊടുക്കേണ്ടതുണ്ട്. കൗമാരക്കാരുടെയും യുവജനങ്ങളുടെയും ആരോഗ്യകരമായ കൂട്ടായ്മകളെ പ്രോത്സാഹിപ്പിക്കുകയും അതിനു പിന്തുണ നൽകുകയും ചെയ്യണം. തൊഴിലില്ലായ്മയും വിവിധ ജോലികൾക്കുള്ള തൊഴിൽ വൈദഗ്ധ്യക്കുറവും തൊഴിൽ നൈപുണ്യശേഷിയില്ലായ്മയും വലിയൊരു വിഭാഗത്തെ നിരാശയിലേക്കും വിഷാദാവസ്ഥയിലേക്കും ലഹരിയിലേക്കും തള്ളിവിടുന്നു എന്ന് മനസിലാക്കി ഈ പ്രശ്നങ്ങളെ പരിഹരിക്കാൻ സർക്കാർ തയ്യാറാകണം.

മദ്യത്തിന് കോടികൾ ചിലവഴിച്ചിരുന്ന കേരളത്തിലെ അഭ്യസ്തവിദ്യരിന്ന് അതിലും വലിയ തിന്മയിലാണ് ഇടറി വീഴുന്നത്. നൈമിഷികാനന്ദത്തിനായി ലഹരിയുടെ ലോകത്തേക്ക് അഭിരമിക്കുന്ന മലയാളക്കരയെ നോക്കി നെടുവീർപ്പിടാനേ സാധിക്കുന്നുള്ളൂ. ഇത്തരം തിന്മകളെ നിയമം കൊണ്ട് നിയന്ത്രിക്കാം എന്നു കരുതിയാൽ എൻഡിപിസി പോലുള്ള നിയമങ്ങളുടെ പഴുതുകൾ ചൂഷണം ചെയ്തു കേരളത്തിൽ പടർന്നു പന്തലിക്കുകയാണ് കേരളത്തിനകത്തും പുറത്തും വിദേശത്തുമായി വേരുകളുള്ള ലഹരി മാഫിയ. നിയമപാലകരുടെ കണ്ണു വെട്ടിക്കാൻ സൗകര്യം നോക്കിയും മാതാപിതാക്കളെയും അധ്യാപകരെയും കബളിപ്പിക്കാനുള്ള സൗകര്യം പരിഗണിച്ചും രാസലഹരിയിലേക്ക് യുവത്വം വഴി മാറുമ്പോൾ സുബോധവും ധാർമികതയും നഷ്ടമായ ഒരു തലമുറ ഈ കാലഘട്ടത്തിന്റെ അവശേഷിപ്പാകും.

മുകളിൽ നൽകിയിരിക്കുന്ന ഗ്രാഫ് പരിശോധിച്ചാൽ ചിത്രം ഏറെക്കുറെ വ്യക്തമാണ്. 2018 മുതൽ 2020 വരെയുള്ള കാലഘട്ടത്തിലെ അളവിൽ നിന്ന് രാസലഹരിയുടെ ഉപയോഗം 2022ൽ രണ്ടും മൂന്നും ഇരട്ടിയോ അതിലും അധികമോ ആയി വർധിച്ചിരിക്കുന്നു. കൂടാതെ ആൺകുട്ടികൾ എന്നോ പെൺകുട്ടികൾ എന്നോ വേർതിരിവില്ലാതെ യുവജനങ്ങൾ രാസലഹരി ഉപയോഗിക്കാൻ തുടങ്ങിയിരിക്കുന്നതും ഭീതിപ്പെടുത്തുന്നു. തലച്ചോറിനെയും ശരീരത്തിലെ നാഡീ വ്യവസ്ഥയെയും വളരെ ദോഷകരമായി ബാധിക്കുന്ന ഈ ലഹരി വസ്തുക്കൾ യുവത്വത്തിന്റെ സ്വഭാവികമായ സർഗ്ഗാത്മകതയെയും ഊഷ്മളമായ ബന്ധങ്ങളെയും ചിന്താശേഷിയെയും നശിപ്പിക്കുകയാണ്. ലഹരി ലഭ്യതക്കായി ഏതു മാർഗവും സ്വീകരിക്കാൻ യുവജനങ്ങൾ തയ്യാറാകുന്നതും ലഹരി മാഫിയയുടെ ഭീഷണിക്ക് അടിപ്പെട്ട് ലഹരി കച്ചവടത്തിന്റെ ഇടനിലക്കാരായി മാറേണ്ടി വരുന്നതും ധാർമിക അധഃപതനത്തിലേക്കു കൂടി വഴി തെളിയ്ക്കുന്നു. ഈ അവസ്ഥയിലേക്ക് എത്തിച്ചേരുന്നതിന് മുന്നേ ഇവരെ വീണ്ടെടുക്കാനുള്ള ഉത്തരവാദിത്വം സമൂഹത്തിന്റേതാണ്.

ഒരു കുടുംബത്തിലുള്ളവർ തമ്മിൽ പോലും പരസ്പരം സംസാരിക്കാത്ത അവസ്ഥയും തകർന്ന കുടുംബ ബന്ധങ്ങളും ലഹരിയിലേക്ക് വഴി തുറക്കുന്നുണ്ട്. കുടുംബവഴക്കുകളെ തുടർന്ന് അരക്ഷിതാവസ്ഥയിൽ വളരുന്ന കുട്ടികളും ഭാവിയിൽ ലഹരിമാഫിയയിൽ എത്തിപ്പെടാനുള്ള സാധ്യതയേറെയാണ്. കുടുംബത്തിലും സമൂഹത്തിലും ലഹരി ഉപയോഗിക്കുന്നവരെ തിരിച്ചറിയാതെ പോകുന്നതും വൈകി തിരിച്ചറിയുന്നതുമാണ് ഇപ്പോഴത്തെ പ്രധാന പ്രതിസന്ധി. വീട്ടിലെ ഐക്യവും അയൽപക്ക സൗഹൃദങ്ങളും സാമൂഹിക ബന്ധങ്ങളും മെച്ചപ്പെടുത്തുക എന്നതാണ് ഇതിന് പരിഹാരം.



## ലഹരി കേസുകളിൽ ശിക്ഷ ഇങ്ങനെ

രാസലഹരിക്കടത്തിൽ ശിക്ഷയ്ക്കു കടുപ്പമേറെയാണ്. പിടിയിലായാൽ 6 മാസം വരെ റിമാൻഡ് ചെയ്യാം. അതിനുശേഷം മാത്രമേ ജാമ്യം പോലും ലഭിക്കൂ. ഈ കേസുകളെ സ്മോൾ ക്വാണ്ടിറ്റി, മീഡിയം ക്വാണ്ടിറ്റി, കമേഴ്സ്യൽ ക്വാണ്ടിറ്റി എന്നിങ്ങനെ മൂന്നു വിഭാഗങ്ങളാക്കി തിരിച്ചിട്ടുണ്ട്. രണ്ടോ മൂന്നോ ഗ്രാം എംഡിഎംഎ കൈവശം വച്ചാൽ ജാമ്യമെടുക്കാമെന്നു കരുതുന്നവരാണ് പലരും. എന്നാൽ ഇത് 10 വർഷം വരെ കഠിനതടവു ലഭിക്കുന്ന ശിക്ഷയാണ്.

**എംഡിഎംഎ**

● സ്മോൾ ക്വാണ്ടിറ്റി: 0.5 ഗ്രാം വരെ ഒരു വർഷം തടവ്

● മീഡിയം ക്വാണ്ടിറ്റി: 0.5 ഗ്രാം 10 ഗ്രാം വരെ 10 വർഷം വരെ കഠിന തടവ്

● കമേഴ്സ്യൽ ക്വാണ്ടിറ്റി: 10 ഗ്രാമിനു മുകളിൽ 10 മുതൽ 20 വർഷം വരെ കഠിനതടവ്

**എൽഎസ്ഡി**

● സ്മോൾ ക്വാണ്ടിറ്റി: 0.002 ഗ്രാം ഒരു വർഷം തടവ്

● മീഡിയം ക്വാണ്ടിറ്റി: 0.1 ഗ്രാം വരെ 10 വർഷം വരെ കഠിനതടവ്

● കമേഴ്സ്യൽ ക്വാണ്ടിറ്റി: 0.1 ഗ്രാമിന് മുകളിൽ 10 മുതൽ 20 വർഷം വരെ കഠിനതടവ്

## സർക്കാർ ചിലവിൽ സൗജന്യ ചികിത്സ

എക്സൈസ് വകുപ്പിന്റെ കീഴിൽ ലഹരി അഡിക്ഷന് സൗജന്യ ചികിത്സയും കൗൺസിലിങ്ങും ലഭ്യമാക്കുന്ന വടക്കൻ കേരളത്തിലെ ആശുപത്രികൾ

● **കോഴിക്കോട്:** ഗവ. ബീച്ച് ആശുപത്രി ● **മലപ്പുറം:** നിലമ്പൂർ ഗവ. ആശുപത്രി ● **വയനാട്:** ഗവ. താലൂക്ക് ഹെഡ് ക്വാട്ടേഴ്സ് ആശുപത്രി, ബത്തേരി ● **കണ്ണൂർ:** താലൂക്ക് ആശുപത്രി, പയ്യന്നൂർ ● **കാസർകോട്:** താലൂക്ക് ആശുപത്രി, നീലേശ്വരം

**5-ാം ചരമവാർഷികം**

**(19-12-2022)**



**എ. ഡി. വർഗീസ് (അപ്പച്ചായി)**

**അറവാക്കൽ, വേനപ്പാറ**

പ്രാർത്ഥനയോടെ കുടുംബാംഗങ്ങൾ

**41-ാം ചരമദിനം**

**(29-10-2022)**



**ജോസഫ്**

**മുട്ടത്തുകുന്നേൽ, ചക്കിട്ടപ്പാറ**

Born : 06-03-1932 Died : 21-09-2022

" I have fought a good fight, I have finished my course, I have kept the faith : Henceforth there is laid up for me a crown if righteousness, which the Lord, the righteous judge, shall give me at that day - (Timothy 4 : 7-8)

**1-ാം ചരമവാർഷികം**

**(16-10-2022)**



**അന്നക്കുട്ടി**

**ചെറുപിള്ളേട്ട്, കുളത്തുവയൽ**

പ്രാർത്ഥനയോടെ കുടുംബാംഗങ്ങൾ

## നേട്ടം



● അലഹബാദിലെ SHUATS യൂണിവേഴ്സിറ്റിയിൽ നിന്ന് എം.ടെക് ഫുഡ് ടെക്നോളജിയിൽ ഒന്നാം റാങ്കും ഗോൾഡ് മെഡലും നേടിയ ക്ലെനീറ്റ സോൺസും എംഎസ്സി ഫോറസ്ട്രിയിൽ ഒന്നാം റാങ്കും ഗോൾഡ് മെഡലും നേടിയ ക്ലിന്റ് സോൺസും. പുല്ലൂരാംപാറ കോതമ്പനാനി സോൺസ്–ഷൈനി ദമ്പതികളുടെ മക്കളാണ്.



● കേരള ആരോഗ്യ സർവകലാശാലയിൽ നിന്ന് എംഡിഎസ് പരീക്ഷയിൽ രണ്ടാം റാങ്ക് നേടിയ ഡോ. മരിയ അലീസിയ റോയ്. കാക്കവയൽ കണ്ടത്തുംതൊടുകയിൽ ഡോ. സിറിയക് ഫിലിപ്പിന്റെ ഭാര്യയാണ്.

## സാഹിത്യ പരസ്കാരം ഏറ്റുവാങ്ങി




കെ. ടി. ത്രേസ്യ

**പേരാമ്പ്ര:** ഈ വർഷത്തെ ആർ. കെ. രവി വർമ്മ സംസ്ഥാന സാഹിത്യ പുരസ്കാരം ചോമ്പ്ലാനിയിൽ കെ. ടി. ത്രേസ്യ ഏറ്റുവാങ്ങി. പേരാമ്പ്ര റീജിയണൽ കോഓപ്പറേറ്റീവ് ബാങ്ക് ഓഡിറ്റോറിയത്തിൽ സംഘടിപ്പിച്ച സാഹിത്യ സമ്മേളനത്തിൽ തുറമുഖ മന്ത്രി അഹമ്മദ് ദേവർ കോവിൽ പുരസ്കാര സമർപ്പണം നടത്തി.

യൂറോപ്പ് ഒരു വിസ്മയം എന്ന യാത്രാ വിവരണ സഞ്ചാര സാഹിത്യരചനയ്ക്കാണ് പുരസ്കാരം ലഭിച്ചത്. ജോസഫ് പൂതക്കുഴി സമ്മേളനത്തിൽ അദ്ധ്യക്ഷത വഹിച്ചു. കെ. ടി. ത്രേസ്യക്ക് കഴിഞ്ഞ വർഷത്തെ ഭാഷാ ശ്രീ ബാലസാഹിത്യ സംസ്ഥാന പുരസ്കാരം ലഭിച്ചിരുന്നു. തിരുവമ്പാടി സേക്രഡ് ഹാർട്ട് യുപി സ്കൂൾ റിട്ടയേഡ് മലയാളം അധ്യാപികയാണ്.

# മിഷൻ ലീഗ് സംസ്ഥാന കലോത്സവം: മൂന്നാം സ്ഥാനം നേടി താമരശ്ശേരി




**മിഷൻ ലീഗ് സംസ്ഥാന മത്സരത്തിൽ ഒന്നാം സ്ഥാനം നേടിയവർ: ജോണി നരിവേലിൽ, കക്കയം (സൂപ്പർ സീനിയർ – സംഗീതം), ഫിലോമിന അഗസ്റ്റിൻ ഇരുവേലിക്കുന്നേൽ, തേക്കുംകുറ്റി (സൂപ്പർ സീനിയർ – കഥാരചന), ജിസ്മോൻ കൊല്ലമന, കൂമംകുളം (സീനിയർ – കഥാരചന), അഞ്ജലി രണ്ടുപ്ലാക്കൽ, വിലങ്ങാട് (സൂപ്പർ സീനിയർ – സംഗീതം), നിയ മരിയ മഞ്ഞക്കുന്നേൽ, കുളത്തുവയൽ (സബ് ജൂനിയർ ഗേൾസ് – ബൈബിൾ വായന)**

**താമരശ്ശേരി:** ചെറുപുഷ്പ മിഷൻ ലീഗ് സംസ്ഥാന കലോത്സവത്തിൽ താമരശ്ശേരി രൂപതയ്ക്ക് മൂന്നാം സ്ഥാനം. സംസ്ഥാന തല മത്സരങ്ങളിൽ വിജയികളായവർ ചുവടെ:

സംസ്ഥാന സാഹിത്യ മത്സര വിജയികൾ

● ഒന്നാം സ്ഥാനം നേടിയവർ: സീനിയർ ബോയ്സ് കഥാ രചന– ജിസ്മോൻ കൊല്ലമന, കൂമംകുളം. സൂപ്പർ സീനിയർ ഗേൾസ് കഥാ രചന– ഫിലോമിന അഗസ്റ്റിൻ ഇരുവേലിക്കുന്നേൽ, തേക്കുംകുറ്റി .

● രണ്ടാം സ്ഥാനം നേടിയവർ: ജൂനിയർ ബോയ്സ് കഥാരചന– ഇമ്മാനുവേൽ ജോൺ പുതിയേടത്ത്, കോടഞ്ചേരി. ജൂനിയർ ഗേൾസ് കഥാരചന–സലറ്റ് മരിയ ഷാജി കണ്ടത്തിൽ, സീനിയർ ഗേൾസ് കഥാ രചന–ലൊറെൻ ജോർജ് അനന്തക്കാട്ട്, കൂരാച്ചുണ്ട്. സൂപ്പർ സീനിയർ ബോയ്സ് കവിത രചന–ടോംസ് ടി സൈമൺ തോണക്കര, കൂടരഞ്ഞി, സൂപ്പർ സീനിയർ ഗേൾസ് ഉപന്യാസം–ജിഷ സതീഷ് തെങ്ങുംപിള്ളി, കാറ്റുള്ളമല.

● മൂന്നാം സ്ഥാനം നേടിയവർ: സീനിയർ ഗേൾസ് കവിത രചന–ആൻ മരിയ ജോയ് മേലേട്ട്, കുളിരാമുട്ടി, സൂപ്പർ സീനിയർ ബോയ്സ് കവിത രചന–ജോൺസൺ കോയിക്കക്കുന്നേൽ, കക്കയം.

**സംസ്ഥാന മിഷൻ കലാമത്സര വിജയികൾ–** ഒന്നാം സ്ഥാനം നേടിയവർ: സൂപ്പർ സീനിയർ ഗേൾസ് സംഗീതം – അഞ്ജലി രണ്ടുപ്ലാക്കൽ, വിലങ്ങാട്. സബ് ജൂനിയർ ഗേൾസ് ബൈബിൾ വായന – നിയ മരിയ മഞ്ഞക്കുന്നേൽ, കുളത്തുവയൽ. സൂപ്പർ സീനിയർ ബോയ്സ് സംഗീതം – ജോണി നരിവേലിൽ കക്കയം.

● രണ്ടാം സ്ഥാനം നേടിയവർ: സബ് ജൂനിയർ ഗേൾസ് സംഗീതം – എലൈൻ റോസ് പതാപ്പറമ്പിൽ, കൂടത്തായ്. ജൂനിയർ ഗേൾസ് മിഷൻ ക്വിസ് – ദിയ ബിജു പരവര മലപ്പുറം. സൂപ്പർ സീനിയർ ബോയ്സ് – മെൽവിൻ പുൽപ്പറയിൽ തോട്ടുമുക്കം.

● മൂന്നാം സ്ഥാനം നേടിയവർ: സൂപ്പർ സീനിയർ ഗേൾസ് സംഗീതം – സീമ കാരക്കട കൂരാച്ചുണ്ട്. ജൂനിയർ ഗേൾസ് മിഷൻ ക്വിസ് –ലിയ കേഴപ്ലാക്കൽ, കൂരോട്ടുപാറ. സീനിയർ ഗേൾസ് പ്രസംഗം – ആൻ മരിയ അഗസ്റ്റിൻ തലച്ചിറ, ചക്കിട്ടപ്പാറ.

## ഇൻഫാം ജൈവവളം വിപണിയിൽ

**താമരശ്ശേരി:** ഇൻഫാം താമരശ്ശേരി രൂപതാ സമിതിയുടെ ആഭിമുഖ്യത്തിൽ ജൈവവളം വിപണിയിലിറക്കി. രൂപതാ ഭവനിൽ നടന്ന കൈക്കാരന്മാരുടെ സമ്മേളനത്തിൽ ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ മുൻ കർഷകശ്രീ ജേതാവ് തോമസ് വെട്ടത്തിന് നൽകി ഉദ്ഘാടനം ചെയ്തു.

300 ൽ പരം ജൈവ സസ്യങ്ങളുടെ ചണ്ടിയിൽ നിന്ന് രൂപീകരിച്ച അടിസ്ഥാന വളവും പച്ചക്കക്ക, സ്യൂഡോമോണസം എന്നിവയാൽ സമ്പന്നമാക്കിയ ജൈവവളത്തിന് പൂന വയറോളജി ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്ന് സർട്ടിഫിക്കറ്റ് ലഭിച്ചിട്ടുണ്ട്.

തെങ്ങ് കവുങ്ങ്, റബർ, വാഴ, പച്ചക്കറി വിളകൾ, പൂച്ചെടികൾ എന്നിവയുടെ ദ്രുത വളർച്ചയ്ക്കും കീടങ്ങളുടെ ആക്രമണങ്ങളിൽ നിന്ന് സംരക്ഷണം നേടുന്നതിനും ജൈവവളം ഉത്തമമാണെന്ന് ഇൻഫാം ഭാരവാഹികൾ പറയുന്നു. ഉദ്ഘാടന ചടങ്ങിൽ ഇൻഫാം രൂപത ഡയറക്ടർ ഫാ. ജോസ് പെണ്ണാപറമ്പിൽ, രൂപത ചാൻസിലർ ഫാ. ബെന്നി മുണ്ടനാട്ട്, രൂപത പ്രൊക്കുറേറ്റർ ഫാ. കുര്യാക്കോസ് മുക്കാല എന്നിവർ പങ്കെടുത്തു. വളം ബുക്ക് ചെയ്യാനും കൂടുതൽ വിവരങ്ങൾക്കും: 9447218586.



**ഇൻഫാം ജൈവവളം വിപണിയിൽ ഇറക്കുന്നതിന്റെ ഉദ്ഘാടനം ബിഷപ് മാർ റെമിജിയോസ് ഇഞ്ചനാനിയിൽ തോമസ് വെട്ടത്തിന് നൽകി നിർവഹിക്കുന്നു. ഫാ. ജോസ് പെണ്ണാപറമ്പിൽ, അഗസ്റ്റിൻ പുളിക്കക്കണ്ടത്തിൽ എന്നിവർ സമീപം**

## വാർത്താ ജാലകം

### ● ആൽഫയിൽ ജർമൻ ഭാഷാപഠനം

ആൽഫ മരിയ അക്കാദമിയുടെ വിവിധ സെന്ററുകളിൽ ജർമൻ ഭാഷാ പഠനത്തിന്റെ പുതിയ ബാച്ചുകൾ (A1, A2, B1, B2) നവംബർ 14 മുതൽ ആരംഭിക്കുന്നു.
വിവരങ്ങൾക്ക്: 0495–2962180, 7907028758.

### ● വാഹന പ്രചരണ ജാഥ നടത്തി

വർദ്ധിച്ചുവരുന്ന തെരുവ് നായ്ക്കളുടെ ആക്രമണത്തിനെതിരെ താമരശ്ശേരി രൂപത മരിയൻ പ്രോലൈഫ് യൂത്ത് വിങ് തിരുവമ്പാടി നിയോജക മണ്ഡലത്തിലെ വിവിധ സ്ഥലങ്ങളിൽ വാഹന പ്രചരണ ജാഥ സംഘടിപ്പിച്ചു.

കോടഞ്ചേരിയിൽ ഫാ. കുര്യക്കോസ് ഐക്കൊളമ്പിൽ ജാഥ ഉദ്ഘാടനം ചെയ്തു. താമരശ്ശേരി രൂപത പ്രോലൈഫ് ഡയറക്ടർ ഫാ. ജോസ് പെണ്ണാപറമ്പിൽ അധ്യക്ഷത വഹിച്ചു. ബോധവൽക്കരണവും ലഘുലേഖ വിതരണവും ചെയ്തതോടൊപ്പം ബന്ധപ്പെട്ട അധികാരികൾക്ക് നൽകുവാനുള്ള നിവേദനങ്ങൾക്ക് ഒപ്പ് ശേഖരണവും നടത്തി.

വിശുദ്ധനാട് തീർത്ഥയാത്ര
കർത്താവ് ജനിച്ചു ജീവിച്ച അനുഗൃഹീത നാട്ടിലൂടെ ഒരു പുണ്യയാത്ര.

● ജോർദ്ദാൻ ● ഇസ്രായേൽ ● പാലസ്തീൻ ● ഈജിപ്ത്
ജെറുസലേം, നെബോ പർവതം, നസ്രത്ത്, മംഗളവാർത്താ ദേവാലയം, കാന, കഫർണാം, ബത്‌ലഹേം, തിരുപ്പിറവി ദേവാലയം, ബഥനി, താബോർ മല, സെഹിയോൻ മാളിക, ജോർദാൻ നദി, ബത്സയ്ദാ കുളം, ഒലിവുമല, തിരുക്കല്ലറ, ഗത്സമൻതോട്ടം, ജറീക്കോ, ചെങ്കടൽ, സീനായ്, ഈജിപ്ത്, പിരമിഡ്. നൈൽ നദിയിലും ഗലീലി തടാകത്തിലും ബോട്ട് യാത്ര, ചാവുകടലിൽ കുളി, ഗത്സമൻ തോട്ടത്തിൽ ആരാധന, കാനായിൽ വിവാഹ വാഗ്ദാന നവീകരണം, ഗാഗുൽത്തായിലേക്ക് കുരിശിന്റെ വഴി.
2023 ഏപ്രിൽ 17, 29, മേയ് 10, 22 തീയ്യതികളിലും സെപ്റ്റംബർ, ഒക്ടോബർ മാസങ്ങളിലും പുറപ്പെടുന്നു.
യാത്രയുടെ ചിത്രങ്ങൾ പെൻഡ്രൈവിൽ നൽകുന്നു എല്ലാ ഗ്രൂപ്പുകളിലും വൈദികരുടെ നേതൃത്വം പരിചയ സമ്പന്നരായ ടൂർ ഗൈഡുകളുടെ സേവനം
Sama Travel
Great Journeys Begin Here
Contact : Fr. Sai Parankulangara: 9544 28 50 18
എല്ലാ യാത്രകളുടെയും ബുക്കിംങ് ആരംഭിച്ചിരിക്കുന്നു

യൂറോപ്പ്– മരിയൻ തീർത്ഥയാത്ര
● വത്തിക്കാൻ ● സ്വിറ്റ്സർലന്റ് ● ഇറ്റലി
● പോർച്ചുഗൽ ● ജർമ്മനി ● ഫ്രാൻസ് ● സ്പെയ്ൻ


കൊളോസിയം, വത്തിക്കാൻ മ്യൂസിയം, കാറ്റക്യൂമ്പ്സ്, സെന്റ് പീറ്റേഴ്സ് ബസിലിക്ക, സിസ്റ്റെയ്ൻ ചാപ്പൽ, പിസ, അസീസി, വെനീസ്, പാദുവ, മിലാൻ കത്തീഡ്രൽ, മൗണ്ട് റ്റിറ്റ്ലീസ്, ബെൻസ് മ്യൂസിയം, ലിസ്യൂ, നോർത്തഡാം കത്തീഡ്രൽ, ഈഫൽ ടവർ, ലൂർദ്ദ്, ഫാത്തിമ
16 ദിവസത്തെ പ്രോഗ്രാം കോഴിക്കോട് നിന്ന് പുറപ്പെടുന്നു. ബുക്കിംങ് ആരംഭിച്ചിരിക്കുന്നു
2023 മേയ് ആദ്യവാരം പുറപ്പെടുന്നു

ഗോവ തീർത്ഥയാത്ര
2023 ഫെബ്രുവരി, ഏപ്രിൽ, മേയ് മാസങ്ങളിൽ പുറപ്പെടുന്നു


വി. ജോസഫ് വാസിന്റെ ജന്മഗൃഹം, വാഴ്ത്തപ്പെട്ട ആഞ്ചലോയുടെ കബറിടം–ദേവാലയം, മിരാമർ ബീച്ച്, ഡോണ പോള ബീച്ച്, കളംഗട്ട് ബീച്ച് , ബോട്ടു യാത്ര, ബോം ജീസസ് കത്തീഡ്രൽ, വി. ഫ്രാൻസിസ് സേവ്യറുടെ പൂജ്യ ശരീരം, ക്രിസ്ത്യൻ മ്യൂസിയം, സെന്റ് അഗസ്റ്റീനിയൻ ചർച്ച്, ഓൾഡ് ഗോവ ചർച്ച്, അഹൂദ ഫോർട്ട്, കോൾവ ബീച്ച്.
യാത്രയടക്കം മൂന്ന് രാത്രി 2 പകൽ കോഴിക്കോട് നിന്ന് ഗോവക്കും തിരിച്ചും ട്രെയിൻ യാത്ര
ഗോവ യാത്രയ്ക്ക് ട്രെയ്ൻ ടിക്കറ്റ് ബുക്ക് ചെയ്യേണ്ടതിനാൽ 3 മാസം മുമ്പെങ്കിലും പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.



# അൽഫോൻസാ കോളജിന് NAAC എ ഗ്രേഡ്

**തിരുവമ്പാടി:** അൽഫോൻസ കോളജിന് നാക് എ ഗ്രേഡ്. 3.23 CGPA സ്കോറോടെയാണ് യുജിസിയുടെ അക്രഡിറ്റേഷൻ ഏജൻസിയായ നാകിന്റെ എ ഗ്രേഡ് അൽഫോൻസ കോളജിന് ലഭിച്ചത്.

കോളജിന്റെ അക്കാദമിക നിലവാരവും പാഠ്യ- പാഠ്യേതര പ്രവർത്തനങ്ങളും ഭൗതിക സാഹചര്യങ്ങളും സാമൂഹ്യ പ്രതിബദ്ധതയും നാകിന്റെ വിദഗ്ധസമിതിയായ നേരിട്ടെത്തി വിലയിരുത്തിയിരുന്നു. കേരളത്തിലെ ആർട്സ് ആന്റ് സയൻസ് സ്വാശ്രയ കോളജുകളിൽ ഫസ്റ്റ് സൈക്ലിൽ തന്നെ ഉയർന്ന CGPA സ്കോറോടെ A ഗ്രേഡ് അക്രഡിറ്റേഷൻ നേടിയ മറ്റു കോളേജുകളില്ല.

കോളേജ് പ്രവർത്തനം ആരംഭിച്ച് എട്ടു വർഷത്തിനുള്ളിലാണ് മാനേജ്മെന്റിന്റേയും അധ്യാപകരുടേയും വിദ്യാർത്ഥികളുടേയും രക്ഷിതാക്കളുടെയും പൂർവ്വ വിദ്യാർത്ഥികളുടെയും കൂട്ടായ പരിശ്രമത്തിന്റെ ഫലമായാണ് ഉയർന്ന സ്കോറോടെ നാക്ക് അക്രഡിറ്റേഷൻ നേടാനായതെന്ന് പ്രിൻസിപ്പാൾ ഡോ. കെ. വി. ചാക്കോയും നാക് കോ-ഓഡിഡേറ്റർ ഫാ. ജിയോ മാത്യുവും വൈസ് പ്രിൻസിപ്പാൾ ഫാ. ഷെനീഷ് അഗസ്റ്റിനും ബർസാർ ഫാ. ഷിജു മാത്യുവും പറഞ്ഞു.

അൽഫോൻസ കോളജിന്റെ ഈ നേട്ടം വിജയം മലയോര കുടിയേറ്റ ജനതയുടെ ഉന്നത വിദ്യാഭ്യാസ സ്വപ്നങ്ങളെ സാക്ഷാത്കരിക്കാൻ കൂടുതൽ ബലം നൽകുന്നതാണെന്ന് കോളജ് രക്ഷാധികാരികൂടിയായ ബിഷപ് മാർ റെമിജിയോസ് ഇഞ്ചനാനിയിൽ അഭിപ്രായപ്പെട്ടു.

സ്ഥാപനത്തിന് ലഭിച്ച ദേശീയ അംഗീകാരം മലയോര ജനതക്ക് ആവേശവും പ്രചോദനവും നൽകുന്നതാണെന്ന് കോളേജ് മാനേജർ ഫാ. സജി മങ്ങരയിലും ഡയറക്ടർ ഫാ. ജോസഫ് പാലക്കാട്ടും പറഞ്ഞു.

## ലോഗോസ് ബൈബിൾ ക്വിസ് സംസ്ഥാന മത്സരത്തിൽ താമരശ്ശേരി രൂപതയിൽ നിന്നും വിജയികളായവർ



മാത്യു
തയ്ക്കുന്നുംപുറം
(കൂരാച്ചുണ്ട്)



റോസമ്മ
മാടപ്പാട്ട്
(പാറോപ്പടി)



അതുല്യ
മുണ്ടാട്ടുചുണ്ടയിൽ
(പുഷ്പഗിരി)



ഷിൻസ്
പൈനാടത്ത്
(പടത്തുകടവ്)



ലിയ ട്രീസ
കേഴപ്ലാക്കൽ
(കൂരോട്ടുപാറ)

## വാർത്താ ജാലകം

### കോർപ്പറേറ്റ് സ്കൂളുകളിലേക്ക് ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നു

താമരശ്ശേരി രൂപത കോർപ്പറേറ്റ് എഡ്യുക്കേഷണൽ ഏജൻസിയുടെ കീഴിലുള്ള വിവിധ വിദ്യാലയങ്ങളിൽ ഉണ്ടാകുന്ന സ്ഥിരം ഒഴിവുകളിൽ ഭിന്നശേഷി സംവരണം നടപ്പിലാക്കുന്നതിന്റെ ഭാഗമായി നിയമാനുസൃത യോഗ്യത നേടിയിട്ടുള്ളവരും ഭിന്നശേഷി വിഭാഗത്തിൽപ്പെട്ടവരുമായ ഉദ്യോഗാർത്ഥികളിൽനിന്നും അപേക്ഷ ക്ഷണിക്കുന്നു. 2022 നവംബർ 18 മുതൽ ഡിസംബർ 20 വരെ താമരശ്ശേരി രൂപതാഭവൻ കോമ്പൗണ്ടിൽ പ്രവർത്തിക്കുന്ന കോർപ്പറേറ്റ് മാനേജരുടെ ഓഫീസിൽനിന്നും നിശ്ചിത മാതൃകയിലുള്ള അപേക്ഷ ഫോം വാങ്ങി അനുബന്ധരേഖകൾ സഹിതം അപേക്ഷ നൽകാവുന്നതാണ്. താഴെക്കാണിച്ചിട്ടുള്ള ഭിന്നശേഷി വിഭാഗങ്ങളെയാണ് മുൻഗണനാക്രമത്തിൽ നിയമനത്തിന് പരിഗണിക്കുക : ● Blindness and low vision (കാഴ്ചപരിമിതർ) ● Deaf and hard of hearing (ശ്രവണപരിമിതർ) ● Locomotor disability including cerebral palsy, leprosy cured, dwarfism, acid attack victims and muscular dystrophy (ശാരീരിക പരിമിതർ) ● Autism, Intellectual disability, specific learning disability and mental illness ● Multiple disabilities from among persons under clauses 1-4 above. ഭിന്നശേഷി വിഭാഗത്തിൽപ്പെട്ടവരും നിയമാനുസൃത മെഡിക്കൽബോർഡിന്റെ സാധുവായ സർട്ടിഫിക്കറ്റ് ഉള്ളവരും നിശ്ചിത ശാരീരിക ശേഷി ഉള്ളവരുമായ ഉദ്യോഗാർത്ഥികളെയാണ് മെറിറ്റടിസ്ഥാനത്തിൽ നിയമനത്തിന് പരിഗണിക്കുക. നിയമനം നടത്തുന്നതിനായി മാറ്റിവെയ്ക്കുന്ന തസ്തികകൾ: ഫുൾടൈം മീനിയൽ, പ്രൈമറി അധ്യാപകർ (സ്പെഷ്യലിസ്റ്റ് അധ്യാപകരും ഭാഷാ അധ്യാപകരുമുൾപ്പടെ), ഹൈസ്കൂൾ അധ്യാപകർ (ഭാഷ, ശാസ്ത്രം, ഗണിതം, സാമൂഹ്യശാസ്ത്രം), ഹയർ സെക്കൻഡറി (സീനിയർ) അധ്യാപകർ, ഹയർ സെക്കൻഡറി (ജൂനിയർ) അധ്യാപകർ.

**ഓർമ്മയിൽ 10 വർഷം**
(28-12-2022)



**മാത്യു ടി. ജെ**
**തോട്ടപ്പിള്ളിൽ,** അങ്ങാടിപ്പുറം
ജനനം 07/11/1943 മരണം 28/12/2012
പ്രാർത്ഥനയോടെ കുടുംബാംഗങ്ങൾ

**10-ാം ചരമ വാർഷികം**
(16-12-2022)



**റൂബി കച്ചിറമറ്റത്തിൽ**
W/O ജോർജ് കുര്യൻ
കുന്നപ്പിള്ളി, പെരിന്തൽമണ്ണ
പ്രാർത്ഥനയോടെ കുടുംബാംഗങ്ങൾ

**15-ാം ചരമ വാർഷികം**
15-12-2022



**ചാക്കോ (കൊച്ചേട്ടൻ)**
**കിഴക്കേക്കര,** പടത്തുകടവ്
പ്രാർത്ഥനയോടെ കുടുംബാംഗങ്ങൾ

മലബാർ വിഷൻ വരിക്കാർക്കായി ഒരുക്കുന്ന ക്രിസ്തുമസ് സമ്മാനം



## ക്രിസ്തുമസ് അനുഭവക്കുറിപ്പ് മത്സരം

### വിഷയം: ക്രിസ്തുമസ് രാത്രി

● ഒന്നാം സമ്മാനം – 3000 രൂപ ● രണ്ടാം സമ്മാനം 2,000 രൂപ ● മൂന്നാം സമ്മാനം 1,000 രൂപ

● മൂന്ന് ഫുൾ സ്കാപ് പേജിൽ / മുന്നൂറു വാക്കിൽ കവിയരുത് ● രചനകൾ മറ്റെവിടെയും പ്രസിദ്ധീകരിച്ചതാകരുത് ● എഡിറ്റർ, മലബാർ വിഷൻ, പിഎംഒസി, മേരിക്കുന്ന് പി.ഒ. കോഴിക്കോട് എന്ന വിലാസത്തിലോ malabarvisioneditorial@gmail.com എന്ന ഇ-മെയിലിലോ അനുഭവക്കുറിപ്പ് അയയ്ക്കാവുന്നതാണ് ● ഇ-മെയിൽ അയയ്ക്കുന്നവർക്ക് എഴുതിയ പകർപ്പിന്റെ സ്കാൻ ചെയ്ത കോപ്പിയായോ മലയാളത്തിൽ ടൈപ്പ് ചെയ്തോ അയയ്ക്കാവുന്നതാണ് ● രചനകൾ ലഭിക്കേണ്ട അവസാന തീയ്യതി 2022 ഡിസംബർ 31 ● വിജയികളുടെ പേരുകൾ മലബാർ വിഷനിൽ പ്രസിദ്ധീകരിക്കുന്നതാണ് ● കൂടുതൽ വിവരങ്ങൾക്ക്: 9744995552

# പരസ്പരം ഹൃദയത്തിലിടം നൽകാം



ഫാ. ബിജു മുട്ടത്തുകുന്നേൽ
(ചാൻസലർ, തലശ്ശേരി അതിരൂപത)

തിരുപ്പിറവിയുമായി ബന്ധപ്പെട്ട സുവിശേഷ ഭാഗങ്ങളിൽ വേദനയോടെ വായിക്കുന്ന വചനഭാഗമാണ് 'കാരണം സത്രത്തിൽ അവർക്ക് സ്ഥലം ലഭിച്ചില്ല' (ലൂക്ക 1-7) എന്നത്. നിറവയറുമായി മറിയത്തെക്കൂട്ടി ബെത്‌ലഹേമിലെ സത്രങ്ങളുടെ വാതിലുകളിൽ മുട്ടുന്ന യൗസേപ്പിന്റെയും മറിയത്തിന്റെയും ചിത്രം എല്ലാ ക്രിസ്തുമസ് കാലങ്ങളിലും ഒരു നൊമ്പരമാണ്. ഇന്ന് ദൈവപുത്രൻ തേടുന്നത് സത്രത്തിലിടമല്ല മറിച്ച് നമ്മുടെ ഹൃദയങ്ങളിലാണ് അവൻ ഇടം തേടുന്നത്.

രക്തരഹിത ശസ്ത്രക്രിയ എന്ന വൈദ്യശാസ്ത്ര ടെക്നിക്ക് കണ്ടുപിടിച്ച വിയന്നയിലെ പ്രസിദ്ധ ഭിഷഗ്വരനായ അഡോൾഫ് ലോറൻസ് അമേരിക്കയിലേക്ക് ക്ഷണിക്കപ്പെട്ടു. നിരവധി പേരെ ശസ്ത്രക്രിയക്കുവേണ്ടി അദേഹത്തിന്റെ അടുത്തു കൊണ്ടുവന്നു. ഒരു ദിവസം പകൽ മുഴുവൻ ശസ്ത്രക്രിയ ചെയ്ത ശേഷം ഡോ. ലോറൻസ് ഒന്ന് നടക്കാനിറങ്ങി. ഒരു മഴ പെയ്യാനിടയായി, അടുത്തുള്ള വീടിന്റെ വാതിൽക്കലെത്തി മണിയടിച്ചു. ഗൃഹനായിക വാതിൽ തുറന്നപ്പോൾ ലോറൻസ് ചോദിച്ചു, "ഈ മഴ പോകുന്നതുവരെ ഞാൻ അകത്തു കയറി ഇരുന്നോട്ടെ?" "ഇവിടെ വേണ്ടതിലധികം ശല്യങ്ങളുണ്ട്. നിങ്ങൾ വേറെ വല്ലയിടത്തും പോയി നോക്ക്." എന്ന് മറുപടി. അപ്പോഴേക്കും ഡോക്ടറെ അന്വേഷിച്ചെത്തിയ കാർ അതിലെ വന്നു. ഡോക്ടർ ആ കാറിൽ കയറി പോയി. പിറ്റേദിവസം അദ്ദേഹത്തിന്റെ ചിത്രത്തോടൊപ്പം പത്രത്തിന്റെ ഒന്നാം പുറത്ത് ആ വാർത്ത പ്രസിദ്ധീകരിച്ചിരുന്നു. മഴ നനഞ്ഞു തന്റെ വീട്ടിൽ കയറിവന്ന് തലയൊന്നൊളിക്കാൻ ഇടം നൽകണമേ എന്ന് അപേക്ഷിച്ചത് പ്രസിദ്ധനായ ഡോക്ടർ ലോറൻസ് ആയിരുന്നു എന്നറിഞ്ഞപ്പോൾ ആ ഗൃഹനായിക ഞെട്ടിപ്പോയി തന്റെ കുട്ടിയെ പരിശോധിക്കുവാൻ ആ സ്ത്രീയും അപേക്ഷ നൽകിയിരുന്നു.



മഴയത്ത് നനഞ്ഞുവന്ന ആ മനുഷ്യന് അൽപ്പസമയത്തേക്ക് തന്റെ വീടിന്റെ വാതിലുകൾ തുറക്കുവാൻ ആ സ്ത്രീക്ക് കഴിഞ്ഞില്ല. നഷ്ടപ്പെട്ടത് അവൾക്ക് ശ്രേഷ്ഠമായ ഒരവസരമായിരുന്നു. ഇന്ന് ദൈവപുത്രൻ നമ്മുടെ സഹോദരങ്ങളിലൂടെ നമ്മുടെ ഹൃദയത്തിലിടം തേടിവരുന്നുണ്ട്.

ഈ ലോകത്തിലെ ഏറ്റവും സുന്ദരമായ ഇടം മനുഷ്യന്റെ ഹൃദയമാണ്. അവിടെയാണ് ബന്ധങ്ങളുടെ ഊഷ്മളതയും സ്നേഹത്തിന്റെ തീവ്രതയുമൊക്കെ നാം അറിയുന്നത്. ഈ ക്രിസ്തുമസ് കാലം നമ്മുടെ ഹൃദയത്തിൽ നിന്നും നാം പടിയിറക്കിയവരെ ഓർമ്മിക്കേണ്ട കാലമാണ്. വളരെയേറെക്കാലം ഒരുമിച്ചു കഴിഞ്ഞവരും വലിയ സൗഹൃദങ്ങളിൽ കഴിഞ്ഞവരുമൊക്കെ ജീവിതത്തിന്റെ ചില ഘട്ടങ്ങളിൽ വലിയ അകലങ്ങളിലേക്ക് പോകാറുണ്ട്. അവരെ ജീവിതത്തിൽ നിന്ന് ഒഴിവാക്കാൻ ശ്രമിക്കാറുമുണ്ട്. ഒരു വ്യക്തിയെ നാം ഒഴിവാക്കാൻ എന്തെല്ലാം കാരണങ്ങൾ നിരത്തിയാലും അതിന്റെയെല്ലാം അടിസ്ഥാനം ആ വ്യക്തിക്ക് നമ്മുടെ ഹൃദയത്തിലിടമില്ല എന്നുള്ളതാണ്.

ഭാര്യാഭർത്താക്കന്മാരും, മക്കളും, മാതാപിതാക്കളും, സഹോദരങ്ങളും എന്നിങ്ങനെ ബന്ധങ്ങളുടെ ഇഴയടുപ്പം വളരെയേറെ ഉണ്ടാകേണ്ടവർക്കിടയിൽ പോലും പരസ്പരം ഹൃദയത്തിലിടം നൽകാൻ പറ്റാത്ത ദുരവസ്ഥ അനുഭവിക്കുന്ന ധാരാളം സംഭവങ്ങളുണ്ട്. മറ്റേതു കാലത്തേക്കാളും വളരെ ചെറുതും നിസ്സാരവുമായ കാര്യങ്ങളിൽ ബന്ധങ്ങൾ തകരുകയും ഹൃദയത്തിൽ ഇടം നഷ്ടമാകുകയും ചെയ്യുന്ന സംഭവങ്ങൾ ഇന്ന് ധാരാളം ഉണ്ടാകാറുണ്ട്. പരിധിയില്ലാത്തത്ര ഇടം നമ്മുടെ ഹൃദയങ്ങളിൽ ഉണ്ടാവണം. ഈ ക്രിസ്തുമസ് കാലം നമ്മൾ ഹൃദയത്തിൽ ഇടം നഷ്ടപ്പെട്ടവരെ തിരികെ വിളിക്കുന്ന കാലമാകട്ടെ. സത്രത്തിൽ ഇടമില്ലാതെ വിഷമിച്ച ദൈവപുത്രൻ നമ്മുടെ ഹൃദയങ്ങളിലെ സ്നേഹവസന്തം കണ്ട് സന്തോഷിക്കുന്ന സുന്ദരകാലമാകട്ടെ ഈ ക്രിസ്തുമസ്.

## ഉപകാരസ്മരണ




പരിശുദ്ധ അമ്മയുടെയും വിശുദ്ധ യൂദാശ്ലീഹായുടെയും മധ്യസ്ഥതയാൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിന് ഒരായിരം നന്ദി. പെണ്ണമ്മ എടപ്പാട്ട്, കണ്ണോത്ത്



മലബാർ വിഷനും ചെറുപുഷ്പ മിഷൻ ലീഗും ചേർന്നൊരുക്കുന്ന

## ഫിയസ്റ്റ 2022
## കരോൾ ഗാനമത്സരം

2022 ഡിസംബർ 17(ശനി)
01.00 PM
PMOC

● ഒരു മലയാള ഗാനം മാത്രമാണ് ആലപിക്കേണ്ടത് ● ഗാനദൈർഘ്യം ഏഴു മിനിറ്റിൽ കൂടരുത് ● മൈക്ക് ഉണ്ടായിരിക്കുന്നതല്ല ● വാദ്യോപകരണങ്ങൾ ഉപയോഗിക്കരുത് ● ഒരു ഇടവകയിൽ നിന്ന് ഒരു ടീം മാത്രം ● മത്സര ദിവസം വികാരിയച്ചന്റെ സാക്ഷ്യപത്രം ടീമുകൾ ഹാജരാക്കണം ● രജിസ്ട്രേഷന്റെ അവസാന തീയ്യതി 2022 ഡിസംബർ 10 ● രജിസ്ട്രേഷന് വിളിക്കേണ്ട നമ്പറുകൾ: **9446932005** (ഫാ. പ്രിയേഷ് തേവടിയിൽ), **9605666531** (ഫാ. മനോജ് കൊല്ലംപറമ്പിൽ)

● ഒന്നാം സ്ഥാനം: ₹ 5001/- ● രണ്ടാം സ്ഥാനം: ₹ 3001/- ● മൂന്നാം സ്ഥാനം: ₹ 2001/-



# അനുഗ്രഹവും ശാപവും ഏറ്റുവാങ്ങിയ കഫർണാം



## തീർത്ഥാടനം

ഫാ. ജോസഫ് കാപ്പിൽ

കർത്താവിന്റെ നാട്ടിലൂടെയുള്ള നമ്മുടെ പഠനയാത്ര പലസ്തീനായുടെ വടക്ക് ഭാഗമായ ഗലീല പ്രദേശത്തിന്റെ ഹൃദയഭാഗമായ ഗലീല തടാകത്തിലും അതിന്റെ തീരപ്രദേശത്തെ പട്ടണങ്ങളിലും എത്തിനിൽക്കുകയാണ്. തടാകത്തിന്റെ വടക്ക് പടിഞ്ഞാറ് സ്ഥിതിചെയ്തിരുന്ന കഫർണാം പട്ടണമായിരുന്നു യേശുവിന്റെ പരസ്യജീവിതത്തിന്റെ കേന്ദ്രസ്ഥാനം (മത്തായി 9–1). യേശുവിന്റെ സ്വന്തം പട്ടണമെന്നാണ് കഫർണാമിനെ വിളിച്ചിരുന്നത്. ഈശോ തന്റെ പരസ്യജീവിതത്തിലേക്ക് കടക്കുന്ന അവസരത്തിൽ, താൻ വളർന്നുവന്ന പട്ടണമായ നസ്രസ്സിൽ നിന്നും തിരസ്ക്കരിക്കപ്പെട്ട് അവിടുന്ന് വന്ന് താമസമാക്കിയതും കഫർണാം പട്ടണത്തിലാണ്. അന്നത്തെ പ്രധാന സാംസ്കാരിക കേന്ദ്രമായിരുന്ന ഈ പട്ടണം വളരെ ജനനിബിഡവും തിരക്കേറിയതുമായിരുന്നു. ഈജിപ്ത്, സിറിയ, മെസപ്പൊട്ടോമിയ, ഗ്രീസ്, റോം എന്നിവിടങ്ങളിൽ നിന്നെല്ലാമുള്ള യാത്രക്കാരും, കച്ചവടസംഘങ്ങളും ഈ കഫർണാം പട്ടണത്തിലൂടെയായിരുന്നു അങ്ങുമിങ്ങും പൊയ്ക്കൊണ്ടിരുന്നത്. പട്ടണകവാടത്തിങ്കൽ വിദേശികളായ യാത്രക്കാരിൽ നിന്നും കച്ചവടക്കാരിൽ നിന്നും, ഒപ്പം സ്വദേശികളിൽ നിന്നും ചുങ്കം പിരിക്കുന്ന ചുങ്കക്കാരുമുണ്ടായിരുന്നു. അവരിൽപ്പെട്ടവനായിരുന്നു, ഈശോ തന്റെ അപ്പസ്തോലഗണത്തിലേക്ക് തിരഞ്ഞെടുത്ത, ലേവി എന്നറിയപ്പെട്ടിരുന്ന മത്തായി. നസ്രസ്സിൽ നിന്നും ഏകദേശം 30 കിലോമീറ്റർ ദൂരമുണ്ടായിരുന്നു കഫർണാം പട്ടണത്തിലേക്ക്. ഈ തടാകതീരത്ത് അതിന്റെ ചുറ്റുവട്ടമായി ഉണ്ടായിരുന്നതും ഈശോയുടെ പരസ്യ ജീവിതവുമായി ബന്ധപ്പെട്ടതുമായ കുറേ സ്ഥലങ്ങളുണ്ട്. തിബേരിയാസ് പട്ടണം, മഗ്ദലനാ മറിയത്തിന്റെ സ്ഥലമായ 'മഗ്ദല' ഗെനോസാർ, ഈശോ അപ്പം വർദ്ധിപ്പിച്ച 'താബ്ഗാ,' മലമുകളിലെ പ്രസംഗസ്ഥലം, കുർസി, ബദ്സയ്ദ, ഗരസേനർ (പന്നിക്കൂട്ടത്തിൽ പിശാചുക്കൾ ആവസിച്ച സ്ഥലം), കർത്താവ് ശപിച്ച കൊറാസിൻ, പത്രോസിന് പരമാധികാരം നൽകുന്ന സ്ഥാനം എന്നിവയാണ്.

യോർദാൻ നദി വടക്ക് നിന്ന് ഒഴുകിവന്ന് ഗലീല തടാകത്തിന്റെ വടക്കുഭാഗത്തു ചേരുന്നു. പിന്നീട് ഏറ്റവും തെക്കേഭാഗത്തുനിന്ന് വീണ്ടും ഒഴുകി ചാവുകടലിൽ പോയി ചേരുന്നു. താബോർ മല, നായീം പട്ടണം, കാനാ, നസ്രസ് എന്നിവയെല്ലാം ഗലീല പ്രദേശത്ത് കേസറിയ ഫിലിപ്പി തടാകത്തിന്റെ വടക്ക് ഭാഗത്തായി സ്ഥിതി ചെയ്യുന്നു. ഈശോ തന്റെ പരസ്യ ജീവിതത്തിന്റെ ഭൂരിഭാഗവും ചെലവഴിച്ചത് ഗലീല പ്രദേശത്താണ്. വിശുദ്ധ മത്തായി പറയുന്നതുപോലെ അവൻ അവരുടെ സിനഗേഗുകളിൽ പഠിപ്പിച്ചും രാജ്യത്തിന്റെ സുവിശേഷം പ്രസംഗിച്ചും എല്ലാ രോഗങ്ങളും വ്യാധികളും സുഖപ്പെടുത്തിയും ഗലീല മുഴുവൻ ചുറ്റിസഞ്ചരിച്ചു. (മത്തായി 4–23)

### കഫർണാം പട്ടണം

ഒട്ടേറെ സുവിശേഷ സംഭവങ്ങളുമായി കഫർണാം പട്ടണം ബന്ധപ്പെട്ടിരിക്കുന്നു. ഈശോ നസ്രസ്സിൽ നിന്നും കഫർണാമിലേക്ക് താമസം മാറ്റുന്നു (മത്തായി 4–13, യോഹ 2–12), പത്രോസ്, അന്ത്രയോസ്, യോക്കോബ്, യോഹന്നാൻ എന്നീ അപ്പസ്തോലന്മാരെ വിളിക്കുന്നു (മത്താ 4–18:22), ചുങ്കക്കാരനായ മത്തായിയെ വിളിക്കുകയും അദേഹത്തിന്റെ ഭവനത്തിൽ ഭക്ഷണത്തിനിരിക്കുകയും ചെയ്യുന്നു (മത്തായി 9–9:13), പിശാചുബാധിതനെ സാബത്തുദിവസത്തിൽ സുഖപ്പെടുത്തുന്നു, പത്രോസിന്റെ അമ്മായിയമ്മയെയും വിവിധ രോഗങ്ങൾ ബാധിച്ചവരെയും സുഖപ്പെടുത്തുന്നു (മത്തായി 8–14:17), പുരമുകൾ പൊളിച്ച് താഴേക്ക് ഇറക്കിയ തളർവാതരോഗിയുടെ പാപങ്ങൾ ക്ഷമിക്കുകയും സൗഖ്യം നൽകുകയും ചെയ്യുന്നു (മത്തായി 9–1:8), വിജാതീയനായ ശതാധിപന്റെ ഭൃത്യനെ അത്ഭുതകരമായി സുഖപ്പെടുത്തുന്നു (മത്തായി 8–5:13), ജായ്റോസിന്റെ മകളെ ഉയർപ്പിക്കുന്നു, രക്തസ്രാവക്കാരിയെ സുഖപ്പെടുത്തുന്നു (മത്തായി 9–18:26), തനിക്കും പത്രോസിനും വേണ്ടി ദേവാലയ നികുതി കൊടുക്കുന്നു (മത്തായി 17–24:27). ഏതാനും ചില സംഭവങ്ങൾ മാത്രമാണിവ. എന്നാൽ ഈശോ കഫർണാമിൽ താമസിച്ച മൂന്നു വർഷക്കാലമത്രയും എത്രമാത്രം രോഗസൗഖ്യങ്ങളും അടയാളങ്ങളുമാണ് പ്രവർത്തിച്ചതെന്ന് എഴുതിത്തീർക്കാൻ കഴിയുകയില്ല. ഇതിനെല്ലാം കഫർണാം പട്ടണം സാക്ഷ്യം വഹിച്ചു. ഇവിടെ പ്രസംഗിച്ചതുപോലെ ഈശോ മറ്റൊരിടത്തും പ്രസംഗിച്ചിട്ടില്ല. കഫർണാമിലെ പോലെ തന്റെ ദൈവികശക്തി പ്രകടമാക്കുന്ന അത്ഭുതങ്ങൾ മറ്റൊരിടത്തും അവിടുന്ന് പ്രവർത്തിച്ചിട്ടില്ല. തന്റെ സ്നേഹവും കരുണയും ഹൃദയാനുകമ്പയും ദൈവിക ശക്തിയും പ്രകടമാക്കിയ മറ്റൊരു സ്ഥലവുമില്ല.



വിശുദ്ധ പത്രോസിന്റെ വീടിന്റെ സ്ഥാനത്ത് ഇപ്പോഴുള്ള പള്ളി. അതിന് സമീപമുള്ള തകർന്നു കിടക്കുന്ന സിനഗോഗ്

കഫർണാമിലെ സിനഗോഗിലിരുന്നാണ് ഈശോ വിശുദ്ധ കുർബാനയെപ്പറ്റിയുള്ള ദീർഘമായ പ്രഭാഷണം നടത്തിയത് (യോഹ. 6: 25–71). കഫർണാമിനോട് അടുത്ത സ്ഥലമായ താബാഗയിലിരുന്ന് അഞ്ചപ്പം അയ്യായിരം പേർക്ക് വിഭജിച്ച് കൊടുത്ത് അവരെ തീറ്റി തൃപ്തരാക്കിയ ശേഷം നിത്യജീവന്റെ അപ്പത്തെ പറ്റി ഈശോ പറഞ്ഞ സുദീർഘമായ പ്രഭാഷണമായിരുന്നു അത്. "ഞാനാണ് ജീവന്റെ അപ്പം എന്റെ അടുക്കൽ വരുന്നവന് ഒരിക്കലും വിശക്കുകയില്ല. ലോകത്തിന്റെ ജീവനുവേണ്ടി ഞാൻ നൽകുന്ന അപ്പം എന്റെ ശരീരമാണ്. എന്റെ ശരീരം ഭക്ഷിക്കുകയും എന്റെ രക്തം പാനം ചെയ്യുകയും ചെയ്യുന്നവന് നിത്യജീവനുണ്ട്. അവസാന ദിവസം ഞാൻ അവനെ ഉയർപ്പിക്കും. എന്റെ ശരീരം ഭക്ഷിക്കുകയും എന്റെ രക്തം പാനം ചെയ്യുകയും ചെയ്യുന്നവൻ എന്നിലും ഞാൻ അവനിലും വസിക്കുന്നു."

യേശുവിന്റെ കാലത്തുണ്ടായിരുന്ന സിനഗോഗ് നശിച്ചുപോയെങ്കിലും അതേ തറയിൽ എഡി നാലാം നൂറ്റാണ്ടിൽ പുനർനിർമ്മിച്ച സിനഗോഗിന്റെ അവശിഷ്ടങ്ങളാണ് അവിടെ ഇന്ന് കാണുന്നത്. ഇപ്പോഴത്തെ സിനഗോഗിന്റെ കല്ലുകളിൽ പലതും ആദ്യ സിനഗോഗിന്റെ കല്ലുകൾ തന്നെയാണ്.

കുർബാനയെക്കുറിച്ചുള്ള സുദീർഘമായ പ്രബോധനം അവസാനിപ്പിച്ചുകൊണ്ട് യോഹന്നാൻ ഇപ്രകാരം പറയുന്നു. "കഫർണാമിലെ സിനഗോഗിൽ പഠിപ്പിച്ചുകൊണ്ടിരുന്നപ്പോഴാണ് അവൻ ഇതെല്ലാം പറഞ്ഞത്." ഇന്ന് ഇവിടെയെത്തുന്ന തീർത്ഥാടകർ ഈ സിനഗോഗിലിരുന്ന് യോഹന്നാന്റെ സുവിശേഷം 6–ാം അധ്യായം വായിച്ച് ധ്യാനിക്കുമ്പോൾ ഈശോയുടെ അധരങ്ങളിൽ നിന്നും ശ്രവിക്കുന്ന ദൈവവചനമായിട്ടാണ് അനുഭവപ്പെടുക.

പൊട്ടിപ്പൊളിഞ്ഞ് തകർന്നു കിടക്കുന്ന കഫർണാമിലെ മറ്റൊരു പ്രധാന കാഴ്ച്ച ശിഷ്യപ്രധാനിയായ പത്രോസിന്റെ വീടിരുന്ന സ്ഥലമാണ്. സിനഗോഗിന്റെ തെക്ക് ഭാഗത്ത് 30 മീറ്റർ അകലെയായിട്ടാണ് പത്രോസിന്റെ വീട് സ്ഥിതി ചെയ്തിരുന്നത്. ഈശോ കഫർണാമിൽ ആയിരുന്ന കാലഘട്ടത്തിൽ പത്രോസിന്റെ വീട്ടിലാണ് താമസിച്ചതെന്നാണ് പാരമ്പര്യം. പിൽക്കാലത്ത് ക്രിസ്ത്യാനികൾ പത്രോസിന്റെ വീടിരുന്ന സ്ഥലം പുണ്യസ്ഥലമായി കണക്കാക്കി; അവിടെയൊരു ദേവാലയം പണിതീർത്തു. ഈ ദേവാലയത്തിന്റെ അടിത്തറയും മറ്റ് അവശിഷ്ടങ്ങളും, കഫർണാം സന്ദർശിക്കുന്നവർക്ക് കാണാം. ഗവേഷണങ്ങളുടെ ഫലമായി കണ്ടെടുത്ത ഒട്ടേറെ വസ്തുക്കൾ– ഒലീവ് ആട്ടിയെടുക്കുന്ന ചക്ക്, ആട്ടുകല്ലുകൾ, കഴുതയുടെ തിരിക്കല്ലുകൾ ഇവയെല്ലാം കഫർണാമിൽ കാണാം. കഴുതയെക്കൊണ്ട് തിരിച്ച് ഒലീവ് കായ്കൾ ആട്ടിയെടുക്കുന്ന രീതിയാണ് ഉണ്ടായിരുന്നത്. കഴുതയുടെ തിരികല്ല് കെട്ടി സമുദ്രത്തിൽ ആഴത്തിലേക്ക് താഴ്ത്തപ്പെടുന്ന ഒരു പരാമർശം ഈശോ പറയുന്നത് നമുക്കറിയാമല്ലോ.

കഫർണാമിനെ ഈശോ തന്റെ സ്വന്തം പട്ടണമായി കരുതി. ഇന്ന് തകർന്നടിഞ്ഞ് കിടക്കുന്ന കഫർണാം പട്ടണഭാഗത്തേക്ക് പ്രവേശിക്കുമ്പോൾ അവിടെ സ്ഥാപിച്ചിരിക്കുന്ന ബോർഡിൽ ഇപ്രകാരം എഴുതപ്പെട്ടിടുണ്ട്. 'Capharnam, the town of Jessu'

കഫർണാമിനെ ഈശോ ഒത്തിരിയേറെ സ്നേഹിച്ചു, ചെയ്യാവുന്നതെല്ലാം അവർക്കായി ചെയ്തു, വാരിക്കോരി അനുഗ്രഹിച്ചു. ഒട്ടനവധി പ്രബോധനങ്ങൾ അവിടുത്തെ ജനത്തിന് നൽകി. ജീവന്റെ വചനത്താൽ അവരെ പരിപോഷിപ്പിച്ചു. ഒത്തിരിയൊത്തിരി അത്ഭുതങ്ങൾ അവിടുന്ന് പ്രവർത്തിച്ചു. എന്നിട്ടും ആ പട്ടണം ഈശോയിൽ വിശ്വസിച്ചില്ല. സിനഗോഗിൽ വച്ച് വിശുദ്ധ കുർബാനയെപ്പറ്റിയുള്ള പ്രബോധനം സ്വീകരിക്കാതെ ഏതാണ്ട് മുഴുവൻ കേൾവിക്കാരും സിനഗോഗ് വിട്ട് ഈശോയെ ഉപേക്ഷിച്ച് ഇറങ്ങിപ്പോയി അവർ പിന്നീടൊരിക്കലും അവന്റെ കൂടെ നടന്നില്ല എന്നാണ് വിശുദ്ധ യോഹന്നാൻ പറഞ്ഞുവെച്ചിരിക്കുന്നത് (യോഹ. 6: 66). അവരുടെ അവിശ്വാസം നിമിത്തം ഒടുവിൽ 'അനുതപിക്കാത്ത നഗരമേ നിനക്ക് ശാപം' എന്ന് ഈശോ കഫർണാമിനെ നോക്കി ശാസിക്കാനിടവന്നു.

"കഫർണാമെ, നീ സ്വർഗ്ഗം വരെ ഉയർത്തപ്പെട്ടുവെന്നോ? പാതാളം വരെ താഴ്ത്തപ്പെടും. നിന്നിൽ സംഭവിച്ച അത്ഭുതങ്ങൾ സോദോമിൽ സംഭവിച്ചിരുന്നെങ്കിൽ, അത് ഇന്നും നിലനിൽക്കുമായിരുന്നു. ഞാൻ നിന്നോടു പറയുന്നു: വിധിദിനത്തിൽ സോദോമിന്റെ സ്ഥിതി നിന്റേതിനേക്കാൾ സഹനീയമായിരിക്കും" (മത്തായി 11: 23.24). ഇതുപോലെ തന്നെ കഫർണാമിന്റെ അടുത്തായി സ്ഥിതി ചെയ്യുന്ന കൊറോസിൻ, ബദ്സെയ്ദാ പട്ടണങ്ങളെയും ഈശോ ശപിച്ച് തള്ളുകയാണ് (മത്തായി 11: 20.21).

ഈശോയുടെ ശാപം പേറുന്ന സ്ഥലമാണ് കഫർണാമും കൊറോസിനും ബദ്സെയ്ദായും എന്ന് നശിച്ച് തകർന്നു കിടക്കുന്ന ആ പട്ടണാവശിഷ്ടങ്ങളെയും അവയ്ക്കു ചുറ്റുമുള്ള സ്ഥലങ്ങളെയും കണ്ടാൽ ആർക്കും തോന്നും. കഫർണാം സന്ദർശിച്ച് വിടപറയുന്ന ഓരോ തീർത്ഥാടകന്റെയും മനസിൽ തങ്ങുന്ന പ്രധാന സന്ദേശമിതായിരിക്കും. ദൈവത്തിന്റെ അഗാധമായ സ്നേഹവും കരുണയും അനുഗ്രഹങ്ങളും സ്വജീവിതത്തിൽ സ്വീകരിക്കുകയും അവിടുത്തെ രക്ഷാകര വചനങ്ങളെല്ലാം ശ്രവിക്കുകയും മനസിലാക്കുകയും ചെയ്തിട്ടും മാനസാന്തരപ്പെട്ട് ജീവിതത്തെ വിശുദ്ധീകരിക്കാത്ത മനുഷ്യന്റെ ജീവിതം തകർന്നടിഞ്ഞ് തരിപ്പണമായിക്കിടക്കുന്ന കഫർണാം പട്ടണം പോലെയായിരിക്കും. നാശമായിരിക്കും അവൻ ജീവിതത്തിൽ ഏറ്റുവാങ്ങുക. അത് ആർക്കും സംഭവിക്കാതിരിക്കട്ടെ.

ഇനിയുള്ള നമ്മുടെ തീർത്ഥയാത്ര ഗലീല പ്രദേശത്തെ കാനാ, താബോർ, നായീം പട്ടണം, യോർദാൻ നദി, കാർമൽ മല, എന്നിവിടങ്ങളിലൂടെയായിരിക്കും.

# ക്വിസ് കോർണർ 2022

## 2022 നവംബർ – ഡിസംബർ ലക്കം ചോദ്യങ്ങൾ

**ഈ ലക്കത്തിൽ നിന്നുമാണ് ചോദ്യങ്ങൾ തയ്യാറാക്കിയിരിക്കുന്നത്**

1. ലോകത്ത് ഗുണമേന്മയുള്ള ജീവിതം പുലരുന്ന രാജ്യങ്ങളായി കണക്കാക്കപ്പെടുന്നത് ഏതൊക്കെ?
2. ലഹരിക്കെതിരെ നിലവിലുള്ള നിയമം ഏത്?
3. ലഹരി വിരുദ്ധ ബോധവൽക്കരണത്തിനായുള്ള എക്സൈസ് വകുപ്പിന്റെ പദ്ധതിയുടെ പേര് എന്ത്?
4. സ്റ്റിമുലന്റ് റിലേറ്റഡ് ലഹരി വിഭാഗത്തിൽപ്പെട്ട ലഹരി മരുന്ന് ഏതാണ്?
5.എൽഎസ്ഡി, എംഡിഎംഎ എന്നിവ ഉപയോഗിക്കുന്നവരിൽ എന്ത് അടിസ്ഥാനമാക്കിയുള്ള ചികിത്സയാണ് നൽകുന്നത്?
6 ഈ വർഷത്തെ ആർ. കെ. രവി വർമ്മ സംസ്ഥാന സാഹിത്യ പുരസ്കാരം നേടിയ ഗ്രന്ഥം ഏത്?
7.യുജിസിയുടെ അക്രഡിറ്റേഷൻ ഏജൻസി ഏതാണ്?
8. രക്തരഹിത ശസ്ത്രക്രിയ എന്ന വൈദ്യ ശാസ്ത്ര ടെക്നിക് കണ്ടുപിടിച്ച ഡോക്ടർ ആര്?
9. ഈശോ തന്റെ സ്നേഹവും കരുണയും ഹൃദയാനുകമ്പയും ദൈവിക ശക്തിയും ഏറ്റവും കൂടുതലായി പ്രകടമാക്കിയ സ്ഥലം ഏതാണ്?
10. കെസിബിസിയുടെ ഒരു വർഷം നീണ്ടുനിൽക്കുന്ന ലഹരി വിരുദ്ധ ക്യാമ്പെയ്ന്റെ പേര് എന്താണ്?

**ഉത്തരങ്ങൾ 2022 ഡിസംബർ 20ന് മുമ്പ് ലഭിക്കണം**

*സെപ്റ്റംബർ – ഒക്ടോബർ ലക്കം വിജയികളായവർ:*

● ഒന്നാം സമ്മാനം, 1000 രൂപ
**സിസ്റ്റർ അമല എഫ്സിസി**
അൽഫോൻസ കോൺവെന്റ്, പെരിന്തൽമണ്ണ

● രണ്ടാം സമ്മാനം, 500 രൂപ
**ഷൈനി റാണി**
പരപ്പകുന്നുമ്മൽ, ചേവായൂർ

● മൂന്നാം സമ്മാനം, 250 രൂപ
**ഷിൽജി തോമസ്**
കുമ്മുണ്ണൂർ, വെണ്ടേക്കുംപൊയിൽ

ഉത്തരങ്ങൾ അയയ്ക്കേണ്ട വാട്സാപ്പ് നമ്പർ
**9744 99 5553**

സമ്മാനങ്ങൾ സ്പോൺസർ ചെയ്യുന്നത്
**ബിഷപ്പ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ**

### സെപ്റ്റംബർ-ഒക്ടോബർ ലക്കം ഉത്തരങ്ങൾ

1. വി.അൽഫോൻസ് ലിഗോരി 2. ജപമാല 3. ജീസസ് യൂത്ത് 4. വി. അൽഫോൻസാ 5. ബിന്ദു ജോസഫ് 6. ജൂലിയസ് മൂന്നാമൻ പാപ്പ 7. കുടുംബം 8. മാർ റെമീജിയോസ് ഇഞ്ചനാനിയിൽ 9. അധ്യാപകരുടെ നിലവാരം 10. തിയോഫിയ

### പൊതുനിർദ്ദേശങ്ങൾ

● പേജിന്റെ വലതു വശത്ത് നൽകിയിരിക്കുന്ന സ്ഥലത്ത് ഉത്തരങ്ങൾ എഴുതി, പേരും വിലാസവും രേഖപ്പെടുത്തി അയയ്ക്കേണ്ടതാണ്.
● വാട്സാപ്പിലൂടെ ഉത്തരങ്ങൾ അയയ്ക്കുന്നവർ ഉത്തരങ്ങൾ രേഖപ്പെടുത്തിയ ക്വിസ് കോർണർ ഭാഗം മാത്രം ഫോട്ടോ എടുത്തോ സ്കാൻ ചെയ്തോ അയയ്ക്കണം. ഉത്തരങ്ങൾ വായിച്ചെടുക്കാൻ പാകത്തിനു വേണം ഫോട്ടോയെടുത്ത് അയയ്ക്കാൻ. അവ്യക്തമായ ഉത്തരങ്ങളുള്ളവ പരിഗണിക്കില്ല.
● പേപ്പറുകളിൽ എഴുതിയോ വാട്സാപ്പിൽ ടൈപ്പ് ചെയ്തോ അയയ്ക്കുന്ന ഉത്തരങ്ങൾ മത്സരത്തിനായി പരിഗണിക്കുന്നതല്ല.
● വിലാസം: എഡിറ്റർ, മലബാർ വിഷൻ, പിഎംഒസി, മേരിക്കുന്ന് പിഒ, കോഴിക്കോട് 673012. ● സംശയങ്ങൾക്ക് വിളിക്കുക: 97 44 99 5553

ഉത്തരങ്ങൾ ഇവിടെ എഴുതുക

1
2
3
4
5
6
7
8
9
10

പേര്: ..............................
വീട്ടുപേര്: ..............................
ഇടവക: ..............................
ഫോൺ: ..............................

ഇവിടെ മുറിക്കുക

# മലബാർ വിഷൻ മാട്രിമോണിയൽ

## വരനെ അന്വേഷിക്കുന്നു

● താമരശ്ശേരി രൂപത, RC യുവതി. 25 വയസ്, 174 cm ഉയരം, Msc Mathematics & B.Ed, കോളജ് ട്യൂട്ടർ, അനുയോജ്യമായ വിവാഹ ആലോചനകൾ ക്ഷണിക്കുന്നു. ഫോൺ: 9495611646, 8590713991

● താമരശ്ശേരി രൂപത, RC യുവതി. 26 വയസ്, 152 cm ഉയരം, പ്ലസ് ടു, ഡയാലിസിസ് ടെക്നീഷ്യൻ അനുയോജ്യമായ വിവാഹാലോചനകൾ ക്ഷണിക്കുന്നു. ഫോൺ: 8156884963, 8089364755

## വധുവിനെ അന്വേഷിക്കുന്നു

● താമരശ്ശേരി രൂപത RC യുവാവ്. 31 വയസ്, 165 CM ഉയരം. B.tech, MBA, UAEയിൽ ജോലി. അനുയോജ്യമായ വിവാഹാലോചനകൾ ക്ഷണിക്കുന്നു. ഫോൺ: 9633533391

● താമരശ്ശേരി രൂപത RC യുവാവ്, 31 വയസ് 162 cm ഉയരം, Govt ജോലി (ചെവിക്ക് ചെറിയ കേൾവി കുറവ്) അനുയോജ്യമായ വിവാഹാലോചനകൾ ക്ഷണിക്കുന്നു. ഫോൺ: 7306648484

● താമരശ്ശേരി രൂപത RC യുവാവ് 35 വയസ്, 184 CM ഉയരം, ITI, ഇലക്ട്രിക്കൽ വർക്ക് കോൺട്രാക്ടർ അനുയോജ്യമായ വിവാഹാലോചനകൾ ക്ഷണിക്കുന്നു. ഫോൺ: 9946609482, 7619643018

## വധുവിനെ അന്വേഷിക്കുന്നു

● ലാറ്റിൻ കത്തോലിക്ക യുവാവ്. 28 വയസ്, 177 cm ഉയരം, വെളുത്ത നിറം. ITC A/C REFRIGERATION. ഡോക്ടറുടെ മാനേജറായി ജോലി. അനുയോജ്യമായ വിവാഹ ആലോചനകൾ ക്ഷണിക്കുന്നു. ഫോൺ: 8547525027, 7736585303

● താമരശ്ശേരി രൂപത, RC യുവാവ്, 42 വയസ്, അവിവാഹിതൻ, 170 cm ഉയരം, SSLC, സ്വന്തം ഡയറി ഫാം, സാമ്പത്തികം പ്രശ്നമില്ല, പുനർവിവാഹവും പരിഗണിക്കും. അനുയോജ്യമായ വിവാഹാലോചനകൾ ക്ഷണിക്കുന്നു ഫോൺ: 6282970040, 9495100 575

● താമരശ്ശേരി രൂപത RC യുവാവ് 34 വയസ്, 173 CM ഉയരം , ഇരുനിറം, സ്വന്തമായി ടാക്സി ഡ്രൈവർ അനുയോജ്യമായ വിവാഹാലോചനകൾ ക്ഷണിക്കുന്നു. ഫോൺ: 9447229495

● താമരശ്ശേരി രൂപത RC യുവാവ്, 32 വയസ് 165 cm ഉയരം, വെളുത്ത നിറം, പ്ലസ് ടു, ബിസിനസ്. അനുയോജ്യമായ വിവാഹാലോചനകൾ ക്ഷണിക്കുന്നു. ഫോൺ: 9074357090

നമ്മുടെ പ്രിയപ്പെട്ടവരുടെ വിവാഹം, വിവാഹ വാർഷികം, ജൂബിലി എന്നീ അവസരങ്ങളിൽ മലബാർ വിഷനിലൂടെ ആശംസകൾ നേരാൻ വിളിക്കൂ: **9744995552** (മലബാർ വിഷൻ മാട്രിമോണിയൽ വഴി വിവാഹം നടന്നവർക്ക് പ്രത്യേക ഡിസ്ക്കൗണ്ട്)

### വിവാഹ പരസ്യങ്ങൾ നൽകാം...

മാട്രിമോണിയൽ കോളത്തിൽ പരസ്യം നൽകുന്നതിന് ഒരു ലക്കത്തിലേക്ക് 750 രൂപയും 2 ലക്കങ്ങളിലേക്ക് 1200 രൂപയുമാണ് നിരക്ക്. വ്യക്തി വിവരങ്ങൾ 97 44 99 555 3 എന്ന വാട്സാപ്പ് നമ്പറിലേക്ക് അയയ്ക്കാം. വിവരങ്ങൾക്ക്: 97 44 99 555 2

വൈവാഹിക സ്വപ്നങ്ങൾക്ക് നിറം പകർന്ന് നാലാം വർഷത്തിലേക്ക്


Birthday Offer
● 500 രൂപ മുതലുള്ള സബ്സ്ക്രിപ്ഷൻ പായ്ക്കുകൾ
● 800 രൂപയുടെ സബ്സ്ക്രിപ്ഷൻ പായ്ക്കിൽ ഒരു മാസത്തെ അധിക വാലിഡിറ്റി
ഉടൻ വിളിക്കൂ
85909 90889
623 544 5544
ProLifeMarry.com
www.ProlifeMarry.com
KCBC മലബാർ പ്രോലൈഫ് സമിതിയുടെ നേതൃത്വത്തിൽ വൈദികരുടെ മേൽനോട്ടത്തിലുള്ള ക്രിസ്ത്യൻ മാട്രിമോണിയൽ സർവീസ്
Download Mobile App: tinyurl.com/prolifemarry

DIVINE SHOPPE
(GIFT HOUSE)
CHAKKITTAPARA
Ph: 0496 2965132

കൊന്തകൾ, രൂപങ്ങൾ, ഭക്തവസ്തുക്കൾ വമ്പിച്ച വിലക്കുറവിൽ....
LED രൂപങ്ങൾ, Statues, ആത്മീയ പുസ്തകങ്ങൾ
വിളിക്കൂ... 0496 2965132 , 9447356853
DIVINE MATRIMONIAL
Since 2002
CHAKKITTAPARA, KOZHIKODE
Ph: 0496 2965132 , 9447356853
www.divinematrimonial.in
a christian matrimony for malayalees


# ഹൃദയംകൊണ്ട് ഒപ്പം നടക്കണം സ്നേഹത്തോടെ തിരുത്തണം

**മതാധ്യാപകർക്ക് മയക്കുമരുന്ന് വ്യാപനത്തിനെതിരെ വളരെയേറെ പ്രവർത്തിക്കാൻ സാധിക്കും. മുതിർന്ന വേദപാഠക്ലാസുകളിലെ വിദ്യാർത്ഥികളുമായി സംവദിക്കാനും അവരെ അടുത്തു മനസിലാക്കി ആവശ്യമെങ്കിൽ തിരുത്താനും മതാധ്യാപകർ തയ്യാറാകണം. പഠിപ്പിച്ചുവിട്ട വിദ്യാർത്ഥികളെ ഹൃദയംകൊണ്ട് പിന്തുടരാൻ മതാധ്യാപകർ ശ്രദ്ധ കാണിക്കണം. കൂടാതെ ഇടവകയിലെ മുതിർന്ന അംഗങ്ങൾക്കും യുവതലമുറയെ സ്വാധീനിക്കാനും തിരുത്താനുമുള്ള ഉത്തരവാദിത്വമുണ്ട്**



## ചിന്തയും ചർച്ചയും

ആന്റണി ചടയംമുറി



ഇടവകയിലെ 322 കുടുംബങ്ങളിൽ 46 കുടുംബങ്ങളുള്ള ഫാമിലി യൂണിറ്റിന്റെ പ്രസിഡന്റാണ് കുര്യൻമാഷ്. വയസ്സ് 68 ആയെങ്കിലും മാഷിന്റെ ആരോഗ്യത്തിന് കുഴപ്പമൊന്നുമില്ല. തന്റെ സ്കൂട്ടറിൽ വൈകുന്നേരം കിട്ടുന്ന ഇടവേളകളിലൊക്കെ കുര്യൻമാഷ് യൂണിറ്റിലെ വീടുകൾ കയറും. മിക്ക വീടുകളിലും കുര്യൻ മാഷ് പഠിപ്പിച്ചവരുള്ളതുകൊണ്ട് സന്ദർശനങ്ങൾക്ക് രുചിയേറുമെന്നുമാത്രം. മാഷിന്റെ ഭാര്യ ബീനാമ്മ കാനഡയിലുള്ള മകളുടെ പ്രസവശുശ്രൂഷകൾക്കായി വിദേശത്തായതുകൊണ്ട് ചിലപ്പോൾ മാഷിന് നല്ല ഭക്ഷണം നൽകി സൽക്കരിക്കും. ഫാമിലി യൂണിറ്റിലെ ചില വീട്ടമ്മമാർ.

### അറിയുന്നില്ല മക്കൾ വളരുന്നത്

ഒരു തിങ്കളാഴ്ച്ച ദിവസം കുര്യൻ മാഷ് അദ്ദേഹം പഠിപ്പിച്ച രണ്ട് മക്കളുള്ള വീട്ടിലേക്ക് യാത്ര പുറപ്പെട്ടു. സ്കൂട്ടറിലായിരുന്നു യാത്ര. ആ കുടുംബനാഥന്റെ പേരും കുര്യനെന്നാണ്. പക്ഷേ നാട്ടുകാർ അയാളെ കുര്യാച്ചനെന്നുവിളിക്കും. കുര്യാച്ചന്റെ വീടിനുചുറ്റും കുരുമുളക് കൃഷിയുണ്ട്. വീടിന് പിന്നിൽ കുറേ ദൂരെയായി റബർത്തോട്ടം. വീടിന്റെ വടക്കുവശത്ത് അത്യാവശ്യം പച്ചക്കറികൾ നട്ടിട്ടുണ്ട്. ഒപ്പം ഇഞ്ചിയും മഞ്ഞളും വീട്ടാവശ്യത്തിന്. എന്തുകൊണ്ടും കുര്യാച്ചന്റെ കുടുംബം സ്വയംപര്യാപ്തതയിലാണെന്നു പറയാം. ചെറിയ ഉള്ളിയും സവാളയും മാത്രം പുറത്തുനിന്ന് വാങ്ങിക്കും. കാപ്പിക്കുള്ള ശർക്കര പോലും പത്ത് കിലോമീറ്റർ ദൂരെ താമസിക്കുന്ന കരിമ്പു കൃഷിക്കാരായ ഭാര്യയുടെ സഹോദരന്മാർ കൃത്യമായി കുര്യാച്ചന്റെ വീട്ടിലെത്തിക്കും. കുര്യാച്ചൻ എട്ടാം ക്ലാസ് വരെയേ പഠിച്ചിട്ടുള്ളൂ. ഭാര്യ പഴയ ടൈപ്പ്റൈറ്റിങ് ഹയർ പഠിച്ചിട്ടുണ്ട്. കുറേനാൾ ഒരു വക്കീലാപ്പീസിൽ ജോലിയുണ്ടായിരുന്നു. ഓഫീസിൽ കമ്പ്യൂട്ടർ വന്നപ്പോൾ കുര്യാച്ചന്റെ ഭാര്യ ലീലാമ്മ ആ ജോലി നിർത്തി. മാഷിന്റെ സ്കൂട്ടർ കുര്യാച്ചന്റെ വീട്ടുപടിക്കലെത്തി. കോളിങ് ബെല്ലടിച്ചു. കുര്യാച്ചന് രണ്ട് ആൺമക്കളാണ്. മൂത്ത മകൻ ബഹ്റൈനിലാണ്. താഴെയുള്ളവൻ ഡിഗ്രിക്ക് പഠിക്കുന്നു. ഇളയമകൻ വന്ന് വാതിൽ തുറന്നു. അലക്ഷ്യമായ വസ്ത്രധാരണം. മുടി ചീകിയിട്ടില്ല, കഴുത്തിൽ പാമ്പ് ചുറ്റിയ പോലെ നെക്ക് ബാൻഡ്. കുര്യൻ മാഷ് പഠിപ്പിച്ച കുട്ടിയാണെങ്കിലും അവന്റെ മുഖത്തെ നിസ്സംഗഭാവം അദ്ദേഹത്തെ അമ്പരപ്പിച്ചു. “മാഷാണോ, കയറിയിരിക്കൂ... മമ്മീ ദാ... കുര്യൻമാഷ്” ഈ അറിയിപ്പോടെ അവൻ മുറിയിലേക്ക് വലിഞ്ഞു. കതക് വലിയ ശബ്ദത്തോടെ അടഞ്ഞത് മാഷ് ശ്രദ്ധിച്ചു.

ഒരു മിനിറ്റെടുത്തില്ല കുര്യാച്ചന്റെ ഭാര്യയെത്തി. നനഞ്ഞ കൈ നെറ്റിയിൽ തുടച്ചുകൊണ്ടായിരുന്നു വരവ്. പിന്നാലെ കുളിച്ച ശേഷം തലതോർത്തിക്കൊണ്ട് കുര്യാച്ചനെത്തി. “ഞാനിപ്പം കാപ്പിയെടുക്കാം മാഷേ, ഇത്തിരി അപ്പോം ഇറച്ചിക്കറിയുമുണ്ട് എടുക്കട്ടെ?” ലീലാമ്മയുടെ ചോദ്യത്തിന് കുര്യൻ മാഷ് തലയാട്ടി സമ്മതം മൂളി.

കുര്യാച്ചൻ പറഞ്ഞു തുടങ്ങി, “ഞാൻ മാഷിനെ കാണാനിരിക്കുവായിരുന്നു. രണ്ടാമത്തവന് കാർ വാങ്ങണമെന്നു നിർബന്ധം. കാർ വാങ്ങിച്ചാൽ വീട്ടിലേക്ക് കയറ്റാൻ വഴിയുണ്ടോ? കയ്യാലയിടിയിക്കുമ്പോൾ നാല് ഒന്നാന്തരം കുരുമുളക് വള്ളിയങ്ങു പോകും. എന്നാ ചെയ്യാനാ അവന്റെ ആഗ്രഹമല്ലേ?” മാഷ് അതുകേട്ട് ചിരിച്ചു. നട്ടുനനച്ചുവളർത്തുന്ന ഒരു കുരുമുളക് ചെടി പോകുമ്പോൾ കുര്യാച്ചന്റെ ഉള്ളുരുകും. പക്ഷേ ആ അധ്വാനത്തെക്കുറിച്ച് അറിയാത്ത മക്കൾക്ക് അതുവല്ലതുമൊരു കാര്യമാണോ?

കുര്യൻ മാഷിനായുള്ള വിഭവങ്ങൾ മേശപ്പുറത്തെത്തി. നല്ല കറി. നല്ല അപ്പം. ഇന്നു രാത്രി ഭക്ഷണമില്ല കുര്യൻ മാഷ് മനസിൽ കുറിച്ചു. പോരാനിറങ്ങുമ്പോൾ ഗൾഫിലുള്ള മൂത്തമകനോട് സൗകര്യം പോലെ ഒന്ന് വിളിക്കാൻ മാഷ് പറഞ്ഞു. ഏതായാലും കുര്യാച്ചന്റെ മകൻ ഗൾഫിൽനിന്ന് അന്നുരാത്രി തന്നെ കുര്യൻ മാഷിനെ വിളിച്ചു.

### മക്കൾക്കായുള്ള പ്രാർത്ഥന പാഴാവില്ല

ഗൾഫിലുള്ള കുര്യാച്ചന്റെ മൂത്തമകനോട് മാഷ് അനുജനെക്കുറിച്ചുള്ള സംശയങ്ങൾ പങ്കുവച്ചു. കുര്യാച്ചനും ലീലാമ്മയ്ക്കും തീർത്തും പരിചിതമല്ലാത്ത ലോകത്തിലാണോ അവൻ ജീവിക്കുന്നതെന്ന് നിരീക്ഷിക്കാൻ കുര്യൻ മാഷ് നിർദേശിച്ചു. ആ ഗ്രാമത്തിലെ പോലീസ് സ്റ്റേഷനിലെ സി.പി.ഒയെ കുര്യാച്ചന്റെ മൂത്തമകൻ വിളിച്ച് അനുജനെ കുറിച്ചുള്ള വിവരങ്ങൾ തിരക്കാൻ നിർദേശിച്ചു. ഏതായാലും ഒരു കർഷകകുടുംബം ചവിട്ടിനിൽക്കുന്ന മണ്ണിൽ ചവിട്ടിനിൽക്കാതെ പുതിയ മോഹങ്ങളുടെ പൂത്തിരി കത്തിക്കാനുള്ള പൊടുന്നനെയുള്ള ആഗ്രഹങ്ങളും, വൃത്തിയില്ലായ്മയും, വീട്ടിൽ മാതാപിതാക്കളോട് തട്ടിക്കയറുന്നതുമെല്ലാം അനുജന്റെ സ്ഥിരം ജീവിതചര്യയാണെന്നറിഞ്ഞതോടെ ആ പ്രിയ സഹോദരൻ ലീവ് എടുത്ത് നാട്ടിലെത്തി. കുര്യൻമാഷ് നൽകിയ സൂചനകളുടെ അടിസ്ഥാനത്തിൽ, ലഹരിയുടെ പുതിയ വേലിയേറ്റത്തിലേക്ക് കുതിക്കാനൊരുങ്ങിനിന്ന അനുജനെ തിരികെ നന്മയുടെയും സ്നേഹത്തിന്റെയും ലോകത്തിലേക്ക് മടക്കിക്കൊണ്ടുവരുവാൻ ആ കുടുംബത്തിന് കഴിഞ്ഞു. കുര്യാച്ചനും ലീലാമ്മയും ആ മകനെ നേടാൻ ചൊല്ലിത്തീർത്ത ജപമാലകൾക്ക് കണക്കില്ല. ആ ജപമാലകൾ പാഴായില്ല.

### ഓരോ ക്രൈസ്തവനും സജീവമാകണം

കുര്യൻ മാഷ് സ്കൂളിൽ നിന്ന് റിട്ടയർ ചെയ്യുന്നതിന് മുമ്പേ മതാധ്യാപകനായിരുന്നു. താൻ പഠിപ്പിച്ചുവിട്ട ഇടവകയിലെ ഒരു കുട്ടിപോലും തിന്മയുടെ വഴികളിലേക്ക് പാളിപ്പോകാതിരിക്കാൻ അദേഹം സദാജാഗരൂകനാണ്. കേരളാ കത്തോലിക്കാ മെത്രാൻ സമിതി മയക്കുമരുന്ന് വ്യാപനത്തിനെതിരെ പുറത്തിറക്കിയ സർക്കുലറിൽ നിന്ന് ഒരു ഭാഗം ഇവിടെ ഉദ്ധരിക്കാം: മതാധ്യാപകർക്ക് മയക്കുമരുന്ന് വ്യാപനത്തിനെതിരെ വളരെയേറെ പ്രവർത്തിക്കാനുണ്ട്. മുതിർന്ന വേദപാഠക്ലാസുകളിലെ വിദ്യാർത്ഥികളുമായി സംവദിക്കാനും അവരെ അടുത്തു മനസിലാക്കി ആവശ്യമെങ്കിൽ തിരുത്താനും മതാധ്യാപകർ തയ്യാറാകണം. കുര്യൻ മാഷിനെ പോലെ പഠിപ്പിച്ചുവിട്ട വിദ്യാർത്ഥികളോടൊപ്പം അവർ പോലും അറിയാതെ ഹൃദയംകൊണ്ട് അവരെ പിന്തുടരാൻ മതാധ്യാപകർ മാത്രമല്ല, ഓരോ വിശ്വാസിയും സന്നദ്ധരാകണം. ആ സന്നദ്ധതയായിരിക്കും കെസിബിസിയുടെ ഒരു വർഷം നീളുന്ന സജീവം എന്നു പേരിട്ട ക്യാംപെയിൻ വിജയത്തിലെത്തിക്കുക യെന്നത് ക്രൈസ്തവരായ നാം തിരിച്ചറിയണം.


## പാവനസ്മരണയ്ക്ക്

39-ാം ചരമവാർഷികം 2-ാം ചരമവാർഷികം



കുര്യൻ — മരണം: 18 – 11 – 1983

അന്നമ്മ കുര്യൻ — മരണം: 12 – 11 – 2020

കുമ്പളാങ്കൽ, മരഞ്ചാട്ടി

സ്നേഹസ്മരണകളോടെ

മക്കൾ, മരുമക്കൾ, കൊച്ചുമക്കൾ

## ഓർമ്മയിൽ 11 വർഷം

(13-12-2022)



ചെറിയാൻ പാലക്കിയിൽ

അങ്ങാടിപ്പുറം, പെരിന്തൽമണ്ണ

ജനനം: 12-12-1952 മരണം: 13-12-2011

ദുഃഖാർദ്രരായ കുടുംബാംഗങ്ങൾ

## 25-ാം ചരമ വാർഷികം

(21-12-2022)



സൂണ പി ചാക്കോ

പടന്നമാക്കൽ (സ്നേഹാലയം)

എരവിമംഗലം, പെരിന്തൽമണ്ണ

പ്രാർത്ഥനയോടെ കുടുംബാംഗങ്ങൾ

# നിഷ്കളങ്കതയുടെ ആൾരൂപം:

## ഫാ. ദേവസ്യ വലിയപറമ്പിൽ

സദാ നിഷ്കളങ്കമായ പുഞ്ചിരി, ഏറെ ഹൃദ്യമായ സംസാരം, ഹൃദയഹാരിയായ പെരുമാറ്റം എന്നീ പ്രത്യേകതകളാൽ ഏവരുടേയും മനംകവർന്ന വ്യക്തിത്വമാണ് ഫാ. ദേവസ്യ വലിയപറമ്പിൽ. ദാരിദ്ര്യത്തെ ഹൃദയംകൊണ്ട് പ്രണയിച്ചവൻ, ലളിത ജീവിതത്തെ അഭിമാനമായി കണ്ടവൻ, എല്ലാവിധ ആർഭാടങ്ങളും അനിഷ്ടമായി കരുതിയവൻ, സൗമ്യവും ശാന്തവുമായ പ്രകൃതം. പൗരോഹിത്യ കാലമത്രയും പുരോഹിത വസ്ത്രത്തെ വലിയ അഭിമാനമായി കണ്ടു. ളോഹ ധരിച്ചുകൊണ്ടുമാത്രമേ അച്ചൻ യാത്രകൾ നടത്തിയിരുന്നുള്ളു.



സ്വന്തം കാര്യങ്ങൾക്കായി ആരെയും ബുദ്ധിമുട്ടിക്കാതെ ജീവിച്ച ദേവസ്യാ അച്ചന്റെ മൃതസംസ്കാരദിനം ഒരു ഹർത്താൽ ഉണ്ടായിരുന്നതിനാൽ വലിയ ആൾക്കൂട്ടങ്ങളിൽ നിന്നും എന്നും മാറി നിന്നവൻ തന്റെ മടക്കയാത്രയിലും ആരെയും ഭാരപ്പെടുത്താതെ കടന്നുപോയി.

സംഭാഷണത്തിൽ നർമ്മം കലർത്തി മറ്റുള്ളവരെ സദാ സന്തോഷഭരിതരാക്കുവാൻ അച്ചൻ എപ്പോഴും ശ്രദ്ധിച്ചിരുന്നു. വലിയ പ്രകൃതിസ്നേഹി ആയിരുന്നതിനാൽ കാനന സന്ദർശനം ഏറെ ഹരമായിരുന്നു. കാണുന്നതും കേൾക്കുന്നതും എല്ലാം കുറിച്ചു വയ്ക്കുകയും പിന്നീടത് കവിതകളായി രൂപപ്പെടുത്തുകയും ചെയ്തിരുന്നു. അത്തരം തെരഞ്ഞെടുത്ത കവിതകൾ പലപ്പോഴും താമരമൊട്ടുകളിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

1932 ജൂൺ 17 ന് ചങ്ങനാശ്ശേരി അതിരൂപതയിലെ കിടങ്ങറ വലിയപറമ്പിൽ തോമസ് –കത്രീന ദമ്പതികളുടെ ഏഴ് മക്കളിൽ രണ്ടാമനായി ജനനം. സ്കൂൾ വിദ്യാഭ്യാസം കിടങ്ങറയിലും നെല്ലിയനാടും പൂർത്തിയാക്കിയശേഷം ചങ്ങനാശ്ശേരി രൂപതയിൽ മൈനർ സെമിനാരി പഠനം ആരംഭിച്ചു. ആലുവ സെന്റ് ജോസഫ് പൊന്തിഫിക്കൽ മേജർ സെമിനാരിയിൽ തത്വശാസ്ത്ര, ദൈവശാസ്ത്ര പഠനങ്ങൾ പൂർത്തിയാക്കി. അവിഭക്ത തലശ്ശേരി രൂപയ്ക്ക് വേണ്ടി 1964 ഡിസംബർ ഒന്നിന് മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി പിതാവിൽ നിന്ന് വൈദിക പട്ടം സ്വീകരിച്ചു. തലശ്ശേരി, മാനന്തവാടി, താമരശ്ശേരി രൂപതകളിലായി കണിച്ചാർ, സുൽത്താൻബത്തേരി, മാനന്തവാടി, ചെറുകാട്ടൂർ എന്നീ ഇടവകകളിൽ അസിസ്റ്റന്റ് വികാരിയായും കല്ലുവയൽ, വഞ്ഞോട്, വിളക്കന്നൂർ, പരപ്പ, കല്ലുരുട്ടി, ഊരകം, വാലില്ലാപുഴ, മണിപ്പാറ, കൊന്നക്കാട്, കുപ്പായകോട്, കാളികാവ്, വാണിയമ്പലം, പന്തല്ലൂർ, പയ്യനാട്, നെന്മേനി എന്നീ ഇടവകകളിൽ വികാരിയായും സേവനം ചെയ്തു.

കുടിയേറ്റത്തിന്റെ ആദ്യനാളുകളിൽ അസൗകര്യങ്ങൾ മാത്രം കൈമുതലായുണ്ടായിരുന്ന ഇടവകകളിൽ തന്റെ ശക്തമായ നേതൃത്വവും കഠിനാധ്വാനവും കൊണ്ട് ഇടവക ജനത്തെ മുന്നോട്ടു നയിക്കുവാൻ അച്ചന് സവിശേഷമായൊരു കഴിവുണ്ടായിരുന്നു. സേവനം ചെയ്ത ഇടവകകളിലെല്ലാം സെമിത്തേരി വൃത്തിയായി സൂക്ഷിക്കാൻ ശ്രദ്ധിച്ചു. ഇടവകയിൽ നിന്നും മരിച്ചുപോയവരുടെ ഒരു ലിസ്റ്റ് ഉണ്ടാക്കി പ്രത്യേകം സൂക്ഷിച്ചിരുന്നു. മരിച്ചവരുടെ വീട്ടുകാർ ആവശ്യപ്പെടാതെ തന്നെ മരണപ്പെട്ടവർക്കായി കുർബാന ചൊല്ലി പ്രാർത്ഥിക്കുന്ന ശീലം അച്ചന്റെ ഒരു വലിയ പ്രത്യേകതയായിരുന്നു. പ്രീസ്റ്റ് ഹോമിൽ വിശ്രമ ജീവിതത്തിനായി വന്നിട്ടും മരണപ്പെട്ട തന്റെ ജനത്തെ ഓർത്ത് പ്രാർത്ഥിക്കുന്ന പതിവ് അച്ചൻ തുടർന്നു. ദിനപ്പത്രം കയ്യിലെടുത്താൽ ആദ്യം വായിക്കുക ചരമകോളം ആണ്. അതിൽ തന്റെ ഇടവകക്കാരും പരിചയക്കാരും ഉണ്ടെങ്കിൽ അവർക്കായി പ്രാർത്ഥിച്ച ശേഷം മറ്റു കാര്യങ്ങൾ.

രോഗികളുടെയും മരണാസന്നരുടെയും സഹയാത്രികനായ വൈദികൻ. രോഗം വന്നാൽ സഭയിലെ ശ്രേഷ്ഠനെ വിളിക്കുക. അവൻ നിനക്കായി പ്രാർത്ഥിക്കട്ടെ എന്ന വചനഭാഗം ആണ് ദേവസ്യാച്ചനെ രോഗികളുടെ പക്കലേക്കു ആകർഷിച്ചിരുന്നത്. ദേവസ്യാച്ചനും പ്രീസ്റ്റ് ഹോമിൽ ആയിരുന്നപ്പോൾ രോഗം കലശലാകുന്ന വേളകളിൽ എല്ലാം അഭിവന്ദ്യ മെത്രാനെ വിളിച്ച് രോഗീലേപനം സ്വീകരിക്കുന്ന പതിവുണ്ടായിരുന്നു. അപ്രകാരം പലപ്പോഴായി മൂന്നു തവണ അച്ചൻ റെമീജിയോസ് പിതാവിൽനിന്ന് രോഗീലേപനം സ്വീകരിച്ചിട്ടുണ്ട്.


ദേവസ്യാച്ചൻ ആത്മീയ കാര്യങ്ങളിൽ കർക്കശക്കാരനും തികഞ്ഞ ജപമാല ഭക്തനും ആയിരുന്നു. ഇടവകാശുശ്രൂഷകളിൽനിന്നു വിരമിച്ചിട്ടും ഫോൺ വഴിയായും സന്ദർശനം വഴിയായും തന്റെ ജനത്തെ അച്ചൻ അവസാനശ്വാസംവരെ സ്നേഹിച്ചിരുന്നു. കുമ്പസാരവും പ്രാർത്ഥനയും ആശീർവാദവും സ്വീകരിക്കുവാൻ ഒത്തിരി ആളുകൾ അച്ചനെ തേടി വരാറുണ്ടായിരുന്നു.

ദേവസ്യാച്ചന് അസുഖം വന്നാൽ സാധാരണഗതിയിൽ സ്വയം ചികിത്സയാണ്. അതുകഴിഞ്ഞാൽ ആയൂർവേദം. ഇംഗ്ലീഷ് മരുന്നുകളോട് വിരക്തി ആയിരുന്നു. അച്ചൻ നവതിയുടെ നിറവിൽ ആയിരിക്കെയാണ് നിത്യത പ്രാപിച്ചത്. വാർധക്യസഹജമായ രോഗങ്ങളോടൊപ്പം ന്യൂമോണിയ ബാധിച്ചു ചികിത്സയിലിരിക്കെ ആശുപത്രിയിൽ വച്ച് 2022 സെപ്റ്റംബർ 22ന് നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു.

*തയ്യാറാക്കിയത്:*

**ഫാ. തോമസ് ചുവപ്പുങ്കൽ**





# കണ്ണോത്ത് സെന്റ് മേരീസ് ദേവാലയത്തിൽ

## പരിശുദ്ധ അമലോത്ഭവ മാതാവിന്റെയും വിശുദ്ധ സെബസ്ത്യാനോസിന്റെയും

# തിരുനാൾ മഹോത്സവം

## കുടിയേറ്റത്തിന്റെ 80–ാം വാർഷികവും ഇടവക സ്ഥാപനത്തിന്റെ പ്ലാറ്റിനം ജൂബിലി സമാപനവും

### 2022 നവംബർ 30 ബുധനാഴ്ച മുതൽ ഡിസംബർ 8 വ്യാഴാഴ്ച വരെ





ഫാ. അഗസ്റ്റിൻ ആലുങ്കൽ

കണ്ണോത്ത് ഇടവക ഇന്ന് ജൂബിലിയുടെ നിറവിലാണ്. കുടിയേറ്റത്തിന്റെ 80–ാം വാർഷികവും ഇടവക സ്ഥാപനത്തിന്റെ 75–ാം വാർഷികവും സംയുക്തമായി ആചരിക്കുന്നു. ദൈവാനുഗ്രഹത്തിന്റെ വർഷങ്ങളാണ് കടന്നു പോയത്. ഇടവകയ്ക്ക് ശക്തമായ നേതൃത്വം നൽകിയ ജീവിച്ചിരിക്കുന്നവരും മൺമറഞ്ഞുപോയവരുമായ വൈദികരെയും സന്യസ്തരെയും അൽമായ സഹോദരങ്ങളെയും ഈ അവസരത്തിൽ സ്നേഹപൂർവം അനുസ്മരിക്കുന്നു.

1942ൽ തിരുവിതാംകൂറിൽ നിന്ന് സാഹസികരും കൃഷിക്കാരുമായ ഒരുപറ്റം ആളുകൾ കണ്ണോത്ത് പ്രദേശത്തേയ്ക്ക് കുടിയേറി. ബഹു. മൊന്തനാരിയച്ചൻ കണ്ണോത്തും കോടഞ്ചേരിയിലുമുള്ള വിശ്വാസികൾക്ക് വേണ്ടി അമ്പലക്കുന്ന് എന്ന സ്ഥലത്ത് ഷെഡ് കെട്ടി ദിവ്യബലിയർപ്പിച്ചുവന്നിരുന്നു. ബഹു. ജോൺ സെക്യൂറ അച്ചൻ ഓടുമേഞ്ഞ ചെറിയ പള്ളി ഉണ്ടാക്കി. അത് 1947 നവംബർ 23–ാം തീയതി അഭിവന്ദ്യ ആൽഡോ മരിയ പത്രോണി പിതാവ് വെഞ്ചരിച്ചു.

പിന്നീട് ഇന്നു കാണുന്ന, മലബാറിലെ തന്നെ ഏറ്റവും മനോഹരവും വലുതുമായ ദേവാലയം ബഹു. ജേക്കബ് കുന്നപ്പള്ളിലച്ചന്റെ നേതൃത്വത്തിൽ പണിയുകയും അത് 1963 മാർച്ച് 13ന് മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി പിതാവ് വെഞ്ചരിക്കുകയും ചെയ്തു. പള്ളി പണിയുടെ കാലത്താണ് പള്ളിമലയിലുള്ള അത്ഭുത നീരുറവ കാണപ്പെട്ടത്. ഇന്നും ഒത്തിരിയേറെ ഭക്തജനങ്ങൾ ഈ നീരുറവയിൽ വന്ന് ജലം ശേഖരിക്കുകയും രോഗ സൗഖ്യങ്ങൾ പ്രാപിക്കുകയും ചെയ്യുന്നു.

ഇടവകയുടെ ആരംഭം മുതൽ ഇന്നുവരെ ഇരുപത്തിയേഴോളം വികാരിയച്ചന്മാരും മുപ്പതോളം അസി. വികാരിമാരും ഇവിടെ സേവനമനുഷ്ഠിച്ചിട്ടുണ്ട്. ഈ കാലയളവിൽ ഒത്തിരിയേറെ ആത്മികവും ഭൗതികവുമായ നേട്ടങ്ങൾ ഈ പ്രദേശത്തിന് കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. 2018 മുതൽ എല്ലാ മാസവും എട്ടാം തീയതി കണ്ണോത്തമ്മ ദിനമായി ആചരിക്കുന്നു. അന്നത്തെ തിരുക്കർമ്മങ്ങളിൽ പങ്കെടുക്കാൻ ധാരാളം ആളുകൾ വരുകയും അനേകർ കണ്ണോത്തമ്മയുടെ മധ്യസ്ഥതയാൽ അനുഗ്രഹങ്ങൾ പ്രാപിക്കുകയും ചെയ്യുന്നു.

ചെറിയ ഒരു സമൂഹമായി ആരംഭിച്ച കണ്ണോത്ത് ഇടവക ഇന്ന് 650ൽ അധികം കുടുംബങ്ങളായി പന്തലിച്ചു നിൽക്കുന്നു. ജൂബിലിയുടെ നിറവിലായിരിക്കുന്ന കണ്ണോത്തിടവകാ സമൂഹം നവംബർ 30 മുതൽ ഡിസംബർ 9 വരെ ദൈവം കനിഞ്ഞു നൽകിയ അനുഗ്രഹങ്ങൾക്ക് കൃതജ്ഞത അർപ്പിക്കുകയാണ്. ഇടവകാംഗങ്ങളോടൊപ്പം ദൈവത്തിന് നന്ദിയർപ്പിക്കാനും കണ്ണോത്തമ്മയുടെ അനുഗ്രഹങ്ങൾ പ്രാപിക്കാനും ഏവരേയും ജൂബിലിയാഘോഷങ്ങളിലേയ്ക്കും തിരുനാൾ തിരുക്കർമ്മങ്ങളിലേയ്ക്കും സ്നേഹപൂർവം ക്ഷണിക്കുന്നു.

## ആശംസ



കണ്ണോത്ത് സെന്റ് മേരീസ് ഇടവക സ്ഥാപിതമായിട്ട് 75 വർഷങ്ങളും കുടിയേറ്റത്തിന്റെ 80 വർഷങ്ങളും ഒന്നിച്ച് ആഘോഷിക്കപ്പെടുന്ന ഈ അവസരത്തോടനുബന്ധിച്ച് ഒരു പ്രത്യേകപതിപ്പ് പ്രസിദ്ധീകരിക്കുന്നുവെന്നറിയുന്നതിൽ സന്തോഷം. തലയ്ക്കുമുകളിൽ ആകാശം മാത്രം നിന്നപ്പോഴും സ്വന്തം കൂര തീർക്കുന്നതിനുമുമ്പ് ദൈവാലയം തീർത്ത് ജീവിതം ആരംഭിച്ച കുടിയേറ്റ പിതാക്കന്മാരുടെ സുകൃതജീവിതത്തിന്റെ ബഹിർസ്ഫുരണങ്ങളാണ് കണ്ണോത്ത് ഇടവകയിലെ ദൈവജനത്തിലും കാണാൻ കഴിയുന്നത്. കണ്ണോത്ത് ഇടവകയിൽ സേവനം ചെയ്ത ബഹു. വൈദികരെയും സമർപ്പിതരെയും പ്രത്യേകമായി നമുക്കോർക്കാം. മൺമറഞ്ഞുപോയ നമ്മുടെ പൂർവ്വികരെ ഹൃദയത്തോട് ചേർത്ത് സ്മരിക്കാം. ഈ കൂട്ടായ്മയും ദൈവികപരിപാലനയിലുള്ള ആശ്രയത്വവും, ഉറച്ച വിശ്വാസവും നിലനിർത്തി കണ്ണോത്ത് ഇടവകസമൂഹത്തിന് ഇനിയും വളരാൻ സാധിക്കട്ടെ എന്നു ഞാൻ പ്രാർത്ഥിക്കുന്നു. ഇടവക സമൂഹത്തെ മുഴുവൻ ഒറ്റക്കെട്ടായി നയിക്കുന്ന ബഹു. വികാരിയച്ചനും കൈക്കാരന്മാർക്കും കമ്മറ്റി അംഗങ്ങൾക്കും, എല്ലാ ഇടവകക്കാർക്കും പ്രത്യേകം അഭിനന്ദനങ്ങൾ! പ്ലാറ്റിനം ജൂബിലിയും കുടിയേറ്റത്തിന്റെ എൺപത് വർഷങ്ങളും ആഘോഷിക്കുന്ന കണ്ണോത്ത് ഇടവകയ്ക്ക് എല്ലാവിധ ആശംസകളും പ്രാർത്ഥനകളും നേരുന്നു. കുടിയേറ്റ പിതാക്കന്മാരെ നമ്മുടെ ഹൃദയത്തിൽ പ്രതിഷ്ഠിച്ച് പ്രാർത്ഥിക്കാം, അവരുടെ മാദ്ധ്യസ്ഥ്യം നമുക്ക് തേടാം.

ഈശോയിൽ സ്നേഹപൂർവ്വം,
**മാർ റെമീജിയോസ് ഇഞ്ചനാനിയിൽ**
(താമരശ്ശേരി രൂപതയുടെ മെത്രാൻ)

## തിരുനാൾ പരിപാടികൾ

### 30–11–2022 ബുധൻ (ജൂബിലി ദിനം)

6.30 am: വി. കുർബാന
4.00 pm: അഭിവന്ദ്യ പിതാവിന് സ്വീകരണം
4.15 pm: തിരുനാൾ കൊടിയേറ്റ്
4.30 pm: ആഘോഷമായ വി. കുർബാന
**മാർ റെമീജിയോസ് ഇഞ്ചനാനിയിൽ**
(താമരശ്ശേരി രൂപതയുടെ മെത്രാൻ)
● പ്രായമായവരെ ആദരിക്കൽ ● പൊതുസമ്മേളനം
● കലാപരിപാടികൾ ● സ്നേഹവിരുന്ന്

### 1–12–2022 വ്യാഴം (പരേതരുടെ ഓർമ്മദിനം)

6.30 am: വി. കുർബാന
4.30 pm: വി. കുർബാന, നൊവേന, സിമിത്തേരി സന്ദർശനം
**വെരി. റവ. ഫാ. കുര്യാക്കോസ് ഐക്കൊളമ്പിൽ**
(റെക്ടർ, മരിയൻ തീർത്ഥാടന കേന്ദ്രം, കോടഞ്ചേരി)

### 2–12–2022 വെള്ളി

6.30 am: വി. കുർബാന
4.30 pm: വി. കുർബാന, നൊവേന
**റവ. ഫാ. തോമസ് പുതിയാപറമ്പിൽ**
(വികാരി, തിരുഹൃദയ ചർച്ച്, മുക്കം)

### 3–12–2022 ശനി

6.30 am: വി. കുർബാന
4.30 pm: വി. കുർബാന, നൊവേന
**റവ. ഫാ. ജേക്കബ് അരീത്തറ**
(റെക്ടർ, അൽഫോൻസ സെമിനാരി, താമരശ്ശേരി)

### 4–12–2022 ഞായർ

6.30 am: വി. കുർബാന
4.00 pm: റാസ കുർബാന, നൊവേന
**റവ. ഫാ. ജോസഫ് താണ്ടാംപറമ്പിൽ**
(വികാരി, സെന്റ്. സെബാസ്റ്റ്യൻസ് ചർച്ച്, പുന്നക്കൽ)
**റവ. ഫാ. മാത്യു തെക്കേക്കരമറ്റത്തിൽ**
(അസി. ഡയറക്ടർ, ബഥാനിയ ധ്യാനകേന്ദ്രം, പുല്ലൂരാംപാറ)
**റവ. ഫാ. ജോർജ് പുരയിടത്തിൽ**
(അസി. വികാരി, തിരുഹൃദയ ചർച്ച്, തിരുവമ്പാടി)

### 5–12–2022 തിങ്കൾ

6.30 am: വി. കുർബാന
4.30 pm: വി. കുർബാന, നൊവേന
**റവ. ഫാ. തോമസ് ചക്കിട്ടമുറിയിൽ**
(വികാരി, സെന്റ് ജോർജ് ചർച്ച്, ചമൽ)

### 6–12–2022 ചൊവ്വ

6.30 am: വി. കുർബാന
4.30 pm: ആഘോഷമായ വി. കുർബാന
**റവ. ഫാ. സെബാസ്റ്റ്യൻ പുളിക്കൽ**
(ഡയറക്ടർ, ബഥാനിയ ധ്യാനകേന്ദ്രം, പുല്ലൂരാംപാറ)
5.45 pm: പ്രദക്ഷിണം കളപ്പുറം കുരിശുപള്ളിയിലേക്ക് ലദീഞ്ഞ്, വചന സന്ദേശം

### 7–12–2022 ബുധൻ

6.30 am: വി. കുർബാന
3.00 pm: തിരുസ്വരൂപ പ്രതിഷ്ഠ
4.30 pm: ആഘോഷമായ തിരുനാൾ പാട്ടുകുർബാന,
പ്രസംഗം: **റവ. ഫാ. ജോസുകുട്ടി അന്തീനാട്ട്**
(വികാരി, സെന്റ്. മേരീസ് ചർച്ച്, കൂരോട്ടുപാറ)
6.30 pm: ലദീഞ്ഞ്, പ്രദക്ഷിണം (ടൗൺ പന്തലിലേക്ക്)
8.00 pm: വാദ്യമേളങ്ങൾ

### 8–12–2022 വ്യാഴം

6.30 am: വി. കുർബാന
10.30 am: ആഘോഷമായ തിരുനാൾ പാട്ടുകുർബാന
**വെരി. റവ. മോൺ. ജോൺ ഒറവുങ്കര**
(വികാരി ജനറാൾ, താമരശ്ശേരി രൂപത)
12.00 pm: ലദീഞ്ഞ്, പ്രദക്ഷിണം
12.30 pm: സമാപനാശീർവാദം



സജി പുതിയവീട്ടിൽ
(കൈക്കാരൻ)



സോണി മണ്ണൂർ
(കൈക്കാരൻ)



മാത്യു ചെമ്പോട്ടിക്കൽ
(കൈക്കാരൻ)



തോമസ് ഇടപ്പാട്ട്
(കൈക്കാരൻ)



സെബാസ്റ്റ്യൻ കല്ലറക്കൽ
(ദേവാലയ ശുശ്രൂഷി)

പ്രാർത്ഥനാശംസകളോടെ...

Aash MEDICALS
ഇംഗ്ലീഷ്,ആയുർവേദ, വെറ്റിനറി മരുന്നുകൾക്ക്

SAINTS

മാതാ ഫൈനാൻസിയേഴ്സ്
അടിവാരം, കോടഞ്ചേരി,
ഓമശ്ശേരി–തിരുവമ്പാടി

TODAY FINCORP
ഈങ്ങാപ്പുഴ, തിരുവമ്പാടി
ഗോൾഡ് ലോൺ, വെഹിക്കിൾ ലോൺ, വെഹിക്കിൾ ഇൻഷൂറൻസ്

സെന്റ് ആന്റണീസ്
ഹൈസ്കൂൾ, കണ്ണോത്ത്
സ്റ്റാഫ് & പിടിഎ

സെന്റ് ആന്റണീസ്
യു പി സ്കൂൾ, കണ്ണോത്ത്
സ്റ്റാഫ് & പി ടി എ

F. C. കോൺവെന്റ്,
കണ്ണോത്ത്
സുപ്പീരിയർ & കമ്മ്യൂണിറ്റി

S. D. കോൺവെന്റ്,
കണ്ണോത്ത്
സുപ്പീരിയർ & കമ്മ്യൂണിറ്റി

വെള്ളയിൽ ആന്റണി
& ഫാമിലി
കണ്ണോത്ത്

കരേക്കുടിയിൽ ജോയി
& ഫാമിലി
കണ്ണോത്ത്

കാരക്കാട്ട് മാത്യു
& ഫാമിലി
കണ്ണോത്ത്

പുത്തൻപുരയ്ക്കൽ
ആൽബിൻ ബേബി
& ഫാമിലി, കണ്ണോത്ത്

**NB: ഡിസംബർ 7, 8 തീയ്യതികളിൽ കഴുന്ന് എടുക്കുന്നതിനും അടിമവയ്ക്കുന്നതിനും നേർച്ചകാഴ്ചകൾ സമർപ്പിക്കുന്നതിനും സൗകര്യം ഉണ്ടായിരിക്കും.**

Printed and Published by Fr. Benny Alex Karackatt on behalf of Diocese of Thamarassery and printed at Roshni Publications (P) Ltd, Calicut-12 and published at PMOC, Marikkunnu, Calicut-12. Editor: Fr. Manoj Kollamparambil